ജൂൺ 2020

Price ₹ 25

# ജീവനും വെളിച്ചവും



## കോവിഡ്–19 അനിവാര്യമാക്കിയ വിദ്യാഭ്യാസ പരിഷ്കാരം



2020

**10 % Fee Waiver for all Courses**

ഈ ആനുകൂല്യം പരിമിതകാലത്തേയ്ക്ക് മാത്രം

**0471 2333607, 9847119635**

**PSC നിയമനത്തിന് കേരള ഗവൺമെന്റ് അംഗീകൃതകോഴ്സുകൾ**

- **PGDCA** - Post Graduate Diploma In Computer Application (1 Year)
- **ADCTT** - Advanced Diploma In Computer Teacher Training (1 year)
- **DCA** - Diploma in Computer Application (6 Months)
- **DCFM with Tally Pro** - Diploma in Computer Final Management
- **DDTP** - Diploma in Desktop Publishing



National Skill Development Co-operation Registered Training Centre (IR00001186)

SPECIAL BATCHES FOR EMPLOYEES, STUDENT- MORNING, EVENING AND SATURDAYS

ADMISSION STARTED FOR NEW BATCHES
FEES CONSITION FOR BPL, SC, ST

# ST.XAVIER'S COMPUTER CENTRE

C-DIT Educational Parter (Govt. of Kerala)

Near St: Joseph's Cathedral, Vikas Bhavan P.O., Palayam, Trivandrum - 33

E-mail : admin@stxavierscomputercentre.in.
web : www.stxavierscomputercentre.in

N·S·D·C National Skill Development Corporation — Transforming the skill landscape

An Initiative of Trivandrum Social Service Society

Skill India

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2020 ജൂൺ
പുസ്തകം - 44 ലക്കം - 6
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസണ്‍ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ




# കോവിഡ്-19 അന്വേഷണത്തിന്റെ പുത്തൻ പാഠങ്ങൾ

അറിവ്, വ്യവസ്ഥാപിത മാർഗങ്ങളിൽ നിന്നും അന്വേഷണത്തിന്റെയും കണ്ടെത്തലുകളുടെയും ജ്ഞാനത്തിന്റെയും അനുഭവത്തിന്റെയും തലത്തിലേക്ക് ഉയരുകയാണ്. $(a+b)^2$ ഇക്വൽസ് $a^2+b^2+ab$ എന്ന സാങ്കേതികതയിൽ നിന്ന് അക്കങ്ങൾക്കും അക്ഷരങ്ങൾക്കും അപ്പുറത്തെ പുതിയ പന്ഥാവിലേക്ക് നീങ്ങുകയാണ്. ആൽബർട്ട് ഐൻസ്റ്റീൻ 1938 - ൽ തന്റെ മകൾക്കെഴുതിയ കത്തിൽ പറഞ്ഞത്, ശാസ്ത്രം കണ്ടെത്താത്ത ഒരു വലിയ ശക്തി ലോകത്തുണ്ടെന്നാണ്. കോവിഡ്-19 ആ വഴിയിലേക്കുള്ള അന്വേഷണത്തിന്റെ വഴിതുറക്കുകയാണ്. കോവിഡ് സൃഷ്ടിച്ച രാജ്യരാജ്യാന്തരങ്ങളിലെ അടച്ചുപൂട്ടൽ അറിവിന്റെയും അന്വേഷണത്തിന്റെയും പുത്തൻ വഴികൾ തുറക്കുകയാണ്. അടുത്തിരുന്ന് അപ്പനോടും അമ്മയോടും സഹോദരങ്ങളോടും ഇടപഴകാനും ചെടികളോടും മണ്ണിനോടും ഭൂമിയോടും ഇഴചേരാനും ലഭിക്കുന്ന ഈ അവസരം അസുലഭമാണ്. വെർച്വൽ യുഗം തുറന്നുവയ്ക്കുന്ന യാന്ത്രികതയ്ക്കപ്പുറം യാഥാർഥ്യങ്ങളെ അടുത്തറിയാൻ;മാത്സര്യത്തിന്റെയും, കാപഠ്യത്തിന്റെയും പഴയ ശൈലികളെ പിഴുതെറിയാനും പാരസ്പര്യത്തിന്റെയും സഹാനുഭൂതിയുടെയും കരുണയുടെയും സ്നേഹത്തിന്റെയും ലോകം തുറക്കുവാനുള്ള അവസരമാണ്. സഹപാഠികളിൽ നിന്നും, അധ്യാപകരിൽ നിന്നും, ക്ലാസ് മുറികളിൽ നിന്നും അകലം സൃഷ്ടിക്കുമ്പോൾ പുതിയൊരു ബന്ധത്തിലേക്കുള്ള വഴിതുറക്കണം.

ആശയങ്ങളുടെയും തത്വങ്ങളുടെയും കെട്ടുകളിൽ നിന്നും ജീവിതത്തിലേക്കും ജീവിത മൂല്യങ്ങളിലേക്കും സാഹോദര്യത്തിന്റെയും, സൗഹൃദത്തിന്റെയും പൊരുളറിയാനും ആഴം തേടാനുമാകണം.

ഉല്പാദിപ്പിച്ച്, തിന്ന് തിമിർത്ത്, വലിച്ചെറിയുന്ന സംസ്കാരം പാടേ ഉപേക്ഷിച്ച്, കരുതലിന്റെയും കനിവിന്റെയും സഹവർത്തിത്വത്തിന്റെയും ഒരു പുത്തൻ ലോകം തുറക്കാൻ, പുത്തൻ സാധ്യതകളുണർത്തുന്നതിന് പുതിയ അധ്യയനവർഷം വഴിതുറക്കട്ടെ!

പുതിയ അധ്യയനവർഷത്തിൽ എല്ലാ ഭാവുകങ്ങളും ആശംസകളും അനുഗ്രഹങ്ങളും നേരുന്നു.

- പത്രാധിപർ

# പ്രതികരണങ്ങൾ




## ജീവനും വെളിച്ചവും കടമ മറക്കരുത്

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ജീവനും വെളിച്ചവും മാസികയെ രണ്ടുമാസമായി കാണ്മാനില്ല! ഈസ്റ്റർ വിശേഷങ്ങളും വിശിഷ്ട വിഭവങ്ങളുമായി ഏപ്രിൽ മാസത്തിലും മാസിക വിരുന്നുവന്നില്ല! വിശുദ്ധവാര തിരുക്കർമ്മങ്ങളും ദിവ്യബലിയും ഒന്നുമില്ലാതെ വീട്ടിലേക്ക് ഒതുങ്ങിക്കൂടിയവർക്ക് പ്രത്യാശ പകരുന്ന സന്ദേശങ്ങൾ നൽകി മാസിക ആശ്വാസവും ആത്മീയധൈര്യവും പകരണമായിരുന്നു. പത്രങ്ങൾക്കും മാസികകൾക്കും സർക്കാർ ലോക്ഡൗൺ പ്രഖ്യാപിച്ചില്ലല്ലോ? മെയ് മാസത്തിലും 'ജീവനും വെളിച്ചവു'മില്ലാത്ത ഇരുട്ടിലാണ് ഞങ്ങൾ.

കോവിഡിനൊപ്പം ദുരിതങ്ങൾ പെയ്തിറങ്ങുന്ന ജൂൺ-ജൂലൈ മാസങ്ങൾ വരവായി. ഈ പഞ്ഞ മാസങ്ങളിൽ മാസിക വിതരണം നടത്തി ആത്മീയ തേജസ് ജ്വലിപ്പിക്കണമെന്നപേക്ഷിക്കുന്നു.

– വിജയമ്മ, പാളയം

## സഹായിക്കുക, സഹകരിക്കുക

കോവിഡ്-19 മഹാമാരിയെ തുടർന്ന് ഇന്ത്യയൊട്ടാകെ പ്രഖ്യാപിച്ച് നടപ്പാക്കിയ ലോക്ഡൗൺ പശ്ചാത്തലത്തിൽ സർക്കാർ നിയന്ത്രണങ്ങളെ തുടർന്ന് ജീവനും വെളിച്ചവും മാസിക 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായില്ല. കൊറോണ എന്ന മഹാമാരിയെ നേരിടാനുള്ള നമ്മുടെ രാജ്യത്തിന്റെയും സർക്കാരിന്റെയും കൂട്ടായ ശ്രമത്തോട് ഐക്യദാർഡ്യം പ്രകടിപ്പിച്ചുകൊണ്ടാണ് 'ജീവനും വെളിച്ചവും' ഇക്കഴിഞ്ഞ രണ്ടുമാസങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചത്. ഇതുമൂലം വായനക്കാർക്കുണ്ടായ ബുദ്ധിമുട്ടുകളിൽ നിർവ്യാജം ഖേദം അറിയിക്കുന്നു.

2020 ജൂൺ ലക്കം മുതൽ 'ജീവനും വെളിച്ചവും' മാസിക വീണ്ടും പ്രസിദ്ധീകരിച്ചുതുടങ്ങുകയാണ്. ജീവനും വെളിച്ചവും മാസികയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും വായനക്കാരുടെയും വിതരണക്കാരുടെയും സഹായസഹകരണങ്ങളും പ്രോത്സാഹനങ്ങളും തുടർന്നും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

**ഫാ. തോമസ് ജെ.നെറ്റോ**
എഡിറ്റർ, ജീവനും വെളിച്ചവും

## എന്തേ ഇത്ര താമസം?

ഓൺലൈൻ ക്ലാസുകളും പരീക്ഷകളും തുടങ്ങി. ബസ് സർവീസും. ഒരുളുപ്പുമില്ലാതെ സർക്കാർ മദ്യക്കച്ചവടവും പൊടിപൊടിക്കുന്നു! എന്നിട്ടും ആരാധനാലയങ്ങൾ തുറക്കാനെന്തേ താമസം? തുറക്കാൻ എന്തുകൊണ്ട് സർക്കാർ അനുമതി നൽകുന്നില്ല. സഭാ പിതാക്കന്മാർ നിവേദനം നൽകി. സർക്കാർ നിയമങ്ങളും നിയന്ത്രണങ്ങളും എല്ലാ മതങ്ങളും അനുസരിച്ചു. ഇനിയും അനുസരിക്കുകയും ചെയ്യും. നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും കോവിഡ് ചട്ടങ്ങൾക്കും കീഴിൽ നിശ്ചിത എണ്ണം വിശ്വാസികളെ ഉൾപ്പെടുത്തി എല്ലാ മതങ്ങൾക്കും ആരധനയ്ക്കും പ്രാർഥനയ്ക്കുമുള്ള സൗകര്യം ഉടൻ ഏർപ്പെടുത്തണം. ദുരന്തങ്ങളും ദുരിതങ്ങളും കഷ്ടനഷ്ടങ്ങളും വേദനയും വേർപാടുമുണ്ടായപ്പോൾ ജനങ്ങൾ മുൻകാലങ്ങളിൽ ആരാധനാലയങ്ങളിലാണ് അഭയം തേടിയത്. ദിവ്യബലിയും കൂദാശകളും അനന്തമായി നീളുന്നതും ഇല്ലാതാകുന്നതും വിശ്വാസത്തെ സാരമായി ബാധിക്കും. ജനങ്ങൾ നിരീശ്വരവാദികളാകും. ആ ദുരന്തവും നാം കാണണം.

നിരീശ്വര സോഷ്യലിസ്റ്റ് ചൈന ലോകത്തിന് സമ്മാനിച്ച കോവിഡ് ദുരന്തത്തിന്റെ പ്രത്യാഘാതങ്ങളിൽ ഒന്നാണ് 'വിശ്വാസത്തെ അടച്ചിടലും'!

– ജെറാൾഡ് ബി.മിരാൻഡ



# താളുകളിൽ


**6** വിദ്യാർഥികേന്ദ്രീകൃത വിദ്യാഭ്യാസം
ശരൽ

**8** അവർക്കൊപ്പം നമുക്കും വളരാം
ലിറ്റി ലൂസിയ സൈമൺ

**12** തലയിൽ വച്ചാൽ പേനരിച്ചാലോ...
ഷമ്മി ലോറൻസ്

**15** കവിത
സൂസി പെരേര വി.

**16** ലോക്ഡൗൺ കാലത്തെ രുചിഭേദങ്ങൾ
ഇഗ്നേഷ്യസ് തോമസ്

**19** കാനോൻ നിയമം
ഡോ. ജോസ് ജി.

**20** തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

**22** വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

**28** വാർത്തകൾ

**32** നീർച്ചാൽ

**38** വചനജ്വാല

**40** ഇളംതൂവൽ

**42** നേർക്കാഴ്ച

# വിദ്യാർഥി കേന്ദ്രീകൃത വിദ്യാഭ്യാസം



ലേഖനം

ശരൽ

**വിദ്യാഭ്യാസരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന നവീന മാറ്റങ്ങൾക്ക് കരുത്തു പകരുന്ന വിദ്യാർഥി കേന്ദ്രീകൃത വിദ്യാഭ്യാസ രീതിയെ ലേഖകൻ ഇവിടെ പരിചയപ്പെടുത്തുന്നു.**

വിദ്യാഭ്യാസ മനഃശാസ്ത്രത്തിൽ ഓരോ കാലഘട്ടത്തിലും ഒട്ടേറെ ശാഖകൾ രൂപപ്പെടുകയുണ്ടായി. എന്നാൽ വ്യാപകമായി സ്വീകരിക്കപ്പെട്ടതും വളരെക്കാലം സ്വാധീനം ചെലുത്തിയതും വ്യവഹാരവാദമാണ്. ചോദക-പ്രതികരണബന്ധത്തിന്റെ (സ്റ്റിമുലസ്-റെസ്പോൺസ്) നിർമാണം അടിസ്ഥാനപരമായി പഠനപ്രക്രിയയായി ഇവർ മുന്നോട്ടുവക്കുന്നത്. നടപ്പാക്കാൻ എളുപ്പമുള്ള പദ്ധതിയായിരുന്നു ഇതെന്നതിൽ സംശയമില്ല. പരമ്പരാഗതമായി നിലനിന്ന ഉരുവിട്ടുപഠിക്കൽ, ശിക്ഷിച്ചു മെച്ചപ്പെടുത്തൽ, അറിവിന്റെ കൈമാറ്റം, അധ്യാപകന്റെ ചോദ്യം ചെയ്യപ്പെടാത്ത സ്ഥാനം എന്നിവയ്ക്ക് ഈ കാഴ്ച്ചപ്പാട് നല്ല ന്യായീകരണമായി മാറി.

രണ്ടാമതായി പ്രചാരം കിട്ടിയത് സൃഷ്ടിപരത വാദത്തിനാണ്. നിഷ്ക്രിയരായി അറിവ് സ്വീകരിക്കുന്നതിനേക്കാൾ പഠിതാക്കൾ അറിവ് സൃഷ്ടിക്കുന്നവരാകണമെന്നതാണ് ഈ വാദം. വിദ്യാർഥികൾ അവരുടെ ചോദ്യങ്ങൾ സൃഷ്ടിക്കുക, വിവിധതരം കാഴ്ചപ്പാടുകളെയും, ബൗദ്ധികശൈലികളേയും ഉപയോഗിക്കുക, ഗ്രൂപ്പ് വർക്ക് ഒരു സഹകരണ പഠന ഉപകരണമായി ഉപയോഗിക്കുക തുടങ്ങിയ ജനപ്രിയ ക്ലാസ്റൂം പരിശീലനങ്ങൾ ഈ ഘട്ടത്തിൽ ഉപയോഗിക്കപ്പെട്ടു. പഴയതും പുതിയതുമായ അറിവുകൾ തമ്മിലുള്ള ആശയവിനിമയത്തിലൂടെയുള്ള ബൗദ്ധിക വളർച്ച നടക്കുന്നു. അത് സൃഷ്ടിപരമാണ് എന്നുള്ളതാണ് ഈ വാദത്തിന്റെ അടിസ്ഥാനം. ഉരുവിട്ട് പഠിക്കുന്നതിനേക്കാൾ ഭാവനയ്ക്ക് പ്രാധാന്യം നൽകണം. അധ്യാപകൻ വിദ്യാർഥിയുടെ പഠനത്തിന്റെ ഉറവിടത്തേക്കാൾ ഒരു വഴികാട്ടിയായി പ്രവർത്തിക്കുന്നു.

ഇന്ന് കൂടുതൽ പ്രചാരണം ലഭിക്കുന്നത് മാനവീകതാവാദത്തിനാണ്. മനുഷ്യവ്യക്തിത്വത്തിൽ അചഞ്ചലമായ വിശ്വാസം പ്രകടിപ്പിച്ച മാനവീകാവാദം പഠിതാവിന്റെ പ്രകൃതം മാനിക്കണ

മെന്നും വ്യക്തിത്വത്തെ അംഗീകരിക്കണമെന്നും പഠനത്തെ കുട്ടിയുടെ യഥാർഥ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തണമെന്നും അധ്യാപകൻ പഠനത്തെ സുഗമമാക്കുന്ന രീതിയിൽ ഇടപെടണമെന്നും ഈ സമീപനം വ്യക്തമാക്കുന്നു. ഈ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർഥി കേന്ദ്രീകൃത അധ്യയനരീതി വികസിച്ചത്.

വിദ്യാർഥി കേന്ദ്രീകൃത വിദ്യാഭ്യാസരീതി പഠിതാക്കളുടെ സ്വയം ഭരണവും സ്വാതന്ത്ര്യവും വികസിപ്പിക്കുകയെന്നതാണ് ലക്ഷ്യമിടുന്നത്. പഠനപാതയുടെ ഉത്തരവാദിത്വം വിദ്യാർഥികളുടെ കൈകളിലെത്തിച്ചേരുന്നു. പഠിതാവ് പഠനപ്രശ്നത്തെ സ്വയം ഏറ്റെടുത്തും അതിൽ പൂർണ പങ്കാളിയായും സ്വയം വിലയിരുത്തിയും മുന്നോട്ടുപോകുമ്പോഴാണ് പഠനം താല്പര്യജനകവും പ്രയോജന പ്രദവുമാകുക. പുതിയ വിവരങ്ങളിൽ നിന്നും മുൻ അനുഭവങ്ങളിൽ നിന്നും അർഥം നിർമ്മിക്കുന്നതിൽ പഠിതാവ് നിർണായക പങ്കുവഹിക്കുന്നു.

വിദ്യാർഥി കേന്ദ്രീകൃത പഠനം എന്ന പ്രയോഗം വിദ്യാഭ്യാസ മാനസികാവസ്ഥകളെയോ പഠിതാക്കളിലെ വ്യക്തിഗത വ്യത്യാസങ്ങൾ തിരിച്ചറിയുന്ന നിർദ്ദേശരീതികളെയോ സൂചിപ്പിക്കാം. ഈ അർഥത്തിൽ, വിദ്യാർഥികളെ കേന്ദ്രീകരിച്ചുള്ള പഠനം ഓരോ വിദ്യാർഥിയുടെയും താല്പര്യങ്ങൾ കഴിവുകൾ പഠനശൈലികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. ക്ലാസ് മൊത്തത്തിൽ പഠിക്കുന്നതിനേക്കാൾ വ്യക്തികളെ പഠിക്കാനും വ്യക്തിപരമായി സഹായിക്കാനുമുള്ള സഹായിയായും അധ്യാപകൻ മാറുന്നു.

കേരളത്തിലെ അടിസ്ഥാന വിദ്യാഭ്യാസം കാര്യക്ഷമതയും വികസിതവുമാണെന്ന് നാം വാദിക്കുമ്പോൾ +2 തലത്തിലുള്ള ധാരാളം കുട്ടികൾക്ക് ശരിയായി വായിക്കാനോ തെറ്റുകൂടാതെ എഴുതാനോ അറിയില്ല എന്നത് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ വികലതയെ ചൂണ്ടിക്കാണിക്കുന്നു. +2 തലത്തിലും ഡിഗ്രി തലത്തിലുമുള്ള വിദ്യാർഥികൾ ഉത്തരവാദിത്വമില്ലായ്മയും നാശോന്മുഖമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വ്യക്തിമഹത്വത്തിന്റെ തിരിച്ചറിവുകളോ ഇല്ലാതെ പോകുന്നത് നമ്മുടെ അടിസ്ഥാന വിദ്യാഭ്യാസ രീതിയിൽ വ്യക്തിത്വ വികസന പരിശീലനം നൽകപ്പെടുന്നില്ല എന്നതിന്റെ അടയാളമാണ്. സാമൂഹ്യപരതയേക്കാൾ ജോലി സമ്പാദനത്തിന്റെ മാർഗമായി വിദ്യാഭ്യാസം മാറുന്നത് വിദ്യാർഥികളുടെ സമഗ്ര വികസനം അസാധ്യമാക്കുന്നു.

പഠിക്കുക എന്നതിനർഥം അറിയുക എന്നതിനൊപ്പം മാറുക എന്നുകൂടിയാണ്. കേവലമായ വിവരങ്ങൾ ശേഖരിച്ചതുകൊണ്ടായില്ല. അവ ജ്ഞാനനിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ മാത്രമാണ്. വിവരങ്ങളെ അപഗ്രഥിച്ച് ചില നിഗമനങ്ങളിൽ എത്തിയതുകൊണ്ട് മാത്രം ആകുന്നില്ല. ആ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അവസ്ഥയിൽ മാറ്റം വരുത്താൻ പര്യാപ്തമായ നിർദ്ദേശങ്ങളും പ്രതികരണങ്ങളും ഉണ്ടാവണം.



പഠനം പലപ്പോഴും കുട്ടികൾക്ക് ഒരു പ്രശ്നമായി തോന്നാം. ഏതൊരു പഠന പ്രശ്നവും കുട്ടിയുടെ നിലവിലുള്ള അറിവുകൾക്കു മുകളിൽ നിൽക്കുന്നതുകൊണ്ടാണ് അത് വെല്ലുവിളിയായി മാറുന്നത്. അതേസമയം കുട്ടികൾക്ക് ലഭിക്കുന്ന ഭൗതികവും സാമൂഹ്യവുമായ സഹായങ്ങൾ സ്കൂളിലും വീട്ടിലും ലഭ്യമാകുന്ന സഹായങ്ങൾ ഈ പ്രശ്നം പരിഹരിക്കാൻ കുട്ടിയെ കഴിവുള്ളതാക്കണം.

ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവും സാമൂഹികവുമായ സാധ്യതകളേയും പരിമിതികളെയും കുറിച്ച് അധ്യാപകർക്ക് അറിവുണ്ടാകണം. കുട്ടികളുടെ പരിമിതികൾക്കുള്ളിലേക്ക് പഠനലക്ഷ്യത്തെ ചുരുക്കുക എന്ന എളുപ്പമാർഗമല്ല നാം സ്വീകരിക്കുക. പകരം കുട്ടിയുടെ പരിമിതികളെ മറ്റുരീതിയിൽ എങ്ങനെ മറികടക്കാമെന്ന് കൂട്ടായി ആലോചിക്കുകയും അതിനുള്ള പരിഹാരങ്ങൾ ഏർപ്പെടുത്തുകയും അതുവഴി പരമാവധി പഠനനേട്ടം ഉറപ്പുവരുത്തുകയും ചെയ്യുകയാണ് വേണ്ടത്.

നമ്മുടെ വിദ്യാർഥികൾക്ക് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷിയും കണക്കിലും സയൻസിലുമുള്ള അടിസ്ഥാന അറിവും പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ഉറപ്പാക്കണം. അക്ഷരജ്ഞാനമില്ലാത്ത വിദ്യാർഥി ഹയർസെക്കണ്ടറി ക്ലാസിൽ പഠിക്കുന്ന ഗതികേട് ഉണ്ടാകരുത്. സെക്കണ്ടറി, ഹയർസെക്കണ്ടറി ക്ലാസിലെ കുട്ടികൾ പഠനത്തിലൂടെ ഭാവിസമൂഹത്തിന്റെ ആവശ്യങ്ങളിൽ ഇടപെടാൻ കഴിയുംവിധമുള്ള അടിസ്ഥാനശേഷിയും ജീവിത നൈപുണികളും തൊഴിൽ പരിചയവും വ്യക്തി വികസനവും, സാമൂഹ്യപരതയും, ധാർമിക ബോധ്യവും നേടാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. അതിനുതകുന്ന രീതിയിൽ നമ്മുടെ വിദ്യാഭ്യാസം ക്രമീകരിക്കപ്പെടണം. ആത്മവിശ്വാസവും, ആത്മാഭിമാനവും വളർത്തി സമൂഹത്തോട് പ്രതിജ്ഞാബദ്ധനാകാൻ അവനെ/അവളെ പ്രാപ്തരാക്കണം. ■



ലേഖനം

ലിറ്റി ലൂസിയ സൈമൺ

# അവർക്കൊപ്പം നമുക്കും വളരാം

നിന്റെ മക്കൾ നിന്റെ മക്കളല്ല.
ജീവിതത്തിന്റെ സ്വന്തം അഭിലാഷത്തിന്റെ പുത്രൻമാരും പുത്രികളുമാണവർ.
അവർ നിന്നിലൂടെ വളരുന്നു,
എന്നാൽ നിന്നിൽ നിന്നല്ല.
നിനക്ക് നിന്റെ സ്നേഹം
അവർക്കായി നൽകാം.
പക്ഷേ നിന്റെ ചിന്തകൾ നൽകരുത്.
എന്തെന്നാൽ അവർക്ക് അവരുടേതായ
ചിന്തകളുണ്ട്.

*ഖലീൽ ജിബ്രാൻ*

**കു**ഞ്ഞുങ്ങളിൽ മൂല്യബോധം വളർത്തുന്നത് എങ്ങനെ എന്നതിന്റെ കാവ്യാത്മകമായ വിശദീകരണമായിത്തോന്നി ജിബ്രാന്റെ ഈ വരികൾ.

മകനെ പിരിഞ്ഞിരിക്കാൻ കഴിയാത്തതിനാൽ ഉപരിപഠനത്തിനായി അവനെ അന്യദേശത്തേയക്ക് അയക്കേണ്ട എന്നപേക്ഷിക്കുന്ന അമ്മയോട് ഈ വരികളുടെ അർത്ഥം പറഞ്ഞുമനസ്സിലാക്കുന്ന അച്ഛനെ അഗ്നിച്ചിറകുകൾ എന്ന പുസ്തകത്തിൽ നാം കാണുന്നു. മകനുമേൽ തനിക്കുള്ള അവകാശത്തേക്കാൾ വലുത് അവന്റെ സ്വപ്നങ്ങളും ചിന്തകളുമാണെന്ന് വിശ്വസിച്ച അച്ഛൻ. ആ പിതാവിന്റെ വിശ്വാസമാണ് നാം കണ്ട്, അറിഞ്ഞ് അനുഭവിച്ച ആ വിസ്മയം ഡോ. എ.പി.ജെ അബ്ദുൾകലാം.

ഇന്ന് വ്യവസായവത്കരണവും സാങ്കേതികവിദ്യയുടെ മുന്നേറ്റവും, മാറുന്ന രാഷ്ട്രീയ സമവാക്യങ്ങളും മറ്റും മനുഷ്യജീവിതത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. മാറ്റം കാലത്തിന്റെ അനിവാര്യതയാണ്. കാലം എന്നത് ഏറ്റവും വലിയ സത്യവും. എന്നാൽ മൂല്യങ്ങളും മനുഷ്യബന്ധങ്ങളും കാലത്തിന്റെ മാറ്റത്തിൽപ്പെട്ട് നഷ്ടപ്പെട്ടുപോകാനുള്ളതല്ലെന്നും എല്ലാ മാറ്റങ്ങളെയും അതിജീവിച്ച്, മനുഷ്യജീവിതത്തിന്റെ അ

ടിത്തറ ആകേണ്ടവയാണെന്നും നാം തിരിച്ചറിയണം. ഇവിടെയാണ് മൂല്യ ബോധനം എന്ന പ്രക്രിയ ഒരു ഹെർക്കൂലിയൻ ടാസ്ക്ക് ആയി മാറുന്നത്. മാതാപിതാക്കളോടൊപ്പം അദ്ധ്യാപകരും ഈ പ്രക്രിയയിൽ തുല്യപങ്ക് വഹിക്കുന്നു.

മികച്ച പേരന്റിംഗിലൂടെ മികച്ച മൂല്യബോധനം കുട്ടികൾക്ക് ലഭിക്കുന്നു. എന്നാൽ പേരന്റിംഗിനെ സങ്കീർണ്ണമാക്കുന്ന പ്രധാന കാരണങ്ങളിലൊന്ന്, അതിന് നിശ്ചിത മാനദണ്ഡങ്ങളോ, നിയതമായ നിബന്ധനകളോ ഇല്ല എന്നതാണ്. അത് ഓരോ വ്യക്തിയുടെയും മനോധർമ്മത്തേയും അനുഭവങ്ങളെയും ആശ്രയിച്ചിരിക്കുന്നു. പണ്ട് പേരന്റിംഗ് എന്നത് Commanding culture നെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. മാതാപിതാക്കളും അദ്ധ്യാപകരും എന്ത് പറയുന്നുവോ അതായിരുന്നു കുട്ടികൾ അനുസരിക്കേണ്ടത്. എന്നാൽ ഇന്ന് അത് Accompanying culture ലേക്ക് മാറിയിരിക്കുന്നു. കുട്ടികൾക്ക് സ്വന്തം വ്യക്തിത്വമുണ്ടെന്നും മാതാപിതാക്കളും അദ്ധ്യാപകരും ആ വ്യക്തിത്വം രൂപപെടുത്തിയെടുക്കാൻ സഹായിക്കുന്ന ഘടകങ്ങൾ ആണെന്നും മനഃശാസ്ത്രം പറഞ്ഞുവയ്ക്കുന്നു. സാംസ്കാരികമായ ഈ വ്യത്യാസത്തെ ഉൾക്കൊള്ളുവാനും പ്രാവർത്തികമാക്കാനും നമുക്ക് സാധിക്കണം.

## ഏകദൈവം ദൈവത്തിൽ മൂന്നാളുകൾ

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഒന്നാണ് ത്രിത്വൈകദൈവ വിശ്വാസം.

ദൈവം അരുൾചെയ്തു. നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. (ഉൽപത്തി 1:26.)

അങ്ങനെയെങ്കിൽ നാമും ഈ ത്രിത്വൈക ദൈവത്തിന്റെ ഒരു ചെറിയ പതിപ്പായിരിക്കണമല്ലോ. മനുഷ്യ നിർമ്മിതിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുമ്പോൾ ഒരു കാര്യം നമുക്ക് വെളിവാകുന്നു. പരിശുദ്ധ ത്രിത്വത്തെ

**കുഞ്ഞുങ്ങളുടെ മനസ്സ് ഒരു ക്യാമറ പോലെയാണ്. കേൾക്കുന്നവയേക്കാൾ കാണുന്ന കാര്യങ്ങളാണ് അവരെ ഏറെ ആകർഷിക്കുന്നത്. എന്നും സ്കൂളിൽ താമസിച്ചെത്തുന്ന അദ്ധ്യാപകൻ സമയനിഷ്ഠയെപ്പറ്റി എത്രനേരം പ്രസംഗിച്ചാലും കുട്ടികൾ അനുസരിക്കില്ല മറിച്ച്, അദ്ദേഹം സ്വയം സമയനിഷ്ഠ പാലിച്ചാൽ പ്രസംഗിക്കേണ്ട ആവശ്യമേ വരില്ല, അവർ അതുകണ്ട് പഠിച്ചുകൊള്ളും.**

പ്പോലെ നമുക്കുമില്ലേ മൂന്ന് തലങ്ങൾ?

ശാരീരികം (ദൈവ സങ്കല്പത്തിന്റെ ശാരീരികതലം ക്രിസ്തു)

ബൗദ്ധികം (ബുദ്ധിയെ പ്രകാശിപ്പിക്കുന്ന പരിശുദ്ധാത്മാവ്)

മാനസികം (പിതാവായ ദൈവം സ്നേഹത്തിന്റെ പര്യായം)

വിശന്നു വലഞ്ഞിരിക്കുന്നവന്റെ മുന്നിൽ ഫിലോസഫി പറഞ്ഞിട്ട് കാര്യമില്ല. ഭക്ഷണം തന്നെ നൽകണം.



എഴുത്തുകാരന് തന്റെ രചന നിർവ്വഹിക്കാൻ ഭക്ഷണമല്ല മറിച്ച് സൃഷ്ടിപരമായ ചിന്തയാണ് ആവശ്യം.

ദുഃഖഭാരത്താൽ വിലപിക്കുന്നവന് സർഗ്ഗാത്മകതയല്ല മറിച്ച് സ്നേഹവും സാന്ത്വനവുമാണ് വേണ്ടത്.

ചുരുക്കത്തിൽ മനുഷ്യൻ എന്ന സൃഷ്ടിയിൽ ഈ മൂന്നു തലങ്ങളും ശരിയായ രീതിയിൽ പരിപോഷിപ്പിക്കേണ്ടത് അവന്റെ പൂർണ്ണതയ്ക്ക് അനിവാര്യമാണ്.

ഈ മൂന്നു തലങ്ങളെയും കേന്ദ്രീകരിച്ചുവേണം നമ്മുടെ കുഞ്ഞുങ്ങളെ വളർത്തുവാൻ. എന്നാൽ നിർഭാഗ്യവശാൽ, ഇന്നത്തെ കാലഘട്ടത്തിൽ പലപ്പോഴും ബൗദ്ധിക തലത്തിനാണ് ഏറെ പ്രാധാന്യം നൽകി വരുന്നത്. ഇത് സ്വാഭാവികമായും മറ്റു രണ്ടു തലങ്ങളേയും സാരമായി ബാധിക്കുന്നു.

"All children are diamonds; But some are unpolished"

*- William Shakespeare*

കുഞ്ഞുങ്ങൾ അമൂല്യരത്നങ്ങളെക്കാൾ വിലപ്പെട്ടവരാണ്. അവരുടെ വളർച്ചയുടെ ഓരോ കാലഘട്ടവും അതിപ്രധാനമാണ്. നാം മുതിർന്നവർ അതിനായി മാനസികമായും ശാരീരികമായും ബൗദ്ധികമായും ഒരുങ്ങേണ്ടത് അത്യന്താപേക്ഷിതമാണ്. അവയ്ക്കാവശ്യമായ, പ്രസക്തിയേറിയത് എന്ന് തോന്നുന്ന ചില ചിന്തകൾ പങ്കുവയ്ക്കട്ടെ.

"മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപംനൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു" (ജെറമിയ 1.5).

മൂല്യബോധനം ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതി

**ഒരു കുഞ്ഞ് ജനിക്കുമ്പോഴാണ് ഒരു അച്ഛനും അമ്മയും ജനിക്കുന്നത്. വിദ്യാർത്ഥിയുണ്ടെങ്കിലേ അദ്ധ്യാപകനുള്ളൂ. നമ്മുടെ കുഞ്ഞുങ്ങളോടൊപ്പം കളിച്ചും ചിരിച്ചും നന്മകൾ പങ്കുവച്ചും നമുക്കും അവരോടൊപ്പം വളരാം.**

തന്റെ മാതാപിതാക്കളേയും അവരിലൂടെ നൻമയാകുന്ന ദൈവത്തേയും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കാൻ.

## ‘Let us preach what we practise

കുഞ്ഞുങ്ങളുടെ മനസ്സ് ഒരു ക്യാമറ പോലെയാണ്. കേൾക്കുന്നവയേക്കാൾ കാണുന്ന കാര്യങ്ങളാണ് അവരെ ഏറെ ആകർഷിക്കുന്നത്. എന്നും സ്കൂളിൽ താമസിച്ചെത്തുന്ന അദ്ധ്യാപകൻ സമയനിഷ്ഠയെപ്പറ്റി എത്രനേരം പ്രസംഗിച്ചാലും കുട്ടികൾ അനുസരിക്കില്ല മറിച്ച്, അദ്ദേഹം സ്വയം സമയനിഷ്ഠ പാലിച്ചാൽ പ്രസംഗിക്കേണ്ട ആവശ്യമേ വരില്ല, അവർ



നു മുൻപേ ആരംഭിച്ചു എന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു.

## A child should be born by choice, not by chance

നമുക്ക് ഒരു കുഞ്ഞ് വേണമെന്ന ആഗ്രഹം ദമ്പതികൾക്ക് ഉണ്ടാവുകയും മനസ്സിൽ കുഞ്ഞിനെ സ്നേഹിച്ചുതുടങ്ങുകയും ചെയ്തതിനുശേഷമാണ് ആ കുഞ്ഞ് മാതാവിന്റെ ഉദരത്തിൽ രൂപംകൊള്ളേണ്ടത്. അപ്പോൾ അവനെ/ അവളെ പരിപൂർണ്ണമായി സ്വീകരിക്കാൻ ആ മാതാപിതാക്കൾക്ക് സാധിക്കുന്നു. ഒരു കുഞ്ഞിനെ സംബന്ധിച്ച് മൂല്യബോധത്തിന്റെ ആദ്യപാഠം ഇവിടെ ആരംഭിക്കുന്നു. ആ കുഞ്ഞ് ഇതിലൂടെ പഠിക്കുകയാണ്, അതുകണ്ട് പഠിച്ചുകൊള്ളും.

മാതൃക, ജീവിതത്തിലെ സുപ്രധാനമായ സംഗതി മാത്രമല്ല ജീവിതത്തിലെ ഏക സംഗതിയുമാണ്.

മാതാപിതാക്കളെ ബഹുമാനിക്കുക എന്ന നാലാം കൽപന മക്കളോടല്ല, മറിച്ച് മാതാപിതാക്കളെ ഉദ്ദേശിച്ചാണ് ദൈവം പറയുന്നത്. മക്കൾക്ക് നമ്മെ ബഹുമാനിക്കാൻ തോന്നും വിധം മാതാപിതാക്കൾ നന്നായി പെരുമാറുക എന്നതല്ലേ അതിനർത്ഥം.

## Let us give respect and take respect

ബഹുമാനം എന്നത് പലപ്പോഴും തെറ്റായി വ്യഖ്യാനിക്കപ്പെടുന്ന ഒരു മൂല്യമാണ്. നമ്മൾ ആരെയാണ് ബഹുമാനിക്കേണ്ടത് എന്ന് ചോദിച്ചാൽ മാതാപിതാക്കളെ, ഗുരുക്കൻമാരെ, നേതാക്കളെ എന്നൊക്കെയായിരിക്കും ഉത്തരം ലഭിക്കുക. എന്നാൽ അങ്ങനെ ചിലരിലേക്ക് മാത്രം ചുരുങ്ങേണ്ട ഒന്നാണോ ബഹുമാനം? എല്ലാ മാനദണ്ഡങ്ങൾക്കും അതീതമായി എല്ലാവരും എല്ലാവർക്കും നൽകേണ്ട ഒന്നാണ് ബഹുമാനം. ബഹുമാനവും സ്നേഹവും ഒരു ബൂമറാംഗ് പോലെയാണ്. എത്ര തീക്ഷ്ണതയോടെ അവ മറ്റുള്ളവർക്ക് നൽകുന്നുവോ അതേ തീക്ഷ്ണതയോടെ അവ നമുക്ക് തിരികെ ലഭിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെ പ്രായം, ചിന്തകൾ, കാഴ്ച്ചപ്പാടുകൾ, സ്വപ്നങ്ങൾ, പേഴ്സണൽ സ്പേസ് ഇവയൊക്കെ ബഹുമാനിക്കപ്പെടേണ്ടതാണ്. അവർക്ക് പറയാനുള്ളത് സമയമെടുത്ത് മറ്റെല്ലാം മാറ്റിവച്ച് നാം കേൾക്കണം.

ഒരിക്കൽ സ്കൂളിൽ നിന്ന് വളരെ ദുഃഖിതനായി വീട്ടിലേക്ക് കയറിവന്ന മകനെ അമ്മ മടിയിലിരുത്തി അവന്റെ സങ്കടത്തിന്റെ കാരണം തിരക്കി. അവൻ പറഞ്ഞു. അമ്മേ ഇന്ന് ടീച്ചർ ഞങ്ങളോട് ഭാവിയിൽ നിങ്ങൾക്ക് എന്തായിത്തീരാനാണ് ആഗ്രഹമെന്ന് ചോദിച്ചു. പലരും പല ഉത്തരങ്ങളും പറഞ്ഞു. ഞാൻ പറഞ്ഞു, എനിക്കൊരു കുതിരക്കാരനാകണമെന്ന്. അതുകേട്ട് എല്ലാവരും എന്നെ കളിയാക്കി. എനിയ്ക്ക് സങ്കടവും നാണക്കേടും തോന്നി .

ആ അമ്മ മകനെ വീട്ടിലെ പൂജാമുറിയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ വച്ചിരുന്ന ഒരു ചിത്രത്തിലേയ്ക്ക് നോക്കിക്കൊണ്ട് പറഞ്ഞു. മോനേ, നിന്റെ സ്വപ്നത്തെ അമ്മ അംഗീകരിക്കുന്നു. തീർച്ചയായും മോൻ ഒരു കുതിരക്കാരൻ തന്നെയാകണം. ദാ ഇതുപോലൊരു കുതിരക്കാരൻ . അവൻ ആകാംക്ഷയോടെ ആ ചിത്രത്തിലേയ്ക്ക് ഉറ്റുനോക്കി. അർജ്ജുനന് ഗീത ഉപദേശിക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണൻ. ആ നിമിഷം അവന് തന്റെ ജീവിത ദൗത്യം എന്തെന്ന് വെളിപ്പെട്ടുകിട്ടി. ആ മകനാണ് പിൽക്കാലത്ത് ലോകപ്രശസ്തനായ സ്വാമി വിവേകാനന്ദൻ. ഭുവനേശ്വരീ

**നമ്മുടെ കുഞ്ഞുങ്ങളെ ഉപദേശിക്കുകയോ ശാസിക്കുകയോ ചെയ്യരുതെന്നല്ല, മറിച്ച് അവയ്ക്കു പിന്നിൽ സ്വാർത്ഥതയുടെ ലാഞ്ഛന തെല്ലുമില്ലെന്നും, പകരം മക്കളോടുള്ള നിസ്സീമമായ സ്നേഹവും ആർദ്രതയും മാത്രമാണെന്നുള്ള ഉറപ്പുണ്ടാകണമെന്നുമാത്രം.**



ദേവി എന്ന ആ അമ്മ നമുക്ക് നൽകുന്ന ഒരു പാഠമുണ്ട്. മക്കളുടെ സ്വപ്നങ്ങൾക്ക് വില കൽപ്പിക്കുക. ആ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിലേയ്ക്ക് നടന്നടുക്കാൻ വേണ്ടുന്ന പ്രചോദനം നൽകി ഒരു നിഴലായി അവരോടൊപ്പം സഞ്ചരിക്കുക.

## Love is not a noun; it is a verb.

കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 13 ാം അദ്ധ്യായത്തിൽ സ്നേഹം എന്താണെന്നും എങ്ങനെയാകണമെന്നും വി.പൗലോസ് അപ്പസ്തോലൻ അതിമനോഹരമായും ലളിതമായും പ്രതിപാദിച്ചിരിക്കുന്നു. നാം എത്ര ലോകോത്തര പ്രതിഭകളാണെങ്കിലും, എത്ര വലിയ ദാനധർമ്മിയാണെങ്കിലും, മലകളെവരെ മാറ്റാൻ കഴിവുള്ള വിശ്വാസമുണ്ടെങ്കിലും സ്നേഹമില്ലെങ്കിൽ നാം ഒന്നുമല്ല. എന്താണ് ഏറ്റവും ഉദാത്തമായ സ്നേഹമെന്നും അദ്ദേഹം പറയുന്നു. അത് ഉപാധികളില്ലാത്ത നിഷ്കളങ്ക സ്നേഹമത്രേ.

മകനേ, മകളേ നീ എങ്ങനെയുള്ളയാളായാലും ശരി, ഞാൻ നിന്നെ അഗാധമായി സ്നേഹിക്കുന്നു.

എന്ന് അവരെ ചേർത്തുനിർത്തി ഓരോ അമ്മയും അച്ഛനും ഗുരുവും പറഞ്ഞുനോക്കൂ, ആ നിമിഷം സ്വർഗ്ഗം ഭൂമിയിലേയ്ക്ക് ഇറങ്ങിവരും. മാതാപിതാക്കളുടെ സ്നേഹവലയത്തിലായിരിക്കുന്ന കുഞ്ഞ് ഒന്നിനേയും ഭയപ്പെടില്ല. സ്നേഹിക്കുന്നവർക്കുവേണ്ടി മരിക്കാൻവരെ ചിലർ തയ്യാറാകുന്നത് ആ വികാരത്തിന് നമ്മുടെമേൽ അത്രമാത്രം സ്വാധീനമുള്ളതുകൊണ്ടാണ്.

അദ്ധ്യാപകരായ ഞങ്ങളെ അഭിസംബോധന ചെയ്യുന്നതിനിടയിൽ അഭിവന്ദ്യ സൂസപാക്യം പിതാവ് പറഞ്ഞ വാക്കുകൾ ഈ അവസരത്തിൽ സ്മരിച്ചുകൊള്ളട്ടെ.. നിങ്ങളെ ഏൽപ്പിച്ച കുട്ടികൾ നൂറു ശതമാനവും ജയിച്ചോ, മുഴുവൻ വിഷയങ്ങൾക്കും എപ്ലസ്സ് നേടിയോ എന്നതിനല്ല മറിച്ച്, അവരിൽ എത്രപേർ നല്ല മനുഷ്യരായി വളർന്നു എന്നതിനാണ് ഞാൻ പ്രാധാന്യം കാണുന്നത് . നിന്റെ മാർക്ക് അല്ല, നീയാണ് എനിയ്ക്ക് വലുത് എന്നുപറയുന്ന ഗുരുവിനെ ഒരു കുഞ്ഞും ഒരു കാലത്തും മറക്കില്ല. കുഞ്ഞുങ്ങൾ ആദ്യം ഗുരുവിനെ സ്നേഹിക്കുന്നു. അതിലൂടെ പാഠപുസ്തകത്തേയും അതിലെ ആശയങ്ങളേയും.

## Appreciate the similarities ; re-spect the differences

നമ്മുടെ കുഞ്ഞ് ഒരുപക്ഷേ രൂപത്തിലും ഭാവത്തിലും നമ്മെപ്പോലെയാകാം. എന്നാൽ ചിന്താശേഷിയുടേയും അഭിരുചിയുടേയും കാര്യത്തിൽ അങ്ങനെ ആകണമെന്നില്ല. മകന് പാഠപുസ്തകങ്ങളെക്കാൾ താൽപര്യം ക്രിക്കറ്റിനോടാണ് എന്ന് മനസ്സിലാക്കിയ രമേശ് തെൻഡുൽക്കർ, അവന് ബാറ്റ് വാങ്ങി നൽകി ഗ്രൗണ്ടിലേയ്ക്ക് അയച്ചു. കോളേജ് അദ്ധ്യാപകനായ ആ പിതാവ് സ്കൂൾ പഠനം പൂർത്തിയാക്കാത്ത മകനെ ഒരിക്കലും ശാസിക്കുകയോ പരിഹസിക്കുകയോ ചെയ്തില്ല. മകന്റെ സ്വപ്നങ്ങൾക്ക് കൂട്ടുനിന്ന അദ്ദേഹത്തിന്റെ വിശാല മനസ്സിനെ, ആ മകനിലൂടെ ഭാരതരത്നം നൽകി രാജ്യം ആദരിച്ചു.

നിങ്ങളുടെ പ്രായത്തിൽ ജവഹർലാൽ നെഹ്റു ഓക്സ്ഫോർഡ് സർവകലാശാലയിൽ പഠിച്ചിരുന്നു എന്ന് പറഞ്ഞ് കളിയാക്കിയ അപ്പനോട്, അപ്പന്റെ പ്രായത്തിൽ അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയായി എന്ന് ബോബനും മോളിയും പറയുന്നിടത്ത്, കുഞ്ഞുമനസ്സുകളുടെ പ്രതിഷേധം ഹാസ്യരൂപത്തിലൂടെയാണെങ്കിലും ശക്തമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ഇതൊരു തിരിച്ചറിവാണ്. ഇതിനൊക്കെ അർത്ഥം നമ്മുടെ കുഞ്ഞുങ്ങളെ ഉപദേശിക്കുകയോ ശാസിക്കുകയോ ചെയ്യരുതെന്നല്ല, മറിച്ച് അവയ്ക്കു പിന്നിൽ സ്വാർത്ഥതയുടെ ലാഞ്ഛന തെല്ലുമില്ലെന്നും, പകരം മക്കളോടുള്ള നിസ്സീമമായ സ്നേഹവും ആർദ്രതയും മാത്രമാണെന്നുള്ള ഉറപ്പുണ്ടാകണമെന്നു മാത്രം.

ഒരു കുഞ്ഞ് ജനിക്കുമ്പോഴാണ് ഒരു അച്ഛനും അമ്മയും ജനിക്കുന്നത്. വിദ്യാർത്ഥിയുണ്ടെങ്കിലേ അദ്ധ്യാപകനുള്ളൂ. നമ്മുടെ കുഞ്ഞുങ്ങളോടൊപ്പം കളിച്ചും ചിരിച്ചും നന്മകൾ പങ്കുവച്ചും നമുക്കും അവരോടൊപ്പം വളരാം.

അങ്ങനെ നമ്മുടെ കുഞ്ഞുങ്ങൾ തങ്ങളുടെ ജന്മാവകാശങ്ങൾ ആസ്വദിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ, മൂല്യബോധത്തിന്റെ പ്രാണവായു ശ്വസിക്കട്ടെ. വെള്ളിമേഘങ്ങളെപ്പോലെ തങ്ങളുടെ സഞ്ചാരപഥങ്ങൾ സ്വയം തേടട്ടെ. അവരുടെ ജീവിതയാത്രയിൽ ഒരിക്കലും പിരിയാത്ത നന്മയുടെ നിഴലായ് അവർക്കരികിൽ ഒരു കൈത്താങ്ങായ് നമുക്കുണ്ടാകാം.

പ്രകാശം പരക്കട്ടെ.........

നന്മ നിറയട്ടെ .........



ലേഖനം

ഷമ്മി ലോറൻസ് എച്ച്

# തലയിൽ വച്ചാൽ പേനരിച്ചാലോ... തറയിൽ വച്ചാൽ ഉറുമ്പരിച്ചാലോ...

"ഹലോ... എന്തുണ്ട് വിശേഷം?
ഓ.... എന്ത് പറയാൻ അങ്ങനെ പോകുന്നു"
"എന്തുപറ്റി, വല്ലതും...
ഓ... എന്നും ഓരോരോ പ്രശ്നങ്ങളേ....
എന്താ അസുഖമെന്തെങ്കിലും....
"ഏയ്.... ദൈവകൃപകൊണ്ട് അങ്ങനെയൊന്നുമില്ല.."
പിന്നെ കുട്ടികളുടെ കാര്യമെന്തെങ്കിലും...
"ഓ... അതൊക്കെ വലിയ കുഴപ്പമില്ലാതെ പോകുന്നു."
"പിന്നെ സുഖമാണോ?"
"ഓ... ഒന്നും പറയണ്ട...."

നമ്മുടെ സമൂഹത്തിൽ രണ്ടുവ്യക്തികൾ കണ്ടുമുട്ടുമ്പോൾ സംഭവിക്കുന്ന ശരാശരി സംഭാഷണത്തിന്റെ നേർചിത്രമാണ്. ജീവിതത്തിൽ എന്തൊക്കെ എത്രയൊക്കെ ഉണ്ടെങ്കിലും അത് പ്രകടിപ്പിക്കാനും ആസ്വദിക്കാനും കഴിയുന്നില്ലെന്നുമാത്രമല്ല, ഇല്ലായ്മയും വല്ലായ്മയും പറയുന്നതിൽ ഒരു സുഖം കണ്ടെത്താൻ ബോധപൂർവം നാം ശ്രമിക്കുന്നുണ്ട്. ദൈവം നൽകിയ സാഹചര്യം തുറന്നമനസ്സോടെ സ്വീകരിച്ച് അതിൽ കഴിയുക എന്നതുമാത്രമാണ് സത്യം എന്നിരിക്കിലും ദോഷം മാത്രം കണ്ടെത്തുന്ന വ്യക്തി അവന്റെ മാത്രമല്ല കുടുംബത്തിന്റെയും സന്തോഷമാണ് തല്ലിത്തകർക്കുന്നത്.

ദൈവം മനുഷ്യന് നൽകിയ ഏറ്റവും മികച്ച ദാനമാണ് പ്രപഞ്ചം. ഒന്ന് മറ്റൊന്നിനായ് സ്വയം വഴിയൊരുക്കുന്നു എന്ന് പ്രപഞ്ചം നമ്മെ പഠിപ്പിക്കുന്നു. ഈ ഒരുക്കവും കരുതലും കാത്തിരിപ്പും കടന്നുപോകലുമാണ് അനന്തവും അവർണനീയവും അജ്ഞാതവുമായ പ്രപഞ്ച സൗന്ദര്യത്തിന്റെ നിദാനം. മഹാകവി ഉള്ളൂർ പാടിയപോലെ പരോപകാരപ്രദമാവണം പ്രപഞ്ചം. തനിക്കുള്ളതിന്റെ ഏറ്റവും മനോഹരമായത് മറ്റൊന്നിനായി നൽകി അന്യജീവനുനൽകി സ്വജീവിതം ധന്യമാക്കി നമുക്കും വിവേകികളായി കടന്നുപോകാം. പരസ്പരം കലഹിക്കാതെ പരാതിപറയാതെ തല്ലിത്തകർക്കാതെ, സ്നേഹത്തോടും ഐക്യത്തോടും സ്വയം മാതൃകയായി, ശാന്തമായി ഒഴുകുന്ന ഒരു പുഴപോലെ നമ്മുടെ കുടുംബങ്ങളെ കരുതലിന്റെ കാവൽ നിലങ്ങളായ് ഒരുക്കിയെടുക്കാം.

ഒരു കുഞ്ഞിന് ഗർഭാശയം നൽകുന്ന അതേ സംര

ക്ഷണവും സുഖവും പ്രതീക്ഷിച്ചു കൊണ്ടാണ് അവൻ കുടുംബങ്ങളിലേക്ക് കടന്നുവരുന്നത്. അതുകൊണ്ടുതന്നെ കമ്പമുള്ള ഇമ്പമായി ഓരോ കുടുംബവും മാറേണ്ടത് വ്യക്തിക്കും സമഷ്ടിക്കും ഒരുപോലെ അനിവാര്യവുമാണ്. മാതാപിതാക്കൾക്ക് തങ്ങളുടെ പ്രതീക്ഷയുടെയും പ്രത്യാശയുടെയും പ്രത്യക്ഷ വെട്ടമാണ് ഓരോ കുഞ്ഞും. തന്റെ മനസ്സും പ്രയത്നവും ജീവിതവും നൽകി മാതാപിതാക്കൾ അവരെ വളർത്തിയെടുക്കാൻ ശ്രമിക്കുമ്പോൾ അവർ കാത്തിരിക്കുന്ന സുഖവും സന്തോഷവും വീടുകളിൽ പ്രകാശിക്കുന്നുണ്ടോ? ഉണ്ട് എന്ന് ഉറക്കെ പറയാൻ ശ്രമിക്കുമ്പോഴും 'ഇല്ല' എന്ന സത്യം മനസ്സിൽ എവിടെയോ വേദനയോടെ അവശേഷിക്കുന്നുണ്ടാകും. സൽസന്താനങ്ങളെ ലഭിക്കുന്നതിൽ കവിഞ്ഞ് ഒരു ഭാഗ്യമുണ്ടോ എന്ന് സ്വയം ആശ്വസിക്കുകയും ചെയ്യും. എവിടെയാണ് കുഴപ്പം, എവിടെയാണ് തിരുത്തുവേണ്ടത്, അരാണ് വാസ്തവത്തിൽ മാറേണ്ടത്.

ചിന്ത വാക്കായും വാക്ക് പ്രവർത്തിയായും പ്രവർത്തി ശീലമായും ശീലം സ്വഭാവമായും ആ സ്വഭാവം ഒടുവിൽ വ്യക്തിത്വമായും മാറുമ്പോൾ ഓരോ വ്യക്തിയും തന്റെ ചിന്തകളെ ഉണർത്തി കടമകളും ചുമതലകളും ചെയ്ത് തീർത്ത് അവകാശങ്ങൾ നേടുമ്പോൾ മാത്രമേ ആ ജീവിതം ധന്യമായി എന്ന് പറഞ്ഞു തീർക്കാൻ കഴിയൂ. ചൈൽഡ് ഇൻ ദി ഫാദർ ഓഫ് മാൻ' എന്നാണല്ലോ ചൊല്ല്. ഒരു കുഞ്ഞിന്റെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ആരോഗ്യകരമായ കുടുംബാന്തരീക്ഷം എത്രത്തോളം വിലപ്പെട്ടതാണെന്ന് പറയേണ്ടതില്ല. പരസ്പരധാരണയുടെയും സൗഹൃദത്തിന്റെയും സന്തോഷത്തിന്റെയും അന്തരീക്ഷം കുടുംബങ്ങളിൽ ഗുണപരമായി നിലനിറുത്താൻ ബോധപൂർവമായി നാം ചില രസക്കൂട്ടുകൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

## പാഠം ഒന്ന്

നമ്മുടെ കുഞ്ഞുങ്ങളിൽ എന്ത് മാറ്റം വേണമെന്നാണോ നാം കരുതുന്നത് അത് സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി നാം സ്വയം മാതൃകയാകേണ്ടിയിരിക്കുന്നു. അർഥശൂന്യമായ ഉപദേശങ്ങളും താക്കീതുകളും ഇതിന് പകരമാകില്ലെന്ന് തീർച്ച. കാരണം കുട്ടികൾ കേട്ടുപഠിക്കുന്നതിനേക്കാൾ കൂടുതൽ കണ്ടുപഠിക്കുന്നവരാണ്. ഉയരാനുള്ള ആഗ്രഹം, സ്വപ്നം കാണാനുള്ള കഴിവ്, ഉചിമായ തീരുമാനങ്ങൾ എടുക്കാനുള്ള പ്രാപ്തി, പരാജയങ്ങളിൽ പതറാത്ത മനസ്സ്, വിജയം വരെ പരിശ്രമിക്കാനുള്ള നിശ്ചയദാർഢ്യം, മികച്ച സൗഹൃദങ്ങളും സാമൂഹിക ബന്ധങ്ങളും ഉണ്ടാക്കിയെടുക്കൽ, ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ചങ്കൂറ്റം, മൂല്യങ്ങൾ കാത്തുസൂക്ഷിക്കാനുള്ള ഇച്ഛാശക്തി തുടങ്ങി അനേകം സ്വഭാവ ഗുണങ്ങൾ ഒരു കുടുംബത്തിൽ വളർന്നു വരുന്നത് ഗൃഹാന്തരീക്ഷത്തിൽ നാം വെളിച്ചത്തിലാണ് മറ്റുള്ളവരും ശോഭിക്കേണ്ടത്. അതുകൊണ്ട് തന്നെ നമ്മുടെ കുടുംബാന്തരീക്ഷം സന്തോഷപ്രദമാകാൻ കടമകളിലേക്കും ഉത്തരവാദിത്വങ്ങളിലേക്കും നമുക്ക് കടന്നുചെല്ലാം. ഉൾക്കാഴ്ചകൊണ്ട് നമ്മുടെ ബന്ധങ്ങളെ ദൃഢമാക്കാം. ഇമവെട്ടാതെ കാവലാകാം, കരുതലോടെ നമുക്ക് പരസ്പരം കൈകോർക്കണം. പ്രത്യുപകാരത്തിനായി മാത്രം ഉപകാരം ചെയ്യാതിരിക്കാം.

## തുടക്കം നന്നായാൽ പകുതി നന്നായി...

രാവിലെ ആരാണ് വീട്ടിൽ ആദ്യം ഉണരുക? അമ്മമാരാകാനാണ് സാധ്യ



ത് മറിച്ചും സംഭവിക്കാം. ഒരു പ്രവർത്തി ദിവസത്തിൽ ഏറ്റവും തിരക്കുപിടിച്ച സമയം പ്രഭാതമാണല്ലോ. എല്ലാവർക്കും തിരക്കോട് തിരക്ക്... ഉറക്കെയുള്ള സംസാരം, അനാവശ്യ ശകാരം, ചെറിയ തോതിലുള്ള വഴക്ക് ഇങ്ങനെപോകുന്നു പ്രഭാത കലാപരിപാടികൾ. ഒടുവിൽ ഏറ്റവും അത്യാവശ്യമായ പ്രഭാതഭക്ഷണം ഒഴിവാക്കിയാകും യാത്ര ആരംഭിക്കുക. പ്രഭാത ജോലികളുടെ സ്വഭാവും അതിനുവേണ്ടിവരുന്ന സമയവും ജോലിയുടെ ഭാഗംവയ്ക്കലും അല്പം ശ്രദ്ധയോടെ പ്ലാൻ ചെയ്താൽ ഇതൊരു

പാകുന്ന വിത്തുകളിൽ നിന്നാണ് അവിടെ നിന്ന് വലിച്ചെടുക്കുന്ന വെള്ളവും വളവുമാണ് അതിനെ പരിപോഷിപ്പിക്കുന്നത്.

## സന്തോഷം ഉള്ളിലാണ്

ഉത്തരവാദിത്വത്തോടെ ചുമതലകൾ ഏറ്റെടുത്ത് അവ സ്നേഹത്തോടും സന്തോഷത്തോടും ഏറ്റവും ഭംഗിയായി ചെയ്യുമ്പോൾ ഒരു വ്യക്തിക്ക് ലഭിക്കുന്ന വികാരമാണ് സുഖവും സന്തോഷവും. അതാകട്ടെ സ്വയം ഉള്ളിൽ നിന്ന് തെളിഞ്ഞ് പുറമേക്ക് പ്രകാശം പരത്തേണ്ടതും. ആ

ഗെയിം ആക്കിമാറ്റാം. ദിനകൃത്യങ്ങൾക്ക് സ്വയം സമയം കണ്ടെത്തുന്നതുപോലെ തന്നെ പൊതുവായ ജോലിക്കായും എല്ലാവരും സമയം ചെലവഴിക്കണം. പാചകത്തിന് ഒരു കൂട്ടർ, വീട് വൃത്തിയാക്കാൻ ഒരുകൂട്ടർ, ചെടിനയ്ക്കാനും തുണി അലക്കാനും ഒരു കൂട്ടർ. ഇങ്ങനെ, ജോലി പങ്കുവയ്ക്കുമ്പോൾ വിരസത ഒഴിവാക്കാൻ ജോലി തരംതിരിച്ച് മാറിമാറി ചെയ്യാനും മടിക്കരുത്. പാചകവും അലക്കും എല്ലാം പഠിച്ചാട്ടെ... ഈ തിരക്കിനിടയിലും മുത്തശ്ശിക്കും മുത്തച്ഛനും ഒരോ ഉമ്മ നൽകാൻ പേരക്കുട്ടികളും മറക്കരുത്. ഗൗരമായ പഠനം വേണ്ടിവരുന്ന സമയങ്ങളിൽ കുട്ടികൾ പതിവിലും നേരത്തെ ഉണർന്ന് പഠിച്ചുതുടങ്ങണമെന്ന് പറയണ്ടല്ലോ...



പ്രഭാതഭക്ഷണത്തിൽ എല്ലാവരും ഒരുമിച്ച് തീൻമേശയിൽ കൂടണം... അമ്മ പാചകം ചെയ്ത ഭക്ഷണം കുട്ടികൾ തന്നെ സ്വയം സ്കൂൾ പാത്രങ്ങളിൽ വിളമ്പി തയ്യാറാക്കി സ്കൂളിലേക്ക് കൊണ്ടുപോകാൻ മടി കാണിക്കരുത്. പ്രാതൽ കഴിക്കുമ്പോൾ അച്ഛൻ, താൻ വായിച്ച പത്രത്തിലെ പ്രധാന വാർത്തകൾ പങ്കുവയ്ക്കട്ടെ... എഫ്.എമ്മിൽ അന്ന് രാവിലെ കേട്ട നുറുങ്ങുകൾ അമ്മയ്ക്കും പങ്കുവയ്ക്കാം. മുത്തശ്ശന്റെയും മുത്തശ്ശിയുടെയും മരുന്നിന്റെ കാര്യം കുട്ടികൾ ഓർമിപ്പിക്കണം. അല്പം ശ്രദ്ധിച്ചാൽ ഒരു ദിവസം മനോഹരമായി തുടങ്ങാം. പ്രതികൂലമായ സാഹചര്യങ്ങളെ, അനുകൂലമാക്കാം. സമയമാകുന്ന വില്ലനെ നമ്മുടെ വരുതിയിൽ കൊണ്ടുവരാം. ഇങ്ങനെ മനോഹരമായ കുടുംബ ഐക്യത്തിന്റെ ഊഷ്മള സ്പർശത്തിൽ കുട്ടികൾ വളരട്ടെ... ഇടയിൽ തെറ്റുകൾ സംഭവിക്കാം. വീഴ്ചകൾ ഉണ്ടാകാം... സ്വാഭാവികം... ഏത് സാഹചര്യത്തിലും കുട്ടികളെസ്നേഹിക്കുകയും അവർ ചെയ്തുപോയ തെറ്റിനെ മാത്രം വെറുക്കുകയും വേണം. ഇത്തരം സ്നേഹാന്തരീക്ഷം നിലനിൽക്കുന്നിടത്ത് കാഴ്ചകൾ ഉൾക്കാഴ്ചകളായും അറിവുകൾ തിരിച്ചറിവുകളായും വളരാം. അങ്ങനെ ജീവിതത്തിന്റെ കാഴ്ചപ്പാടുകൾക്ക് കൂടുതൽ ശക്തിയും ഔദാര്യവും ഉണ്ടാകും.


## ഇനി നമുക്ക് പ്രാർഥിക്കാം

സ്നേഹവും ഐശ്വര്യവും സമാധാനവും കുടുംബത്തിൽ വിളങ്ങുന്നതിന് സന്ധ്യാപ്രാർഥനയുടെ പ്രധാന്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. കത്തിച്ചുവച്ച മെഴുകുതിരി വെളിച്ചത്തിൽ ഒരു കുടുംബം മുട്ടുകാലിൽ അല്പനേരം ദൈവത്തോടുകൂടി ആയിരിക്കുക എന്നത് ഓരോ കുടുംബത്തിന്റെയും ശക്തിയും ധൈര്യവുമാണ്. തന്റെ ഏത് പ്രശ്നത്തിനും ദൈവം കൂടെ ഉണ്ട് എന്ന ഉറപ്പിക്കലും തനിക്ക് ലഭിച്ച സൗഭാഗ്യങ്ങൾക്ക് നന്ദി പറച്ചിലുമാകണം പ്രാർഥന. പൊതുവായ പ്രശ്നങ്ങളും മറ്റുമുള്ളവർക്കുവേണ്ടിയുള്ള പ്രാർഥനയും ഉറക്കെപ്പറഞ്ഞ് പ്രാർഥിക്കുന്നത് നല്ലതാണ്. ഒരു മറയും ലജ്ജയും ഇല്ലാതെ മറ്റുള്ളവർക്കുകൂടി വേണ്ടി ഉറക്കെ പ്രാർഥിക്കാൻ പേരുപറഞ്ഞ് പ്രാർഥിക്കാൻ നമുക്ക് ശീലമാക്കാം. കുട്ടികൾ അതുകണ്ട് വളരട്ടെ.

## അത്താഴം ഒത്താകാം

ഇന്നത്തെ തിരക്കുപിടിച്ച ജീവിതത്തിൽ ഒരു കുടുംബത്തിന് സ്വസ്ഥമായി ഒത്തുചേർന്നിരിക്കാൻ ലഭിക്കുന്ന അവസരങ്ങൾ കുറവാണല്ലോ. അത്താഴത്തിന്റെ തീൻമേശയായിരിക്കും പലപ്പോഴും ഈ ഒത്തൊരുമയുടെ വേദി. ചില ശീലങ്ങൾ നാം മാറ്റിയെടുത്ത് മറ്റുചില ശീലങ്ങൾ നാം വളർത്തിയെടുക്കണം. കൈകഴുകി തീൻമേശയിൽ അമ്മ വിളമ്പുന്നതും കാത്തിരിക്കുന്ന ശീലം നമുക്ക് മാറ്റിയെടുക്കാം. ഭക്ഷണം വിളമ്പുന്നത് ഒരുമിച്ചാകട്ടെ. അമ്മയും തീൻ മേശയിലെത്തി എന്ന് ഉറപ്പുവരുത്തി ഭക്ഷണം തുടരാം. ഈ സമയം അന്ന് സംഭവിച്ച ചെറുതും വലതുമായ സംഭവങ്ങൾ ഓരോരുത്തരായി പങ്കുവയ്ക്കട്ടെ... കൂട്ടിച്ചേർക്കലും തിരുത്തലുമാകാം. ഈ അവസരത്തിൽ വെളിപ്പെടുത്തുന്ന നല്ല കാര്യങ്ങൾക്ക് പ്രോത്സാഹനം നൽകണം. അബദ്ധങ്ങൾ ബോധപൂർവം പൊറുക്കണം. തെറ്റുകൾ സ്നേഹശാസനയിൽ തിരുത്തണം. കുട്ടികൾക്ക് ധൈര്യപൂർവം സത്യംപറയാൻ ഒരുവേദി ഉണ്ടെന്ന് തിരിച്ചറിയട്ടെ. തന്റെ ദുഖങ്ങൾക്കും പ്രയാസങ്ങൾക്കും ഒപ്പം കുടുംബം ഒറ്റക്കെട്ടായി കൂടെ എന്നും നിൽക്കുന്നുണ്ടെന്ന തിരിച്ചറിവ് അവന്റെ മനസ്സിന് കരുത്തുപകരട്ടെ. ഇങ്ങനെ ചിരിച്ചും കളിച്ചും ജീവിതത്തിന്റെ ബാലപാഠങ്ങൾ അവർ മാതാപിതാക്കളിൽ നിന്നും പഠിക്കണം. ഒരിക്കലും പ്രശ്നങ്ങളുടെ തുടർ വിചാരണയ്ക്ക് ആ വേദി കളമൊരുക്കരുത്. വേണ്ടി വന്നാൽ സ്വകാര്യ തിരുത്തലുകൾ ആകാമല്ലോ. ഭക്ഷണം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും വിവിധ രൂപത്തിലുള്ള പാത്രങ്ങൾ നാം ക്രമീകരിക്കുന്നതുപോലെ അതായത് ചോറ്, വിളമ്പാൻ തവി, അച്ചാറിന്

*(ശേഷം 26-ാം പേജിൽ)*



കവിത

സൂസി പെരേര വി.

# കൊറോണ ചൊല്ലിത്തന്ന പാഠങ്ങൾ

കുഞ്ഞായിരിക്കെ പാഠശാലയിൽ നിന്നും
ഗുരു പകർന്നുള്ളതാം നല്ലോരറിവുകൾ
ചെയ്തുശീലിക്കേണമെന്നു കൊറോണ.
ഒരുവന്റെയുള്ളിൽ നിന്നുവമിക്കുന്ന
കാര്യങ്ങളത്രേയശുദ്ധിതൻ കാരണ
മെന്നുള്ള ഗുരുപ്രോക്തമന്വർത്ഥമാക്കി
മുഖാവരണം ചൂടിയ മാനവൻ.
കരതലേപറ്റിയ സൂക്ഷ്മാണുവെങ്ങാനു-
മബദ്ധത്തിലുള്ളിൽ കടക്കാതിരിക്കുവാൻ
കൈ കഴുകണമെന്നായീ കൊറോണ.
മാലിന്യപൂരിതപാണികൾക്കൊപ്പം
മനതാരും ശുദ്ധമായീടണമെന്നുള്ള
ബോധ്യമങ്ങാർക്കാനും കിട്ടിയെന്നാകിൽ
കൃതാർഥയായ് തീരും കൊറോണയെന്നും!
രോഗാതുരനായുള്ളൊരു പുരുഷൻ
പാലിക്ക ക്വാറന്റൈനെന്നു കൊറോണ
കൂട്ടങ്ങൾ പാടില്ലെന്നോതീ കൊറോണ
സാമൂഹ്യവ്യാപനപ്പൊരുൾ പഠിപ്പിച്ചു
വീട്ടിലും നാട്ടിലുമതിർത്തിയിലും
താഴിട്ടുപൂട്ടി കൊറോണ നമ്മെ
ആഘോഷമില്ല, ആരവമില്ല
ആരാധനാനുഷ്ഠാനമേതുമില്ല
സമ്മേളനങ്ങളോ സമരമുറകളോ
തീരെയില്ലാത്തൊരീ കൊറോണക്കാലം
"മതമേതുമാകട്ടെ, മർത്യൻ നന്നായീടണ'-
മെന്നുള്ള മന്ത്രം നാം ലോക്കുചെയ്യേണം.
'അഹം ബ്രഹ്മാസ്മി' മന്ത്രമുരുവിട്ടു-
ന്മാദിയായൊരു മാനുഷനും
സ്രഷ്ടാവിൻ ദാനത്തെ വിസ്മരിച്ചെന്നും
തൻഭുജബലത്തിങ്കലാശ്രയിച്ചു
പ്രളയമാണ് മാരിയായ് ഓഖിയായ്
വന്നുപാഠങ്ങളോരോന്ന് ചൊല്ലിത്തന്നൂ
ഭീതിയാൽ പകച്ചുള്ള മർത്യരെല്ലാം
ദൈവത്തിലാശ്രയം തേടിയല്ലോ
ദൈവത്തിൻ സ്വന്തമാം കേരളദേശത്തെ
നന്മകൾ കണ്ടൂ വിശുദ്ധ കൊറോണ!
പഠിപ്പിച്ച പാഠങ്ങൾ പാലിച്ചിടാ-
നോർമ്മപ്പെടുത്തലും നൽകി, പിന്നെ
യനുഗ്രഹമാരി ചൊരിഞ്ഞുകൊണ്ടേ
യാത്രയായീടുവാനൊരുങ്ങീടുന്നു.
മികച്ചൊരു മാതൃക ലോകത്തിനേകുവാൻ.



ഫീച്ചർ

ഇഗ്നേഷ്യസ് തോമസ്

# ലോക്ഡൗൺ കാലത്തെ രുചിഭേദങ്ങൾ

അതുപോലെ തന്നെ ദുഃഖം മാത്രം അനുഭവിക്കാനുമുള്ളതല്ല. കോവിഡ് കാലം എല്ലാ മനുഷ്യർക്കും നൂതനാനുഭവങ്ങൾ നല്കി. ഒരർത്ഥത്തിൽ വീട്ടുതടങ്കലിൽ കഴിയാൻ എല്ലാവരും നിർബന്ധിതരായി. സാമൂഹ്യ അകലം പാലിക്കപ്പെട്ടുവെങ്കിലും കുടുംബാംഗങ്ങൾ തമ്മിലുള്ള അകലം കുറഞ്ഞു. സാമൂഹ്യ ബന്ധത്തിന്റെ ഇഴകൾ ദുർബലമായപ്പോൾ കുടുംബ ബന്ധങ്ങളുടെ ഇഴ അടുപ്പം ദൃഢമായി. കുടുംബത്തിൽ അംഗങ്ങൾ തമ്മിൽ ശരിയായ ആശയവിനിമയം നടന്നു. പ്രാർത്ഥനാ ജീവിതം ചൈതന്യ പൂർണ്ണമായി. ആഡംബരം, ധൂർത്ത്, അനാവശ്യ യാത്രകൾ ആഘോഷങ്ങൾ ഇവക്കെല്ലാം രൂപമാറ്റം സംഭവിച്ചു. ഈ വിധത്തിലും ജീവിതത്തെ മുന്നോട്ടു കൊണ്ടു പോകാം എന്ന പാഠവും നാം പഠിച്ചു.

ജീവസന്ധാരണത്തിനായി അബുദാബിയിലേക്ക് പോയ 46 വയസ്സുകാരൻ കെനി ഫ്രെഡി ജീവിതം കരുപ്പിടിപ്പിച്ചു വരുകയായിരുന്നു. നാട്ടിൽ ഭാര്യയും 7 വയസ്സുള്ള മകനും അമ്മയും സഹോദരങ്ങളും ഏറെ പ്രതീക്ഷകളോടെയാണ് എല്ലാ ദിവസവും ആ ശബ്ദത്തിനായി കാത്തിരിക്കുക! ലോക്ഡൗൺ തുടങ്ങിയതോടെ കൂടുതൽ നേരം സംസാരിക്കാനും മെസേജുകളയക്കാനും കെനി സമയം കണ്ടെത്തി. മേയ് ഒന്നോടുകൂടി സന്ദേശങ്ങളും സംസാരവും നിലച്ചു. വീട്ടുകാർ അസ്വസ്ഥരായി റൂമിൽ താമസിക്കുന്ന സുഹൃത്തുക്കളെ ഫോണിലൂടെ ബന്ധപ്പെട്ടു. ആരിൽ നിന്നും മറുപടിയില്ല. അവസാനം അടുത്ത ബന്ധുവിൽ നിന്ന് ആ വാർത്തയറിഞ്ഞു. കെനി ആശുപത്രിയിലാണ്. വീട്ടിൽ കൂട്ട നിലവിളികളുയർന്നു. ഒപ്പം തുടർച്ചയായ പ്രാർത്ഥനകളും. തുടർന്ന് ലഭിച്ച വാർത്തകളെല്ലാം ഉദ്വേഗജനകമായിരുന്നു. മേയ് 7 ന് ഉച്ചക്ക് 12 മണിയോടെ ഏറ്റവും ദുഃഖകരമായ വാർത്ത കുടുംബാംഗങ്ങൾ ശ്രവിച്ചു. കെനി മരണത്തിന് കീഴടങ്ങി. മൃതശരീരമെങ്കിലും നാട്ടിലെത്തിക്കാനാകുമോ എന്ന് അന്വേഷണം തുടങ്ങി. കോവിഡ് ബാധിച്ചു മരിച്ചയാളുടെ മൃതദേഹം നാട്ടിൽ കൊണ്ടുവരാനാകില്ലെന്ന യാഥാർത്ഥ്യം വീട്ടുകാർ തിരിച്ചറിഞ്ഞു. വിധിയുടെ ക്രൂരതക്ക് മുമ്പിൽ കുടുംബം പകച്ചു നിന്നു. കെനിയുടെ ഭാര്യയുടെ അച്ഛനും അമ്മയും കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്ത് മകളുടെയടുത്തെത്തി ചേരാനാവാത്തതിന്റെ അസ്വസ്ഥതകളും നീറി പുകയുന്നു.

കോവിഡ്കാലത്തെ ദുഃഖകരമായ എത്രയെത്ര വാർത്തകൾ വായിച്ചും കേട്ടും നാം അറിഞ്ഞിരിക്കുന്നു. ഈ കാലയളവിൽ ഉടലെടുത്ത പ്രതിസ

സന്ധികളിലൂടെ കടന്നുപോയ മനുഷ്യരുടെ പ്രതികരണമാണ് ഏറെ ശ്രദ്ധേയമാകുന്നത്. പ്രതിസന്ധികളോട് പലരീതിയിൽ നമുക്ക് പ്രതികരിക്കാൻ കഴിയും. ചിലർ ഭയപ്പെടും മറ്റു ചിലർ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടും. വേറെ ചിലർ മറ്റു വഴികൾ തേടും. ഭയപ്പെടുന്നവർക്ക് ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകാനാവില്ല. അതി ജീവിക്കാൻപറ്റാത്ത പ്രശ്നങ്ങളൊന്നുമില്ല. ഓരോ പ്രതിസന്ധിക്കും ഒരു പ്രതിവിധിയുണ്ടാകും. പ്രതിസന്ധികളോട് പുലർത്തുന്ന സമീപനമാണ് പ്രധാനം. സമയം കൊണ്ടും സമീപനം കൊണ്ടും ഏത് പ്രതിസന്ധിയേയും മറികടക്കാനാവും.

സംഭ്രാന്തമകമായ ഈ കാലഘട്ടത്തിൽ വീട്ടിനുള്ളിൽ തളച്ചിടപ്പെട്ട കുടുംബങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ അത്ഭുതാവഹമാണ്. ദമ്പതികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഗ്രാഫ് ഉയർന്നത് എടുത്ത് പറയേണ്ട പ്രത്യേകതയാണ്. ഒരു പക്ഷേ കല്ല്യാണം കഴിഞ്ഞ് മധുവിധുകാലം പോലെയെന്ന് ഈ സമയത്തെ വിശേഷിപ്പിക്കാം. പുരുഷന്മാരുടെ ഔദ്യോഗിക ജീവിതമാണ് ഏറ്റവും തിരക്കു പിടിച്ചതെന്നും അവരുടെ പ്രശ്നങ്ങളും നേരിടുന്ന പ്രതിസന്ധികളുമാണ് ഏറ്റവും വലുതെന്നും ചിന്തിച്ചവർക്ക്, രാവിലെ മുതൽ രാത്രിവരെ ഗൃഹഭരണം ഭംഗിയാക്കാൻ സ്ത്രീകൾ നടത്തുന്ന അദ്ധ്വാനത്തെക്കുറിച്ച് മനസ്സിലാക്കാനുള്ള അവസരമായി ഈ ലോക്ഡൗൺ കാലം.

പൊഴിയൂർ സ്വദേശിയും ഫുട്ബോൾ കോച്ചുമായ ക്ലെയോഫസ് പറയുന്നത് വിദ്യാർത്ഥികളെ പരിശീലിപ്പിക്കാനും മറ്റ് ഔദ്യോഗിക കാര്യങ്ങൾക്കുമായി രാവിലെ ഭവനത്തിൽ നിന്നിറങ്ങി സന്ധ്യക്ക് വീട്ടിൽ എത്തിച്ചേരുമ്പോൾ വീട്ടിലെ പ്രശ്നങ്ങളറിയാനോ വീട്ടുകാരുമായി സംസാരിക്കാനോ സമയം ലഭിക്കാറില്ലായിരുന്നു. എന്നാൽ കുടുംബത്തോടൊപ്പം കഴിഞ്ഞപ്പോഴാണ് രാവിലെ മുതൽ രാത്രി വരെ അടുക്കളയിൽ ചെലവഴിക്കുന്നവരുടെ അദ്ധ്വാനവും ബുദ്ധിമുട്ടുകളും യഥാർത്ഥത്തിൽ മനസ്സിലാക്കാനായത്.

ഭയപ്പാടോടെയും ഉത്കണ്ഠയോടെയും കഴിച്ചു കൂട്ടിയ നാളുകൾ; പുറത്തിറങ്ങാനോ അയൽക്കാരെ കാണാനോ സംസാരിക്കാനോ സാധിക്കാത്ത അവസ്ഥ എന്നാണ് ഗായകനും പൊതുപ്രവർത്തകനും വിഴിഞ്ഞം സ്വദേശിയുമായ അഡോൾഫ്, കോവിഡ് കാലത്തെപറ്റി സ്മരിക്കുന്നത്. സംഘർഷപൂരിതമായ സാഹചര്യത്തിൽ കവിതകൾ വായിച്ചും സംഗീതം ശ്രവിച്ചും പ്രത്യേകിച്ച് ഗസലുകളും ഹിന്ദിഗാനങ്ങൾ ശ്രവിച്ചും മനസ്സിലെ സംഘർഷങ്ങൾ വഴിതിരിച്ചുവിട്ടു. കുറെ പാട്ടുകൾ സ്വയം പാടി ഓർക്കസ്ട്രേഷൻ നല്കി. സോഷ്യൽ മീഡിയയിലൂടെ ആശയങ്ങൾ പങ്കുവച്ചും മുന്നോട്ടു പോയി. രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിൽ ഓൺലൈനിലൂടെ അഭിപ്രായങ്ങൾ പങ്കുവച്ചും പൊതു പ്രശ്നങ്ങൾ, ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തിയും മുന്നോട്ടുപോയി.

ലോക്ഡൗൺ കാലത്ത് അനുഭവിച്ചുപോരുന്ന ദുരന്തങ്ങളെക്കുറിച്ച് ഓർക്കുമ്പോൾ ഉള്ളിൽ ഭയമാണുസാറെ. പണിയില്ല. കുറച്ചരിയും കുറച്ച് സാധനങ്ങളും 2000 രൂപയും കിട്ടിയാൽ തന്റെ ഏഴംഗ കുടുംബം എങ്ങനെ കഴിഞ്ഞുപോകും. പുരക്ക് പുറത്തേക്ക് ഒന്നിറങ്ങാൻ പറ്റുമോ. വായും മൂക്കും മൂടിക്കെട്ടി പേടിച്ചുപേടിച്ചുവേണം വഴിയിലേക്ക് ഒന്നിറങ്ങാൻ. ഇവിടെ കടകളൊക്കെ തുറക്കാൻ തുടങ്ങിയിട്ട് രണ്ടാഴ്ചയേ ആയുള്ളൂ. പോലീസ് കണ്ടാൽ ഓടിക്കും. ഒരിക്കൽ അപ്പന് പ്രമേഹ ഗുളികയും വാങ്ങി വരുമ്പോൾ പോലീസ് ചോദിച്ചു എന്താടാ ഇത്? മര്യാദയ്ക്ക് വീട്ടിലിരിക്കാൻ പാടില്ലേ? എന്നിട്ട് പോലീസ് പറയുവാ, ഇത്രയും മതിയോടാ എന്ന്? ഇവിടെ മീനില്ല സാറേ, ഉള്ളതിനോ തീപിടിച്ച വില. മത്സ്യത്തൊഴിലാളിയായ മാർട്ടിൻ ഇത് പറയുമ്പോൾ കടലിലേക്ക് നോക്കി നിൽക്കുന്ന ആ കണ്ണുകളിൽ ഭീതി നിറയുന്നത് കാണാം. ഇത്തിരി മീനില്ലാതെ പിള്ളേർക്ക് ചോറ് ഇറങ്ങില്ല. പിന്നെ ഉള്ളിയും മുളകും വേണ്ടേ? മാർട്ടിൻ ചോദ്യങ്ങളിലേക്ക് കടന്നപ്പോൾ ഒരു മറുചോദ്യം എറിഞ്ഞു. എങ്ങനെ ഇപ്പോൾ സാധനം കിട്ടുമോ? നിർത്തി സാറേ. അതൊക്കെ അന്നേ നിർത്തി. അതുകൊണ്ട് ആദ്യമൊക്കെ വല്യ പ്രയാസമായിരുന്നു. ഇപ്പോൾ അഡ്ജസ്റ്റ് ചെയ്തുപോകുന്നു. വീട്ടിൽ തന്നെ ഉള്ള ഇരിപ്പല്ലേ. വീട്ടുകാരത്തിക്കും മക്കൾക്കും ഇപ്പോൾ എന്നെ വലിയ കാര്യമാ. പ്രാർഥനയൊക്കെ? സന്ധ്യയായാൽ അതുകഴിഞ്ഞേ ചോറു കോരൂ. പിന്നെ പള്ളിയിലൊന്നും പോകണ്ടല്ലോ? മുന്നിലെ വീട്ടിൽ ടിവിയിലും മൊബൈലിലും ഞങ്ങളുടെ പള്ളിയിലെ പൂജയുണ്ട്. ഞാൻ പോകാറില്ല. ഇവിടുന്ന് അപ്പനും പിള്ളേരും അത് കാണാൻ പോകും. ഒരുകണക്കിന് കൊറോണ ഒരു ഗുണമല്ലേ സാറേ? പട്ടിണിയില്ലായിരുന്നെങ്കിൽ. മാർട്ടിൻ തുടർന്നുകൊണ്ടേയിരുന്നു.

പള്ളിത്തുറയിലെ മത്സ്യത്തൊഴിലാളിയായ ആന്റണിയുടെ പരാതി കോവിഡ് കാലത്തെ തൊഴിൽ നഷ്ടത്തെക്കുറിച്ചാണ്. കടൽക്ഷോഭം കൂടി കടന്നുവന്നതോടെ എല്ലാ പ്രതീക്ഷ



കളും തകിടം മറിഞ്ഞു. സർക്കാരിൽ നിന്നുകിട്ടിയ 25 കിലോ അരി, ഭക്ഷ്യധാന്യകിറ്റ് ഫിഷറീസ് മന്ത്രിയുടെ നേതൃത്വത്തിൽ വിതരണം ചെയ്ത 2000 രൂപയും ഇടവകയിൽ നിന്നനുവധിച്ച 1000 രൂപയും ഇതെല്ലാം കൊണ്ടാണ് ലോക്ഡൗണിൽ പിടിച്ചു നിൽക്കേണ്ടത്. കർക്കിടകം കടന്നുവരുന്നു. തൊഴിലെടുക്കാൻ കഴിയാത്തതിന്റെ വിഷമം ഒരുവശത്ത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ വേറൊരു വശത്ത്. നിരാശാ പൂർണമായ ദിനരാത്രങ്ങളാണ് തള്ളിനീക്കുന്നത്. മലപ്പുറം വരെ ബോട്ടിൽ മത്സ്യബന്ധനത്തിന്

പോകുമായുന്നു. ജില്ലവിട്ടുപോകാൻ നിരോധനം വന്നതോടെ തൊഴിലെടുക്കാൻ വയ്യാത്ത സ്ഥിതിയായി. ഇക്കാലത്ത് വീട്ടിൽ മക്കളോടൊപ്പം കഴിച്ചുകൂട്ടി. ദൈവത്തിലും പ്രാർഥനയിലും ആശ്രയിച്ച് മുന്നോട്ടുപോകുന്നു – ആന്റണി പറഞ്ഞു.

കുടുംബ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ മാസത്തിലൊരു ദിവസം ലോക്ഡൗൺ വേണമെന്നാണ് വെട്ടുകാട് ഇടവകാംഗം ഫ്രീഡ റ്റീച്ചറുടെ അഭിപ്രായം. ലോക്ഡൗൺ കാലത്തെ തീവ്രാനുഭവങ്ങളുടെ വെളിച്ചത്തിലാണ് റ്റീച്ചർ ഇങ്ങനെ പറയുന്നത്. കുടുംബാംഗങ്ങളുടെ ഒത്തൊരുമിച്ചുള്ള പ്രാർത്ഥനയിലൂടെയും ഒരുമിച്ച് ദിവ്യബലി ടി.വി.യിലൂടെ കണ്ടും സഹോദരങ്ങൾ ഒന്നിച്ച് ആരാധനനടത്തിയും ഹൃദയ ഐക്യം ദൃഢപ്പെടുത്തി. ഫോണിലൂടെ ബന്ധുജനങ്ങളുടെയും സുഹൃത്തുക്കളുടെയും സുഖവിവരങ്ങൾ തിരക്കിയും രോഗികളായവർക്കു വേണ്ടി ഫോണിലൂടെ ആശ്വാസവചനങ്ങൾ പറഞ്ഞും ഈ കോവിഡ് കാലം അനുഗ്രഹപ്രദമാക്കി. മക്കൾ വ്യത്യസ്തങ്ങളായ വിഭവങ്ങൾ തയ്യാറാക്കി, എല്ലാവരും ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചും തമാശകൾ പറഞ്ഞും ഗൃഹാന്തരീക്ഷത്തെ മധുരതരമാക്കി.

കോവിഡ്കാലം അലസഗമനം നടത്താനോ മനസ്സിനെ ആകുലതകളും ആശങ്കളും കൊണ്ടു നിറക്കാനോ തുനിയാതെ ക്രിയാത്മക പ്രവർത്തനങ്ങളും പഠനങ്ങളും നടത്തി ജീവിതത്തെ ആനന്ദഭരിതമാക്കിയ വിജയമന്ത്രം വിശദമാക്കുകയാണ് പേട്ട ഇടവകാംഗമായ ആർക്ക് എയ്ഞ്ചലോ. വിരഹങ്ങളോടും വിരസതയോടും സാമൂഹ്യ അകലം പാലിച്ചുകൊണ്ട് പ്രഭാതം മുതൽ പ്രദോഷംവരെ സജീവമായി ചിലവഴിച്ചുവെന്നതാണ് വസ്തുത. ഏതാണ്ട് 25 വർഷത്തോളമായി മുടങ്ങാതെ അനുദിന ദിവ്യബലിയിൽ പങ്കുകൊള്ളുമായിരുന്നു. പെട്ടെന്ന് ദിവ്യബലിയില്ലാത്ത അവസ്ഥ, അസ്വസ്ഥയുളവാക്കിയെങ്കിലും തിരിവനന്തപുരം മീഡിയാ കമ്മീഷന്റെ ലൈവ് സ്ട്രീമിംഗിലൂടെ ദിവസവും ദിവ്യപൂജ കാണാനവസരം ലഭിച്ചു. മകളും മരുമകനും പേരക്കുട്ടിയും ഒന്നിച്ച് സമയം പങ്കുവച്ചിട്ട് നാളുകളേറെയായിരുന്നു. എല്ലാവരും ഒരുമിച്ചുള്ള കൂടിവരവും കളിചിരികളും തമാശകളും ചർച്ചകളും ഈ കാലത്ത് സജീവമായി. ഹൃദ്യവും സന്തുഷ്ടവുമായ ഗൃഹാന്തരീക്ഷം ഈ കോവിഡ് കാലത്തിന്റെ മാത്രം പ്രത്യേകതയായിരുന്നു.

ജീവിതമെന്നത് തിരക്കുപിടിച്ച ഓട്ടമായിരുന്നു. ഗൾഫ് നാട്ടിൽ നിന്ന് അവധിക്കാലം ചിലവഴിക്കാൻ വരുന്ന അ അഞ്ചുതെങ്ങ് സ്വദേശി വർഗീസിന് തന്റെ അദ്ധ്യാപികയായ ഭാര്യ ബിനുവിനെക്കുറിച്ച് പറയാനുള്ളത് ഇതാണ്. “സ്കൂൾ അവധി തുടങ്ങിയാൽ പരീക്ഷാ പേപ്പർ വ്യാലുവേഷൻ; അത് കഴിഞ്ഞ് അദ്ധ്യാപക പരിശീലനം തുടർന്ന് സ്കൂളിൽ സ്പെഷ്യൽ ക്ലാസ്സുകൾ അങ്ങനെ 2 മാസം വളരെ പെട്ടെന്ന് അവസാനിക്കും. എന്നാലീ അവധിക്കാലം ഭാര്യ വീട്ടിലുണ്ടായത് അനുഗ്രഹമായി മാറി.” കുടുംബത്തോടൊപ്പം ഒന്നിച്ച് കഴിയുവാനുള്ള ഭാഗ്യം ഗൃഹാന്തരീക്ഷത്തെ ധന്യമാക്കി. പുതിയ പാചകരീതികൾ പഠിച്ചു. പാചകം ചെയ്യുമ്പോൾ മക്കൾ സഹായത്തിന് സന്നദ്ധരായി മുന്നോട്ടുവരുന്ന പുതിയ അനുഭവം സന്തോഷം നല്കുന്നു. ജോലികളിൽ ഒരുമിച്ച് വ്യാപൃതരാകുന്നത് മനസ്സിന് എന്തെന്നില്ലാത്ത ആനന്ദം പകരുന്നുവെന്ന് ബിനു വർഗ്ഗീസും പറയുന്നു. ഏപ്രിൽ 14 ന് നിശ്ചയിച്ചിരുന്ന മകന്റെ വിവാഹം മാറ്റിവയ്ക്കേണ്ട സാഹചര്യവും ഇതിനിടയിലുണ്ടായി.

ഞായറാഴ്ചകളിൽ 8 ദിവ്യബലികൾക്ക് വേണ്ടി ക്രമീകരണങ്ങൾ നടത്തിയിരുന്ന പാളയം സെന്റ് ജോസഫ്സ് മെട്രോപൊളീറ്റൻ കത്തീഡ്രലിലെ സാക്രിസ്റ്റിൻ ആന്റണിക്ക് പുതിയ സാഹചര്യങ്ങളോട് ഇഴുകി ചേരുന്നതിൽ വളരെ മനപ്രയാസമുണ്ടായിരുന്നു. ഇന്നും എല്ലാ ദിവസവും അനുദിന ദിവ്യബലിക്ക് വേണ്ടിയുള്ള സജീകരണങ്ങൾ ചെയ്യാൻ രാവിലെ 5 മണിയോടെ ദൈവാലയത്തിൽ എത്തുന്നു. ദിവ്യബലികളുടെ എണ്ണം കുറഞ്ഞെങ്കിലും അനുദിനം ചെയ്യേണ്ട ജോലികൾ കൃത്യമായി ചെയ്തുവരുന്നു.

തുത്തൂർ സ്വദേശിയും റിട്ട. കോളേജ് പ്രൊഫസറുമായ അൽബാരസ് ഈ കോവിഡ് കാലം പഠനത്തിനും ഗവേഷണത്തിനും ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന പ്രവർത്തനങ്ങൾക്കുമായാണ് സമയം വിനിയോഗിച്ചത്. ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചയുടൻ തന്നെ സെന്റ് ജേക്കബ്സ് ബി.എഡ്.കോളേജ് പ്രിൻസിപ്പാളായി ചുമതലയേറ്റിരുന്നു. ഒപ്പം മരിയൻ കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ ചരിത്രാദ്ധ്യാപകനായി സേവനവുമാരംഭിച്ചു. ലോക്ഡൗൺ കാലത്തെ ഗൃഹജീവിതത്തിൽ കുടുംബാംഗങ്ങളോടൊത്ത് കൂടുതൽ സമയം വ്യയം ചെയ്തതോടൊപ്പം ഒന്നിച്ചു പ്രാർത്ഥിക്കാനും അവസരം ലഭിച്ചതിൽ സന്തുഷ്ടനാണ്.

രോഗിയായ പിതാവിനെ പരിചരിക്കുവാനും ഒപ്പം കുടുംബത്തോടൊപ്പം കൂടുതൽ സമയം ചിലവഴിക്കുവാനും സാധിച്ചതിലുള്ള സന്തോഷത്തിലാണ് പള്ളിത്തുറ സ്വദേശിയും അദ്ധ്യാപികയുമായ ബീനാ സെലസ്റ്റിൻ. സ്കൂൾ വിട്ടു കഴിഞ്ഞാൽ പിതാവിനെ ഡയാലിസിസിന് ആശുപത്രിയിൽ കൊണ്ടുപോയിരുന്നത് ടീച്ചറാണ്. ഏറെ വൈകിയാണ് തിരികെ വീട്ടിലെത്തുക. അപ്പോൾ മക്കളുറങ്ങിയിട്ടുണ്ടാകും. അവരുടെ കാര്യങ്ങൾ നോക്കാനോ ഇഷ്ടമുള്ള ആഹാരം അവർക്ക് പാകം ചെയ്തു നല്കാനോ സാധിക്കാത്ത അവസ്ഥ. ഈ കാലഘട്ടത്തിൽ അവർക്കുവേണ്ടി ഇഷ്ടപ്പെട്ട വിഭവങ്ങളൊരുക്കി നല്കാൻ കഴിഞ്ഞതിലുള്ള സംതൃപ്തിയും ഒപ്പം പ്രാർത്ഥനാ ജീവിതത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിഞ്ഞതും സന്തോഷകരമായി ടീച്ചർക്ക് അനുഭവപ്പെടുന്നു.

ഏറെ അനിശ്ചിതത്വത്തിലും ആകുലതകൾക്കുമിടയിലൂടെ കടന്നുപോയ ലോക്ഡൗൺ കാലത്ത് ശാന്തമായും സ്വസ്ഥമായും ക്രിയാത്മകതയോടെയും കുടുംബത്തോടൊപ്പം ചിലവഴിക്കാനാണ് മൂങ്ങോട് സ്വദേശിയായ നോവൽ പെരേര പരിശ്രമിച്ചത്. ധാരാളം സമയം ലഭിച്ചത് അലസമായി ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകാനല്ല എന്ന തിരിച്ചറിവിൽ, രാവിലെ കൃത്യമായി ഉണർന്ന് യോഗയും ധ്യാനവും നടത്തി സ്വാസ്ഥ്യം നിലനിർത്തി. കുറെയധികം പുസ്തകങ്ങൾ വായിച്ച് തീർക്കാനും ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി ചെയ്യാനും ആരംഭിച്ചു. വിശപ്പിന്റെ വില എന്തെന്നറിയാനും മറ്റുള്ളവരോട് കൂടുതലായി കരുതലും സ്നേഹവും കാട്ടേണ്ടതുണ്ടെന്ന ചിന്തയും ഈ ദിവസങ്ങളിലുണ്ടായി. ■




# ആർക്കൊക്കെ 'രോഗീലേപനം' എന്ന കൂദാശ സ്വീകരിക്കാം?



തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ പൂന്തുറ ഇടവകാംഗമാണ് ഞാൻ. വീട്ടിൽ ആരെങ്കിലും മരണാവസ്ഥയിലാകുമ്പോൾ അന്ത്യകൂദാശ കൊടുക്കാൻ പള്ളിയിൽചെന്ന് അച്ചനെ കൂട്ടിക്കൊണ്ടുവരാൻ എന്റെ പൂർവ്വികർ പറയുന്നത് വർഷങ്ങൾക്ക്മുമ്പ് കേട്ടിട്ടുള്ളത് ഞാൻ ഓർക്കുന്നു. പിന്നീട് "അന്ത്യകൂദാശ" എന്നതിനുപകരം "രോഗീലേപന കൂദാശ" എന്നു പറയുന്നതാണ് കേൾക്കുന്നത്. അങ്ങനെയെങ്കിൽ എല്ലാത്തരം രോഗികൾക്കും "രോഗീലേപന കൂദാശ" സ്വീകരിക്കാൻ കഴിയുമോ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 10041007, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 15141515, രോഗീലേപന കർമ്മക്രമം (OUI) 815 എന്നിവയാണ് രോഗീലേപനത്തിന്റെ സ്വീകർത്താക്കൾ ആരൊക്കെയെന്ന് വിവരിക്കുന്നത്. അതനുസരിച്ച് രണ്ടുതരം വിശ്വാസികൾക്ക് രോഗീലേപനം സ്വീകരിക്കാനാകും. 1. തിരിച്ചറിവ്/ആലോചനാശക്തി പ്രാപിച്ച ശേഷം ഗൗരവമായ രോഗാവസ്ഥയിലെത്തിയ വിശ്വാസി; 2. വാർദ്ധക്യത്താൽ ആരോഗ്യത്തിന് ഗൗരവമായി കോട്ടം വന്ന വിശ്വാസി.

രോഗീലേപനത്തിന്റെ സ്വീകർത്താക്കളെക്കുറിച്ച് പറയുന്ന ഭാഗം ഈ കൂദാശ സ്വീകരിക്കാൻ പാടില്ലാത്തവരെക്കുറിച്ചും പ്രത്യക്ഷമായും പരോക്ഷമായും പറയുന്നു. അതനുസരിച്ച് രണ്ടുതരം വിശ്വാസികൾ രോഗീലേപനം സ്വീകരിക്കുന്നതിൽനിന്നും പ്രത്യക്ഷമായി വിലക്കപ്പെട്ടിരിക്കുന്നു. 1. മരണമടഞ്ഞ വിശ്വാസികൾ (OUI 15); 2. പരസ്യവും മാരകവുമായ പാപത്തിൽ കഠിനഹൃദയത്തോടെ / ദൃഢചിത്തതയോടെ തുടരുന്ന വിശ്വാസി (CIC 1007; OUI 15) കൂടാതെ തിരിച്ചറിവ്/ആലോചനാശക്തി പ്രാപിച്ചിട്ടില്ലാത്ത കുട്ടികൾക്കും രോഗീലേപനം നല്കേണ്ടതില്ലെന്ന് CIC 1004, OUI 12 എന്നിവ പരോക്ഷമായി വിലക്കുന്നു.

ഇനി താങ്കളുടെ സംശയത്തിലേക്കുവരുന്നു. CIC 1004 1007, CCC 15141515, OUI 812 എന്നിവ പ്രകാരം, തിരിച്ചറിവ് വന്നശേഷം രോഗത്താലോ വാർദ്ധക്യത്താലോ ആരോഗ്യത്തിന് ഗൗരവമായ കോട്ടംവന്ന വിശ്വാസികൾക്ക് രോഗീലേപനം സ്വീകരിക്കാവുന്നതാണ്. ■

തുടർമഴ ........................ 16

● ഫാ. ലെനിൻ ഫെർണാണ്ടസ്

ലൂക്ക. 7:1–10 "ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു" എന്ന സുവിശേഷ ഭാഗം ആധാരമാക്കിയ കഥ.

# ഒരടിമയുടെ ഉൾച്ചലനങ്ങൾ

കാസിയോ, എന്ന അവന്റെ പേര് അവൻ ഓർക്കുന്നതും വിളിക്കപ്പെടുന്നതും തന്നെ ഈ ശതാധിപന്റെ ഭവനത്തിൽ എത്തിയതിന് ശേഷം മാത്രമാണ്. ഒരടിമയായ എനിക്ക് എന്തിനാണ് പേര്. പേരും മുഖവും ഇല്ലാത്ത അടിമകൾ ഞങ്ങൾ. മനുഷ്യരുടെ മൃഗീയ വാസനകൾക്കും നേരമ്പോക്കുകൾക്കും ആവശ്യങ്ങൾക്കും മാത്രമായി സൃഷ്ടിക്കപ്പെട്ട് വെറും ഉപകരണങ്ങൾ ഞങ്ങൾ അടിമകൾ. ചവിട്ടിയരയ്ക്കപ്പെട്ട പൂക്കളാണ് ഞങ്ങൾ. എന്തോ വലിയ ഭാഗ്യം കൊണ്ടുമാത്രം ഞാൻ ഈ ജയമാനന്റെ കീഴിൽ ഇവിടെ എത്തി. ഇതിന് മുൻപുണ്ടായിരുന്ന സ്ഥലം പീഡനങ്ങളുടേയും അവഗണനയുടേയും കൂത്തരങ്ങായിരുന്നു. ചാട്ടവാറടികളേറ്റ് പുറം പൊട്ടുമ്പോൾ പച്ചിലമരുന്നുവച്ച് മുറിവുണക്കാൻ മാത്രമാണ് ഞങ്ങൾ അടിമകൾ ഒരുമിച്ചുകൂടിയിരുന്നത്. ഭക്ഷണം കഴിക്കുമ്പോഴും ജോലി ചെയ്യുമ്പോഴും ഒന്നും ഞങ്ങൾ അധികം സംസാരിക്കാറേ ഇല്ല. ഉള്ളിൽ എന്നും പ്രതിഷേധത്തിന്റെ അഗ്നി എരിഞ്ഞുകൊണ്ടിരുന്നുവെങ്കിലും എതിർക്കാനാവാത്തവിധം ഞങ്ങളുടെ ആത്മവിശ്വാസം ഖനീഭവിച്ചിരുന്നു. ഞങ്ങൾ സ്നേഹവും പരിഗണനയും അർഹിക്കാത്ത വെറും മൃഗങ്ങൾ മാത്രമാണെന്ന് അവർ തന്നെ ഞങ്ങളെ പറഞ്ഞുപഠിപ്പിച്ചു. ഒരുമൃഗവും അടിമയും തമ്മിൽ എന്താണ് വ്യത്യാസം എന്ന് ചോദിച്ചാൽ മൃഗം സംസാരിക്കില്ല. അടിമ സംസാരിക്കും അത്രയേ ഉള്ളൂ. ഞങ്ങൾ കരഞ്ഞിട്ടുള്ളതല്ലാതെ ആരും ഞങ്ങളെ ഓർത്തു കരയാറില്ല. ഞങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ഒരു യജമാനനും ഇതേവരെ ആരോടും ഒന്നും അഭ്യർഥിച്ചിട്ടില്ല. എന്നാൽ ഞാൻ കേട്ടതും അറിഞ്ഞതും എന്താണ് എന്റെ യജമാനനും മാന്യനുമായ ഈ ശതാധിപൻ എനിക്കുവേണ്ടി യേശു എന്ന അത്ഭുതപ്രവർത്തകനായ ഒരു വലിയ പ്രവാചകന്റെ മുൻപിൽ എന്നെ സുഖപ്പെടുത്തണമേ എന്നപേക്ഷിച്ചുകൊണ്ട് ചെന്നുപോലും. ഇത്തരം സൗഖ്യതീർഥങ്ങൾ എല്ലാ ധനാഢ്യഭവനങ്ങളിലും നിറഞ്ഞൊഴുകിയിരുന്നെങ്കിൽ ഞങ്ങളും മനുഷ്യരെന്ന ചിന്തയെങ്കിലും കുറഞ്ഞപക്ഷം ഞങ്ങൾക്ക് തോന്നിയേനെ.

തന്റെ അടുത്തേക്ക് നടന്നുവരുന്ന തന്റെ യജമാനനായ ആ റോമൻ ശതാധിപനെ കണ്ട് കാസിയോ പതുക്കെ എഴുന്നേറ്റു. ശിരസ്സുകുനിച്ച് താണുവണങ്ങി തന്റെ മുൻപിൽ നിൽക്കുന്ന കാസിയോയുടെ തോളിൽ കരങ്ങൾ വച്ച് അവനെ തല ഉയർത്തി നിൽക്കാൻ പ്രേരിപ്പിക്കുന്ന രീതിയിൽ പുഞ്ചിരിച്ചുകൊണ്ട് ശതാധിപൻ അവനെ തന്റെ അടുക്കലേക്ക് ചേർത്തുനിർത്തി. കാസിയോ പറഞ്ഞു, "പ്രഭോ അങ്ങ് എനിക്കുവേണ്ടി ചെയ്തതെല്ലാം ഞാൻ അറിഞ്ഞു. എന്റെ അസുഖത്തിന്റെ നാളുകളിൽ അങ്ങ് എന്നെ ഓർത്തു ദുഃഖിച്ചതും എനിക്കുവേണ്ടി അങ്ങയുടെ സമയവും പണവും ചെലവാക്കിയതും ഒടുവിൽ ആ ദൈവീക പുരുഷനെ കൊണ്ട് എന്നെ സൗഖ്യപ്പെടുത്തിയതും എല്ലാം. ഒന്നിനും ഞാൻ അർഹനല്ലെങ്കിലും അങ്ങയുടെ കാരുണ്യം ആസ്വദിക്കാൻ കഴിഞ്ഞതുതന്നെ അപൂർവഭാഗ്യം. ഇനിമേൽ അങ്ങയുടെ വിശ്വസ്ത ദാസനായി ഞാൻ ജീവിച്ചുകൊള്ളാം. എന്നുമാത്രമേ എനിക്കുറപ്പു പറയാനുള്ളൂ."

ശതാധിപൻ അവന്റെ തോളിൽ വലതുകരം ഇട്ടുകൊണ്ട് അവനെയും ചേർത്തുപിടിച്ചു നടന്നു എന്നിട്ടവനോടായി പറഞ്ഞു, "മകനേ ഞാനും എന്റെ ജീവിത പാഠങ്ങൾ പഠിച്ചത് യേശു പറഞ്ഞ സുന്ദരമായ കഥകളും നുറുങ്ങുകളും കേട്ടുതന്നെയാണ്. മലമുകളിൽ വച്ച് അവൻ പറഞ്ഞ ദീർഘമായ ചിന്തകളും വ്യാഖ്യാനങ്ങളും എന്നെ മോഹിതനാക്കി. സന്ധ്യാവേളകളിൽ അവൻ സിനഗോഗുകളിൽ നടത്തിയ പ്രസംഗങ്ങൾ സ്വപ്നതുല്യങ്ങളായിരുന്നു. അതിലെല്ലാം ഉപരിയായി പാവപ്പെട്ട മനുഷ്യരോടും കുഷ്ഠരോഗികളോടും ആരോരും ആശ്രയമില്ലാത്തവരോടും അവൻ കാട്ടിയ അനുകമ്പ എനിക്ക് വഴികാട്ടിയായിരുന്നു. ആരുടേയും സ്നേഹ പൂർണമായ അഭ്യർഥന അവൻ നിരസിക്കില്ല എന്നുറപ്പുള്ളതുകൊണ്ടുതന്നെയാണ് നിനക്കുവേണ്ടിയും ഞാൻ അഭ്യർഥിച്ചത്." അവന്റെ കണ്ണുകൾ വിടരുന്നതും ആനന്ദ കിരണങ്ങൾ പൊഴിക്കുന്നതും ശതാധിപൻ ശ്രദ്ധിച്ചു, അയാൾ തുടർന്നു, "കാസിയോ നീ ഒരു യഹൂദനല്ലേ? നിന്റെ ദൈവം പരുക്കനാണെന്ന് നിനക്ക് തന്നെ അറിവുള്ളതാണല്ലോ. എന്നാൽ ആ നസ്രായൻ

നമുക്ക് പരിചയപ്പെടുത്തുന്ന ദൈവം ന്യായാസനത്തിലിരുന്ന് വിധിതീർപ്പു കൽപ്പിക്കുന്നവനല്ല, മറിച്ച് നമ്മുടെ പരിമിതികളിലേക്ക് സൂര്യകിരണം പോലെ താഴ്ന്നിറങ്ങി വരുന്നവനാണ്. റോമാക്കാരായ ഞങ്ങളുടെ ദൈവങ്ങൾക്കും മനുഷ്യരെപ്പോലെ പല കുറവുകളും ഉണ്ട് എന്നാൽ അവർ അമാനുഷികരുമാണ്. എന്നാൽ ആ മനുഷ്യന്റെ ദൈവം ശിക്ഷിക്കാൻ അറിയാത്തവനും എന്നെയും നിന്നെയും അതിയായി സ്നേഹിക്കുന്നവനുമാണ്. അവന്റെ വചനങ്ങളാണ് സത്യത്തിൽ എന്നിൽ മാറ്റം വരുത്തിയത്, അതാണ് യഥാർഥത്തിൽ നിനക്കു നന്മയായി പരിണമിച്ചത്.” അത്രയും പറഞ്ഞിട്ട് ശതാധിപൻ അവിടെ നിന്നും പിൻവാങ്ങി.


കാസിയോ വയലേലകളിലൂടെ നടക്കുകയാണ്. ചക്രവാളം ചുവന്നുതുടങ്ങി. സൂര്യാസ്തമയത്തിനായി നാടൊരുങ്ങുന്നു. വളരെ നാളുകൾക്കുശേഷം വീണുകിട്ടിയ വിലയേറിയ വിശ്രമദിനങ്ങളാണത്. അതിനാൽ തന്നെ അവൻ അത് നന്നായി ആസ്വദിക്കുകയും ചെയ്യുന്നു. യജമാനൻ ഒരടിമയോടുകാട്ടിയ സ്നേഹം നാട്ടിലാകെ സംഭാഷണമായി. യേശു എന്ന ആ നസ്രേത്തുകാരനാണ് തന്റെ യജമാനനെ സ്വാധീനിച്ചതെന്ന് അവർക്ക് മാത്രമേ അറിയാമായിരുന്നുള്ളൂ. കാസിയോയുടെ മനസ്സിൽ ഒരാഗ്രഹം പൂവിട്ടു ഒരു പ്രാവശ്യമെങ്കിലും അവൻ പഠിപ്പിക്കുന്നത് ഏതെങ്കിലും ഒരു സിനഗോഗിൽ പോയി കേൾക്കണം എന്താണ് അവന്റെ വാക്കുകളിലെ മാസ്മരികത എന്നു കണ്ടുപിടിക്കണം. ഭൂവുടമകളായ കുറേ പ്രഭുക്കന്മാരെങ്കിലും അവനെ കണ്ടുമുട്ടിയിരുന്നെങ്കിൽ എന്റെ എത്രയോ അടിമകളായ സുഹൃത്തുക്കൾ ശാന്തമായി ഉറങ്ങിയേനെ. അടിമകളും ഉടമകളും എന്ന വേർതിരിവ് എങ്ങനെ ഉണ്ടായതാണെങ്കിലും ഇത്രയും ആർദ്ര ഹൃദയമുള്ള യേശുവിന് അത് അംഗീകരിക്കാൻ സാധിക്കില്ല എന്ന് കാസിയോ ഉറപ്പായും വിശ്വസിച്ചു. അവൻ വിജയഭേരി മുഴക്കി അധികാരം പിടിച്ചെടുത്തിരുന്നുവെങ്കിൽ അവന് ജയ് വിളിക്കാനും അവനായി ദാസ്യവേല ചെയ്യാനും ഞാൻ മുൻപന്തിയിലുണ്ടായേനെ.

ഇത്തരം ചിന്തകളുമായി കാസിയോ നടന്നത്തിയത് നാലാൾ കൂടുന്ന ഒരു നാൽക്കവലയിലായിരുന്നു. അവിടെ അവൻ കണ്ട അസാധാരണമായ ആൾകൂട്ടം അവനിൽ ആകാംഷയുണ്ടാക്കി. ആ ആൾക്കൂട്ടത്തിലേക്കവൻ നടന്നുചെന്നു. ഓരോ മനുഷ്യരേയും തള്ളിമാറ്റി അവൻ മുന്നിലേക്ക് ചെന്നു. പാടത്തും കടപ്പുറത്തും ചന്തസ്ഥലങ്ങളിലുമൊക്കെ ജോലിചെയ്തവശരായ മനുഷ്യർക്ക് ഉന്മേഷം പകർന്നുകൊണ്ട് ഒരു ശാന്തരൂപൻ അവിടെ ഇരിപ്പുണ്ടായിരുന്നു. അവന്റെ സുന്ദരമായ പുഞ്ചിരിയും കരചലനങ്ങളും ശാന്തവും ശക്തവുമായ വാക്ധോരണിയും കേട്ടപ്പോഴേ കാസിയോയ്ക്ക് മനസ്സിലായി അത് നസ്രത്തിലെ യേശുവാണെന്ന്. ഇന്നോളം ആരും പരിഗണിക്കാതിരുന്ന വെറും പട്ടിണി പാവങ്ങളാണ് അവന്റെ ശ്രോതാക്കൾ. അവരുടെ കഥകളും ജീവിത നൊമ്പരങ്ങളുമാണ് അവന്റെ കാവ്യശില്പങ്ങൾ. കൂടിനിന്നവരൊക്കെ കാതുകൂർപ്പിച്ചുകേട്ടു, ആ കഥ – ഒരു വിതക്കാരൻ വിതയ്ക്കാൻ പോയി; അവൻ എറിഞ്ഞ വിത്തുകളിൽ ചിലത് വഴിയരികിൽ വീണത്രേ, ചിലതോ പാറപ്പുറത്ത് മറ്റുചിലത് മുൾച്ചെടികൾക്കിടയിലും, കുറച്ചു മാത്രം നല്ല നിലത്തുവീണ് അത് നൂറുമേനിഫലവും പുറപ്പെടുവിച്ചു.

കാസിയോ യേശുവിനെ കണ്ടു, തൊട്ടു, അടുത്തിരുന്നു, ഏറെ നേരം സംസാരിച്ചു. എല്ലാരും പിരിഞ്ഞുപോയതിന് ശേഷമാണ് അവൻ തിരികെ നടന്നത്. അവൻ ഇപ്പോഴും ഒരടിമ തന്നെയാണ് ഉള്ളു സ്വതന്ത്രനായ ഒരടിമ. നൂറുമേനി ഫലം കൊയ്യുന്ന സ്നേഹസമ്പന്നനായ ഒരടിമ. ■



**അഗസ്റ്റിൻ കണിപ്പിള്ളി**









# മെരുങ്ങാത്ത കോവിഡും ഒടുങ്ങാത്ത വിവാദവും

ഇതുവരെ (2020 മെയ് 31) മൂന്നേമുക്കാൽലക്ഷത്തോളം പേരുടെ ജീവൻ അപഹരിച്ച കൊറോണ എന്ന മഹാമാരിയെ ഇനിയും വരുതിയിലാക്കാൻ ലോകത്തിന് കഴിഞ്ഞിട്ടില്ല. രണ്ടുമാസത്തിനുള്ളിലാണ് ഈ ചൈനീസ് ഉല്പന്നം ഇത്രയധികം ജീവനുകൾ തട്ടിയെടുത്തത്. 62,10,877 ഓളം പേർ കൊറോണ ബാധിതരായി ഇന്ന് ലോകത്ത് ചികിത്സയിലുണ്ട്. 2019 ഡിസംബറിൽ ചൈനയിലെ വുഹാനിൽ പടർന്നുപിടിച്ച കൊറോണ വൈറസിന്റെ ഇന്ത്യയിലേക്കുള്ള പ്രവേശനം 2020 ജനുവരി 30 ന് കേരളത്തിലൂടെയായിരുന്നു. കൊറോണ വൈറസിന്റെ പ്രഭവകേന്ദ്രമായ ചൈനയിലെ വുഹാനിൽ നിന്ന് തൃശൂരിലെത്തിയ ഒരു നഴ്സിംഗ് വിദ്യാർഥിനിയാണ് കൊറോണ വൈറസിനെ കേരളത്തിന് ആദ്യം പരിചയപ്പെടുത്തുന്നത്. പിന്നീട് അധികകാലം വേണ്ടിവന്നില്ല വൈറസിന്റെ വ്യാപനം ഇന്ത്യയിൽ വ്യാപകമാകാൻ. കൊറോണ വൈറസ് വ്യാപന ഭീതിയിൽ മാർച്ച് 24 ന് ഇന്ത്യ ആകെ അടച്ചുപൂട്ടി ലോക്ഡൗൺ പ്രഖ്യാപിച്ചു. ആ സമയത്തിനുള്ളിൽ ഇന്ത്യയിൽ നിന്ന് പത്തുപേരുടെ ജീവൻ അപഹരിച്ച കൊറോണ 500 ൽപ്പരം പേരെ പിടികൂടുകയും ചെയ്തിരുന്നു. പിന്നീടങ്ങോട്ട് കൊറോണ വൈറസിന്റെ വ്യാപനം ലോകത്തെ 2010 രാജ്യങ്ങൾക്കൊപ്പം ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളെയും ബാധിച്ചു. പ്രതിരോധിക്കാൻ കഴിയാത്ത ഒരു മഹാമാരിയായി കൊറോണ അഥവാ ലോകാരോഗ്യ സംഘടന നൽകിയ ഓമനപ്പേരിലറിയപ്പെടുന്ന കോവിഡ്–19 ലോകത്താകമാനം വ്യാപിക്കുകയാണ്. കോവിഡ്–19 നെ നിയന്ത്രിക്കാൻ അതിന്റെ പിതൃത്വം പേറുന്ന ചൈനയ്ക്ക് കഴിഞ്ഞുവെന്ന് പറയപ്പെടുമ്പോഴും രോഗപ്രതിരോധ ഔഷധ ഗവേഷണം 100 ൽപ്പരം രാജ്യങ്ങളിൽ നടക്കുന്നതേയുള്ളൂ.

ഇന്ന് കോവിഡ് വ്യാപനത്തിൽ ലോകത്ത് അമേരിക്കയാണ് ഒന്നാം സ്ഥാനത്ത്. ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യ ഏഴാം സ്ഥാനത്തുമാണ്. ലോകത്ത് കൊറോണ മൂലം മരിച്ച 3,72,103 പേരിൽ 1,05,527 പേരും അമേരിക്കക്കാരാണ്. ഇന്ത്യയിൽ മരണം ഇതുവരെ 5,406 കഴി

ഞ്ഞു. കേരളത്തിൽ 11 ഉം. മാർച്ച് 25 മുതൽ മെയ് 31 വരെ നാലു ഘട്ടങ്ങളിലായി 68 ദിവസം ഭാരതീയർ ലോക്ഡൗണിൽ കഴിഞ്ഞു. എന്നിട്ടും കോവിഡ്-19 ന്റെ വ്യാപനം നിർവിഘ്നം തുടരുകയാണ്. വ്യക്തി ശുചിത്വവും സാമൂഹിക അകലവും പാലിച്ചുകൊണ്ട് കടകമ്പോളങ്ങളും വ്യവസായ സ്ഥാപനങ്ങളും ദൈവാലയങ്ങളും അടച്ചിട്ട് നടത്തിയ ലോക്ഡൗൺ ഫലം കണ്ടോ എന്നുള്ള ചോദ്യത്തിന് ഉത്തരം ഇപ്പോഴും അവ്യക്തമാണ്.

കൊറോണയും ലോക്ഡൗണും മനുഷ്യകുലത്തിനുണ്ടാക്കിയ ദുരിതങ്ങൾ ഒട്ടൊന്നുമല്ല. തൊഴിൽ, സഞ്ചാരം, വിദ്യാഭ്യാസം, ജീവിതാവശ്യങ്ങൾ, ആരാധന തുടങ്ങി സമസ്ത മേഖലയും ലോക്ഡൗണിൽ നിശ്ചലമാക്കപ്പെട്ടു.



അന്യരാജ്യങ്ങളിൽ കുടുങ്ങിപ്പോയ പ്രവാസികൾക്ക് സ്വരാജ്യത്തേക്ക് മടങ്ങാനായില്ല. തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിൽ എത്തിപ്പെട്ട അതിഥി തൊഴിലാളികൾക്കും സ്വന്തം നാടുകളിൽ തിരിച്ചെത്താൻ ഏറെ പാടുപെടേണ്ടിവന്നു. രാജ്യാന്തര വിമാന സർവീസുകളും ട്രെയിനുകളും അനിശ്ചിതകാലത്തേക്ക് നിർത്തലാക്കിയതാണ് ഈ പ്രതിസന്ധി രൂക്ഷമാക്കിയത്. പിന്നീട് രാജ്യം കണ്ടത് അതിഥി തൊഴിലാളികളുടെ മടക്കയാത്രാ ദുരിതങ്ങളും ദുരന്തങ്ങളുമാണ്. സ്ത്രീകളും കുട്ടികളുമടക്കമുള്ള സംഘങ്ങൾ നൂറുകണക്കിന് കിലോമീറ്ററുകൾ താണ്ടിയുള്ള മടക്കയാത്ര. ചില സംസ്ഥാനങ്ങൾ തങ്ങളുടെ തൊഴിലാളികളെ സ്പെഷ്യൽ ട്രയിനുകളിലും ബസുകളിലുമായി തിരികെ കൊണ്ടുപോയപ്പോൾ അതിന് തയ്യാറാകാതിരുന്ന സംസ്ഥാനങ്ങളിലെ തൊഴിലാളികളാണ് ദുരന്തത്തിൽപ്പെട്ടത്. അക്കൂട്ടത്തിൽ തുടക്കത്തിൽ നമ്മുടെ കേരളവും ഉൾപ്പെട്ടിരുന്നുവെന്നത് വേദനാജനകമാണ്.

വടക്കേന്ത്യൻ സംസ്ഥാനങ്ങളിൽ അതിഥി തൊഴിലാളികളുടെ മടക്കയാത്രക്കിടെയുണ്ടായ വിവിധ അപകടങ്ങളിൽ 160 ഓളം പേർക്കാണ് ജീവഹാനി നേരിട്ടത്. ഇതിനൊക്കെ ആര് സമാധാനം പറയും? പ്രവാസികളുടെ മടക്കയാത്രയിലും ആവശ്യം വേണ്ട ഇടപെടലുകൾക്ക് കേരള സർക്കാർ തയ്യാറായില്ലെന്നത് ആക്ഷേപം മാത്രമല്ല.

എന്നാൽ കോവിഡ് നേരിടുന്ന കാര്യത്തിൽ ഇന്ത്യയ്ക്കെന്ന് മാത്രമല്ല, ലോകത്തിന് തന്നെ മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞുവെന്നത് യാഥാർഥ്യമാണ്. കാലാന്തരങ്ങളിൽ ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ തന്നെയാണ് കൊറോണയെ നേരിടുന്നതിൽ കേരളത്തെ സഹായിച്ചത്. സർക്കാരിനൊപ്പം സ്വകാര്യമേഖലയും കേരള ജനതയും കോറന്റൈൻ ഉൾപ്പെടെയുള്ളകാര്യങ്ങളിൽ ഒന്നടങ്കം കൈകോർത്തപ്പോൾ കേരളത്തിൽ കോവിഡ്-19 ന്റെ വ്യാപനം ഏറെക്കുറെ വരുതിയിലാക്കാനായി.

മാർച്ച് 29 മുതലുള്ള ലോക്ഡൗൺ ഏറ്റവുമധികം ബാധിച്ചത് കർഷകരെയും തൊഴിലാളികളെയും കച്ചവടക്കാരേയും തീര-മലയോര മേഖലകളിലെ സാധാരണ ജനങ്ങളെയുമാണ്. ഇക്കാലത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച ഭക്ഷ്യവസ്തുക്കളും നാമമാത്രമായ സാമ്പത്തിക സഹായവുമാണ് ഈ ജനവിഭാഗത്തെ കുറച്ചെങ്കിലും പിടിച്ചുനിൽക്കാൻ പ്രാപ്തമാക്കിയത്. ഇതിനിടയിലും ജീവസന്ധാരണത്തിന് വകയില്ലാതെ ദുരിതം പേറി കഴിയേണ്ടിവന്നവരും ഇക്കൂട്ടത്തിലുണ്ടായിരുന്നുവെന്നകാര്യം ഓർക്കണം. അതിഥി തൊഴിലാളികൾക്കും നിർധനർക്കും സമൂഹ അടുക്കള ഒരുക്കി ഭക്ഷണം എത്തിച്ചത് നല്ല കാര്യം. പക്ഷേ, അക്കാര്യത്തിൽ കണ്ട രാഷ്ട്രീയം അതിന്റെ ശോഭ കെടുത്തിക്കളഞ്ഞു. കോവിഡ്-19 ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ രാഷ്ട്രീയം കണ്ടതും കാണിച്ചതും പന്തിയായില്ലെന്ന് സാരം.

പുരകത്തുമ്പോൾ വേണമല്ലോ വാഴ വെട്ടാൻ. അങ്ങനെ ലോക്ഡൗൺ കാലത്ത് ദൈവവിശ്വാസികളുടെ മേൽ മെക്കിട്ടുകയറി അവരെയങ്ങ് നിരീശ്വരവാദികളാക്കിക്കളയാം എന്ന ധാരണയോടെ ചില വിടുവായത്തങ്ങൾ പലരിൽ നിന്നും പറഞ്ഞുകേട്ടു. അക്കൂട്ടത്തിൽ നമ്മുടെ മാധ്യമങ്ങളും പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങൾ വന്നുപെട്ടത് നിർഭാഗ്യകരമായിരുന്നു. 'ആരാധനാലയങ്ങൾ പൂട്ടിയതുകൊണ്ട് ഇവിടെ ഒരു ചുക്കും സംഭവിച്ചില്ല' എന്നാണ് ലോക്ഡൗൺ ഒരാഴ്ച പിന്നിട്ടപ്പോൾ ഒരു വാർത്താചാനലിലെ അവതാരിക പറഞ്ഞത്. ശരിയാണ് ഒരു ചുക്കും സംഭവിച്ചില്ല. സ്കൂൾ പൂട്ടി, വ്യവസായ ശാലകൾ, ഫാക്ടറികൾ, കച്ചവട സ്ഥാപനങ്ങൾ, മദ്യവിൽപന കേന്ദ്രങ്ങൾ എല്ലാം പൂട്ടി. എന്നിട്ടോ? എന്ത് ചുക്കാ സംഭവിച്ചത്? ദൈവവിശ്വാസികൾക്ക് ഒന്നും സംഭവിച്ചില്ല, വിശ്വാസം കുറഞ്ഞുമില്ല. ഇപ്പറഞ്ഞ ചാനലുകാരുടെ വരുമാനവും റേറ്റിംഗും കുറഞ്ഞു. സീരിയലുകൾ നിർത്തി. അതല്ലാതെ എന്തു ചുക്കാ സംഭവിച്ചത്. സീരിയലുകൽ നിർത്തിയതുകൊണ്ടുതന്നെ വീടുകളിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് സന്ധ്യാ പ്രാർഥനകൾ നടന്നു. വിദ്യാലയങ്ങൾ

പൂട്ടിയതിനോടൊ വ്യവസായശാലകൾ പൂട്ടിയതിനോടോ വിയോജിക്കാതിരുന്നവർ മദ്യശാലകൾ പൂട്ടിയതിൽ അസ്വസ്ഥരായി. അതുകൊണ്ടാണല്ലോ ബാറുകളും മദ്യവില്പന കേന്ദ്രങ്ങളും തുറക്കണമെന്ന മുറവിളിക്ക് ഈ ചാനലുകാർ ചൂട്ടുപിടിച്ചത്. മദ്യവിതരണത്തിന് ആപ് ഉണ്ടാക്കി വില്പനകേന്ദ്രങ്ങൾ തുറന്നപ്പോഴോ? 24 മണിക്കൂറിനുള്ളിൽ മദ്യലഹരിയിൽ നാലുകൊലപാതകങ്ങൾ കണ്ടു. എന്നിട്ടും ഒരു ചുക്കും സംഭവിക്കാത്തതുപോലെയല്ലേ കാര്യങ്ങൾ.

മദ്യശാലകൾ തുറക്കണമെന്ന് വാശിപിടിച്ച സർക്കാരിനും അതിനുവേണ്ടി മുറവിളി കൂട്ടിയ രാഷ്ട്രീയക്കാർക്കും ആരാധനാലയങ്ങൾ തുറക്കണമെന്ന് ഒരു വാക്കുപോലും പറയാൻ തോന്നിയില്ല. കാരണം വരുമാനം തന്നെ. സാലറി ചലഞ്ചിൽ കല്ലു കടിച്ച സർക്കാരിന് വരുമാനം തന്നെയാണ് മുഖ്യവിഷയം. പള്ളിതുറന്നാലും ക്ഷേത്രം തുറന്നാലും സംസ്ഥാന ഖജനാവിലേക്ക് പണം ഒഴുകില്ല. പിന്നെ, നമ്മുടെ ഭാഗത്തും ഉദാസീനതയുണ്ടായി എന്ന കാര്യം വിസ്മരിക്കണ്ട. അരാധാനാലയങ്ങൾ തുറക്കണമെന്ന ആവശ്യത്തിൽ ഒരു വിശ്വാസിയും കടുംപിടുത്തം പിടിച്ചില്ല. മദ്യവ്യവസായികൾ അത് ചെയ്തു. നാം ദൈവവിശ്വാസികൾ സർക്കാരിന് അടിമപ്പെട്ട് ജീവിച്ചു. അതുകൊണ്ട് ലോക്ഡൗൺ ഇളവിൽ ജൂൺ 8 ന് ദേവാലങ്ങൾ തുറക്കുമെന്ന് നമുക്ക് ആശ്വസിക്കാം. ഇനി സ്വന്തം അയൽക്കാരനെപ്പോലും ഭയക്കുന്ന, അവിശ്വസിക്കേണ്ട ഗതികേടിൽ മുഖം മൂടി (മാസ്ക്) ധരിച്ച് സാമൂഹ്യ അകലം പാലിച്ച് ജീവിക്കേണ്ട ഒരു പുതിയ ജീവിത ക്രമത്തിലേക്കാണ് ലോകജനത പ്രയാണം ചെയ്യുന്നത്. പ്രതീക്ഷകൾക്ക് വകനൽകുന്ന പ്രഖ്യാപനങ്ങൾ ഏറെയുണ്ട്. കേന്ദ്രസർക്കാരിന്റെ 20 ലക്ഷം കോടിയുടെയും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 20000 കോടിയുടെയും കോവിഡ്-19 പ്രതിരോധ പാക്കേജുകൾ. ഈ പാക്കേജുകളുടെ ലക്ഷ്യത്തെക്കുറിച്ചും നടത്തിപ്പിനെക്കുറിച്ചുള്ള ആശങ്കകളും രാഷ്ട്രീയവും മറ്റൊരു ദുരന്തമായി ഭവിക്കുമോ എന്നാണ് കോവിഡിനെപ്പോലെ തന്നെ നമ്മെ ഭയപ്പെടുത്തുന്ന ചിന്തകൾ. ■

# എസ്എസ്എൽസി, പ്ലസ്-ടു പഠനം

വിദ്യാഭ്യാസത്തോടൊപ്പം നല്ലൊരു ജോലി നേടുക ഏതൊരു വ്യക്തിയുടെയും സ്വപ്നമാണ്. പത്തും പന്ത്രണ്ടും ക്ലാസ്സ് കഴിഞ്ഞ്, ചില കാരണങ്ങളാൽ ഉന്നത വിദ്യാഭ്യാസത്തിന് പോകാൻ സാധിക്കാത്ത നമ്മുടെ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്താൻ സഹായകമാകുന്ന ചില പരിശീലന പദ്ധതികൾ ലത്തീൻ അതിരൂപതയുടെ സാമൂഹ്യശുശ്രൂഷ വിഭാഗം സോഷ്യൽ സർവ്വീസ് സൊസൈറ്റി നൽകിവരുന്നു. പ്രതിവർഷം 1200 യുവജനങ്ങളെ വിവിധ തൊഴിലുകൾ പരിശീലിപ്പിക്കുന്നതോടൊപ്പം വ്യക്തിത്വ വികസനവും, ഇംഗ്ലീഷ് ആശയവിനിമയത്തിലുള്ള പരിജ്ഞാനവും, പരിശീലനവും നൽകി വരുന്നുണ്ട്. കൃത്യനിഷ്ഠയോടെ പഠിച്ച് മികവ് തെളിയിക്കുന്നവർക്ക് തൊഴിൽ കണ്ടെത്താനുള്ള സൗകര്യവും ചെയ്ത് വരുന്നുണ്ട്.

ഏതെങ്കിലും ഒരു തൊഴിലിൽ വൈദഗ്ദ്ധ്യം നേടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയാൽ ലോകത്തിന്റെ ഏത് ഭാഗത്തും നല്ലൊരു ജോലി കണ്ടെത്താൻ പ്രയാസമുണ്ടാകില്ല. പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും, നല്ലൊരു വ്യക്തിത്വവും ജീവിതത്തിന് ദിശാബോധവും സാമൂഹ്യപ്രതിബദ്ധതയും കുടുംബത്തോടും സഭയോടുമുള്ള ഉത്തരവാദിത്ത ബോധവും കാര്യശേഷിയും വളർത്തിയെടുക്കേണ്ട സമയമാണല്ലോ യൗവ്വനം എന്നത്. അത്തരത്തിൽ തൊഴിൽ പരിശീലനം നേടാൻ സൗകര്യമൊരുക്കുന്ന റ്റി.എസ്.എസ്.എസിന് കീഴിലുള്ള വിവിധ പരിശീലന കേന്ദ്രങ്ങളും അവയ്ക്ക് വേണ്ട യോഗ്യതകളും ചുവടെ ചേർക്കുന്നു.

## മരിയൻ ക്രാഫ്റ്റ് & ആർട്ട് സെന്റർ ഓഫ് എക്സലൻസ്

സ്വിസ്-യൂറോപ്യൻ നിലവാരത്തിലുള്ള രണ്ട് കോഴ്സുകളാണ് ഇവിടെ പഠിപ്പിക്കുന്നത്.

- **പ്രോഡക്ഷൻ ടെക്നീഷ്യൻ ഇലക്ട്രിക്കൽ സർട്ടിഫിക്കറ്റ് കോഴ്സ്**
- **പ്രോഡക്ഷൻ ടെക്നീഷ്യൻ വെൽഡിംഗ് & ഫാബ്രിക്കേഷൻ സർട്ടിഫിക്കറ്റ് കോഴ്സ്**
- **കാലാവധി : ഒരു വർഷം**

പ്ലസ് ടു/ ഐ.റ്റി.ഐ ഡിപ്ലോമ/യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. സ്വിസ്സ് പഠന നിലവാരവും പരിശീലന രീതിയുമാണ് ഇവിടെ നൽകി വരുന്നത്. ജോബ് പ്ലെസ്മെന്റിന് അവസരം ഒരുക്കുന്നു. SWISS & NSDC SSC ASSESSMENT, CERTIFICATION ആണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. കൂടുതൽ വിവരങ്ങൾക്ക് : Mob : 9020072737, 9400554525

മരിയൻ ക്രാഫ്റ്റ് ആർട്സ് സെന്റർ ഓഫ് എക്സലൻസ്, മേനംകുളം, കഴക്കൂട്ടം www.lpct.in

## സെന്റ് സേവ്യേഴ്സ് ഐടിഐ, വലിയതുറ

താരതമ്യേന ഫീസ് കുറവും ദേശീയ അന്തർദേശീയ തലത്തിൽ അംഗീകാരമുള്ള NCVT കോഴ്സുകളാണ് ഇവിടെ പഠിപ്പിക്കുന്നത്.

| | |
|---|---|
| 1) Draughts Man Civil | - 2 Year Diploma Course NCVT |
| 2) Electronic Mechanic | - 2 Years Diploma Course NCVT |
| 3) Plumber | - 1 Year Diploma Course NCVT |
| 4) Fire engineering & Safety | - 1 Year Kerala Govt. Tech. Edn. |
| 5) XRay Welding | - 6 Months (AWS) American Welding Society |
| 6) Total Station Survey | - 2 months |

NCVT കോഴ്സ് പ്രവേശനത്തിന് SSLC pass നിർബന്ധമാണ്.

ITI കോഴ്സുകൾ പഠിക്കുന്നവർക്ക് യാത്രാ കൺസക്ഷൻ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് :

**0471 - 2504330, പ്രിൻസിപ്പൽ : ഫോ - 9447621154**

# കഴിഞ്ഞവർക്ക് നൈപുണ്യ വികസന പരിശീലനത്തിന്റെ പ്രസക്തി

## സെന്റ് സേവ്യേഴ്സ് കമ്മ്യൂണിറ്റി കോളേജ്, ചാക്ക

| Sl. No | Trade | Eligibility | Duration |
|---|---|---|---|
| 1 | Community Health | SSLC pass | 1year |
| 2 | Welding Technology | SSLC pass/ failed | 1 year |
| 3 | Data Entry Operation & Secretarial Practice | SSLC pass | 6 months |
| 4 | Plumbing | SSLC pass/ failed | 6 months |
| 5 | House wiring and Electrical appliances repairing | SSLC pass/ failed | 6 months |

എല്ലാ ട്രേഡുകാർക്കും Spoken English, Personality Development Life Coping Skills, Carrier Guidance എന്നീ ക്ലാസ്സുകൾ നൽകുന്നതാണ്. വിജയകരമായി പഠനം പൂർത്തിയാക്കി NIOS (National Institute of Open School, Ministry of HRD) നടത്തുന്ന പരീക്ഷ എഴുതി പാസാകുന്നവർക്ക് അംഗീകൃത സർട്ടിഫിക്കറ്റും, പരമാവധി Placement ഉം നൽകുന്നതാണ്. **കൂടുതൽ വിവരങ്ങൾക്ക് : 0471 – 2575655, പ്രിൻസിപ്പാൾ – 9446435199**

## ഫാത്തിമമാതാ കമ്മ്യൂണിറ്റി കോളേജ്, കരുംകുളം

സെന്റ് സേവ്യേഴ്സ് കമ്മ്യൂണിറ്റി കോളേജിൽ പഠിപ്പിക്കുന്ന അതേ വിഷയങ്ങൾ തന്നെയാണ് ഇവിടെയും പഠിപ്പിക്കുന്നത്. തൂത്തൂർ ഫെറോന മുതൽ വിഴിഞ്ഞം വരെയുള്ള യുവജനങ്ങൾക്ക് എത്തിച്ചേരാനും പഠിക്കാനും എളുപ്പമാകുന്ന രീതിക്കാണ് കരുംകുളത്ത് കമ്മ്യൂണിറ്റികോളേജ് ഒരുക്കിയിരിക്കുന്നത്. ഇവിടെ വിജയകരമായി പഠനം പൂർത്തിയാക്കുന്നവർക്ക് പരമാവധി Placement ഉം നൽകുതാണ്. കൂടുതൽ വിവരങ്ങൾക്ക് : **0471 2575656, പ്രിൻസിപ്പാൾ 9446435199.**

## സെന്റ് സേവ്യേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ്, പാളയം

പാളയത്തുള്ള സെന്റ് സേവ്യേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സിൽ കേരള യൂണിവേഴ്സിറ്റിയുടെ ബി.കോം പ്രൈവറ്റ് ഡിഗ്രി റെഗുലർ കോഴ്സ് നടത്തിവരുന്നു. +2 പാസ്സായവർക്ക് ഇവിടെ പ്രവേശനം നേടാം. UGC അംഗീകാരമുള്ള കേരളാ യൂണിവേഴ്സിറ്റിയാണ് ഡിഗ്രി നൽകുന്നത്. ഫിഷറീസ് ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് ഗ്രാന്റ് ലഭിക്കുന്നതാണ്. ഫോൺ: 0471 – 3274717.

### ജേർണലിസത്തിൽ ജെആർഎഫ്



തിരുവനന്തപുരം കുലശേഖരം സെന്റ് ആന്റണീസ് ഇടവകയിൽ ആമി കൊയിലിയോയുടെയും ലിസി ഡിക്രൂസിന്റെയും മകളായ ആൻ എ.എൽ ജേർണലിസത്തിൽ ജെആർഎഫ് കരസ്ഥമാക്കി. ഇപ്പോൾ കാര്യവട്ടം കാമ്പസ്സിൽ അവസാനവർഷ ജേർണലിസം ബിരുദാനന്തര വിദ്യാർഥിനിയാണ്.



*സാർവ്വദേശിയ വനിതാദിനത്തോടനുബന്ധിച്ച് റ്റിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ നടന്ന വനിതാസമ്മേളനം കേരള വനിത കമ്മീഷൻ അധ്യക്ഷൻ ജോസഫൈൻ ഉദ്ഘാടനം ചെയ്യുന്നു*

## റ്റിഎസ്എസ്എസ് വനിതാദിനാഘോഷം സംഘടിപ്പിച്ചു

**തിരുവനന്തപുരം:** സാർവ്വദേശിയ വനിതാദിനത്തോടനുബന്ധിച്ച് മൂവായിരത്തിലധികം വനിതകളെ അണിനിരത്തി തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റി വനിതാദിനാഘോഷം സംഘടിപ്പിച്ചു. തിരുവനന്തപുരം സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് നടന്ന മഹാ സമ്മേളനം കേരള വനിതാകമ്മീഷൻ അദ്ധ്യക്ഷ ജോസഫൈൻ ഉദ്ഘാടനം ചെയ്തു. കെ.ആർ.എൽ.സി.സി. പ്ലാനിംഗ് കോഡിനേറ്റർ മോൺ. ജെയിംസ് കുലാസ് അനുഗ്രഹപ്രഭാഷണം നടത്തി. രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക പ്രമുഖർ പങ്കെടുത്ത പ്രസ്തുത ചടങ്ങിൽ വെച്ച് തെരഞ്ഞെടുക്കപ്പെട്ട 21 വനിതകൾക്ക് ശ്രേഷ്ഠ വനിതാപുരസ്ക്കാരവും നൽകി.

## തലയിൽ വച്ചാൽ പേനരിച്ചാലോ... തറയിൽ വച്ചാൽ ഉറുമ്പരിച്ചാലോ...

(പേജ് 14-ന്റെ തുടർച്ച)

സ്പൂൺ, ദോശയ്ക്ക് ചട്ടുകം അങ്ങനെ ഓരോ വിഷയവും കൈകാര്യം ചെയ്യാൻ ഓരോ സമീപനം വേണമെന്ന് ചുരുക്കം. ടി.വി. എന്ന ഇലക്ട്രോണിക് കുടുംബക്കാരനെ സ്നേഹപൂർവം തീൻമേശയിൽ നിന്ന് അകറ്റിനിർത്താൻ മറക്കരുത്.

എല്ലാവരും കാൺകേ എല്ലാവരും കേൾക്കേ ഉച്ചത്തിൽ കുട്ടികൾ സംസാരിക്കട്ടെ... ഫോൺ അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കേണ്ട ഒന്നാണ് മറക്കേണ്ട. സ്വന്തമായി കുട്ടികൾക്ക് വാട്സ് ആപ്പും, ഫെയ്സ്ബുക്കും ഒക്കെ എന്തിന് എന്ന ചോദ്യത്തിന് അവർ തന്നെ മറുപടി പറയട്ടെ. മാതാപിതാക്കളോട് പങ്കുവയ്ക്കാൻ കഴിയാത്ത ഒരു ബന്ധവും കുട്ടികൾക്ക് ആവശ്യമില്ലെന്ന സത്യം നാം മറക്കരുത്. അവരുടെ സ്വകാര്യത മാനിക്കണം എന്ന് അർഥം. കുട്ടികൾക്ക് വരുന്ന ഫോൺ മാതാപിതാക്കളും ഷെയർചെയ്യണം.

### നൽകുമ്പോൾ നേടുന്നതാണ് ആനന്ദം

ജീവിതത്തിൽ സുഖവും സന്തോഷവും നേടാൻ ആഗ്രഹിക്കുന്നവർക്ക് പരാജയം സംഭവിക്കാനുള്ള കാരണം അവ നൽകുമ്പോഴാണ് ലഭിക്കുന്നതെന്ന സത്യം മറക്കുന്നതിലാണ്. പരസ്പരം സന്തോഷ് നൽകാൻ ശ്രമിക്കൂ... ഇരട്ടിയായി അത് നേടാൻ കഴിയും. ഈ പാരമ്പര്യമാണ് കുടുംബങ്ങളിലും വേണ്ടത്. ഏത് മേഖലകയിലും അവ പുലർത്തുകയും വേണം. അടുക്കളപ്പണി മുതൽ പൂന്തോട്ടം ഒരുക്കുന്നതുവരെ ഈ പങ്കുവയ്ക്കൽ തുടരട്ടെ. അണ്ണാൻ കുഞ്ഞും തന്നാലായത്. അച്ഛൻ ചക്കയിടുമ്പോൾ മോള് ഉള്ളി തൊലിക്കട്ടെ. ആ ചേട്ടൻ മാവിന്റെ കൊമ്പുവെട്ടുമ്പോൾ അനുജൻ കളപറിക്കട്ടെ. ചേച്ചി അടിച്ചുവാരുമ്പോൾ അനുജത്തി ചവിട്ടി കുടഞ്ഞിടട്ടെ... മാറി നിന്ന് ആജ്ഞാപിക്കുന്ന അച്ഛനെയും ചേട്ടനെയും ആരും മനസ്സുകൊണ്ട് അംഗീകരിക്കില്ലല്ലോ. ജോലിയുടെ മഹത്വവും സമത്വവും കുഞ്ഞുനാളിൽ തന്നെ കുട്ടികൾ തിരിച്ചറിയട്ടെ. തന്റെ ശക്തിയും ദൗർബല്യവും അവർ സ്വയം കണ്ടെത്തി ഉയരട്ടെ.

### അച്ഛനും അമ്മയും എടിഎം അല്ല

അത്യാവശ്യം, ആവശ്യം, അനാവശ്യം ആഗ്രഹങ്ങളെ മൂന്നായി തിരിക്കാമെന്നും ഇതിൽ ഏതാണ് വേണ്ടതെന്ന് തീരുമാനിക്കേണ്ടത് അവനവൻ തന്നെ എന്നും കുട്ടിക്കാലം മുതൽ കുഞ്ഞുങ്ങൾ പഠിക്കുന്നതാണ് നല്ലത്. കുടുംബത്തിന്റെ പൊതുവായ സാമ്പത്തിക അവസ്ഥയും മാതാപിതാക്കളുടെ വരവ്-ചെലവ് സ്ഥിതിയും കുട്ടികൾ അറിയുന്നതിൽ ദോഷമില്ല. കുടുംബത്തിനുവേണ്ടി മാതാപിതാക്കൾ ചെയ്യുന്ന ത്യാഗവും കഷ്ടപ്പാടും കുട്ടികളെ ബോധ്യപ്പെടുത്താതെ വളർത്തുന്നതിന്റെ ദോഷം ചെറുതല്ലെന്ന് സമൂഹം നമ്മെ പഠിപ്പിച്ചിട്ടുള്ളതാണ്. അച്ഛനും അമ്മയും എടിഎം അല്ലെന്ന് അവർ അറിയട്ടെ. അച്ഛനും അമ്മയ്ക്കും താങ്ങാവണം മക്കൾ എന്നും അവർ ചിന്തിക്കട്ടെ.

### ഭാവന വളരട്ടെ, ശാസ്ത്രം കണ്ടെത്തട്ടെ

അല്പം വേറിട്ട് ചിന്തിച്ചാൽ വീട് ഒരു വലിയ പരീക്ഷണശാലയും ഭാവനയുടെ മായാലോകവുമാണെന്ന് തിരിച്ചറിയാം. ശാസ്ത്രജ്ഞനാകാൻ 'നാസ'യിൽ പോകണമെന്നില്ല. അവധിക്കാലങ്ങളിലും ഒഴിവുവേളകളിലും കുഞ്ഞുങ്ങളെ കർമനിരതരാക്കുക എന്നത് മാതാപിതാക്കൾ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. കായിക വിനോദങ്ങൾക്ക് ലഭ്യമാകുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നപോലെ തന്നെ ബൗദ്ധിക വിനോദങ്ങൾക്കും നാം ഇടം കണ്ടെത്തണം. കേടായ ടി.വി, മൊബൈൽ, കംപ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ ഇന്ന് ഏത് വീട്ടിലും കെട്ടിക്കിടക്കുന്ന പാഴ്വസ്തുക്കളാണ്. ഇവ കുട്ടികൾക്ക് നൽകൂ... അവരുടെ ശാസ്ത്രബോധം വളരട്ടെ. എല്ലാ അധ്യാനത്തിന്റെ പിന്നിലും ആസ്വാദനത്തിന്റെ വലിയ ലോകം അവർ കണ്ടെത്തട്ടെ. ഇത്തരം അവസരങ്ങൾ ഒരുക്കുമ്പോൾ പ്രായം ആവശ്യപ്പെടുന്ന സ്വാതന്ത്ര്യം നൽകുന്നതിനൊപ്പം സുരക്ഷയിൽ വിട്ടുവീഴ്ച നൽകുന്ന സമീപനവും ഒരുപോലെ പ്രധാനമാണെന്ന് പറയണമല്ലോ.

ഇനി വായനയുടെ വിശാല ലോകത്തേക്ക് അവരെ കൂട്ടിക്കൊണ്ടുപോവുക. പ്രായത്തിനും അഭിരുചിക്കും അനുസരിച്ച് കൃത്യമായ ദിശാബോധം നൽകുന്ന പുസ്തകങ്ങൾ അവർക്കായി ലഭ്യമാക്കണം. തുടങ്ങാൻ പ്രയാസവും നിറുത്താൻ കഴിയാത്തതുമായ ചിറകുകൾ പകരുന്ന ശീലമാണ് വായന. ജീവിതത്തെക്കുറിച്ച് പുത്തൻ തിരിച്ചറിവുകൾ ലഭിക്കാനും വ്യത്യസ്ത സംസ്കാരങ്ങളും വിചാരങ്ങളും വികാരങ്ങളും തിരിച്ചറിയാനും ഈ വായനയുടെ ലോകം അവനെ പ്രാപ്തനാക്കുമെന്നതിൽ സംശയമില്ല.

ഇങ്ങനെ കൂടുമ്പോൾ ഇമ്പമാകണം കുടുംബം. കുഞ്ഞിന്റെ ബൗദ്ധികവും മാനസികവും വൈകാരികവും ശാരീരികവുമായ വളർച്ച കൂടുമ്പോഴാണ് അവനിൽ ഇമ്പമുണ്ടാകുന്നത്. അതാണ് കുടുംബത്തിന്റെ ഇമ്പമായി വളരുന്നത്. പരസ്പര വൈരുധ്യങ്ങൾ എന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന പലതുമാണ് പാരസ്പര്യത്തിന്റെ പൂരകങ്ങളായി വർത്തിക്കുന്നത്. അഞ്ചുവിരലുകളോടെ കൈ എങ്ങനെ സുന്ദരമായി ചേരുന്നുവോ അതായിരിക്കട്ടെ ഒരു കുടംബത്തിന്റെ ഉയർച്ചയും.

ഏറ്റവും മികച്ച കുടുംബാന്തരീക്ഷം കുട്ടികൾക്ക് പകർന്നു നൽകാൻ ഓരോ രക്ഷാകർത്താവും ബാധ്യസ്ഥനാണ്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും വിളനിലമായി നമ്മുടെ വീടുകൾ മാറുമ്പോൾ കുഞ്ഞുങ്ങളെ തലയിൽവച്ചാൽ പേനരിച്ചാലോ തറയിൽ വച്ചാൽ ഉറുമ്പരിച്ചാലോ എന്നുതന്നെ കരുതണം. പക്ഷേ, എന്നാൽ കുബുദ്ധിയുടെയും അനീതിയുടെയും സ്നേഹരാഹിത്യത്തിന്റെയും പേനരിക്കാതെയാണ് നോക്കേണ്ടത്. ചതിയുടെയും അക്രമത്തിന്റെയും വേദനയുടെയും ഉറുമ്പരിക്കാതെയാണ് നോക്കേണ്ടത്. അപ്പോഴാണ് ദാമ്പത്യം എന്ന സമന്വയത്തിന്റെ പൂർണതയിൽ ശോഭിക്കുന്നത്. കുഞ്ഞുങ്ങൾ എന്ന പൂക്കൾ അതിന്റെ പൂർണതയിൽ വിരിയുന്നത്. ■

**തിരുവനന്തപുരം ലത്തീൻ അതിരൂപതാ ബി.സി.സി. കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഹോം മിഷനിൽ പങ്കാളികളാകുന്നവർ തങ്ങളുടെ അനുഭവം വായനക്കാർക്കായി പങ്കുവയ്ക്കുന്നു**



സിസ്റ്റർ ക്രിസ്റ്റീന

# ഹോം മിഷൻ ഒരു വിളിയും ദൗത്യവും

കനോസയിലെ വി. മാഗ്ദലിൻ 1808 ൽ ഇറ്റലിയിലെ വെറോണയിൽ ആരംഭിച്ചതും ഇന്നു ലോകമെമ്പാടും പടർന്നു പന്തലിച്ചു കിടക്കുന്നതുമായ ദൈവശുശ്രൂഷകരുടെ കൂട്ടായ്മയുടെ ഭാഗമായ ഒരു കനോഷ്യൻ സിസ്റ്ററാണു ഞാൻ. ഞാൻ ആഗ്രഹിച്ചിരുന്ന ഒരു ശുശ്രൂഷയാണു കുടുംബപ്രേഷിതത്വം. ഞങ്ങളുടെ സന്യാസ സഭയിൽ കുടുംബ സന്ദർശനം ഒരു നിത്യശുശ്രൂഷ തന്നെയാണ്. എങ്കിലും അതിന് വ്യത്യാസമുണ്ട്. എന്നാൽ എനിക്കിപ്പോൾ ലഭിച്ചിരിക്കുന്നത് കുടുംബങ്ങളിൽ മുഴുവൻ സമയവും ആയിരിക്കുവാനുള്ള വിളിയാണ്.

പ്രാർത്ഥനയും പരിത്യാഗവും ആത്മാവിന്റെ നിറവും കൂടാതെ ഈ വിളിക്ക് പ്രത്യുത്തരം നൽകാൻ സാധിക്കുകയില്ലെന്ന് ഒരുക്കദിവസങ്ങളിൽ എനിക്കു ബോധ്യമായി. “ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം” എങ്ങനെയെന്നു പ്രാർത്ഥിച്ചൊരുങ്ങാൻ ലഭിച്ച നിമിഷങ്ങൾ എന്നെ സ്വയാവബോധത്തിലേക്കു നയിച്ചു. തിരുവചനം വായിച്ചു ധ്യാനിച്ച് നല്ല കുമ്പസാരം നടത്തി ഞാൻ എന്നെത്തന്നെ പാകപ്പെടുത്താതെ ശുശ്രൂഷയിലേക്കു കടക്കാനാവില്ലെന്ന അവബോധം സ്വയം നന്നാകാൻ പ്രേരകമായി.

അങ്ങനെ, ഞാനിന്ന് കുടുംബനവീകരണ യജ്ഞത്തിലേർപ്പെട്ടിരിക്കുന്ന സന്യാസസമൂഹത്തിന്റെ ഭാഗമാണ്. പ്രവർത്തനശൈലിയിൽ – ശുശ്രൂഷകളിൽ വൈവിധ്യമുള്ള സന്യാസസഭകളിൽ നിന്ന് ഒത്തു ചേർന്ന ഒരു സന്യാസ സമൂഹം. ഈ കൂട്ടായ്മ എത്ര ധന്യം... എത്ര സമ്പുഷ്ടം... ഒന്നിച്ചുള്ള പ്രാർത്ഥന എത്ര ഹൃദ്യം! എളിയവരായ ഞങ്ങൾക്ക് താമസസൗകര്യമൊരുക്കി കാത്തിരിക്കാനുമുണ്ട് അനേകം കുടുംബങ്ങൾ. ഇതിന്റെ ഭാഗമാകാനായതു ഭാഗ്യം തന്നെ. അനുദിന ദിവ്യബലി, സമൂഹപ്രാർത്ഥന, വ്യക്തിപരമായ പ്രാർത്ഥന ഇവയ്ക്കെല്ലാമൊടുവിൽ ഞങ്ങളുടെ കൂട്ടായ്മയ്ക്കു നേതൃത്വം വഹിക്കുന്ന വൈദികർ ആശീർവദിച്ച് ഈരണ്ടുപേരെയായി ശുശ്രൂഷയ്ക്കയയക്കുമ്പോൾ സന്തോഷം കൊണ്ടു കണ്ണു നിറയാറുണ്ട്, ഈ വിളിയോർത്ത്.

ഗ്രാമം, നഗരം, തീരം എന്നു പറയുന്നതുപോലെ ഓരോ ഇടവകയിലെയും അനുഭവം വ്യത്യസ്തമാണ്; എന്നാൽ, അവിടെയെല്ലാം കണ്ടു മുട്ടിയത് ഒരേ രക്ഷകനെത്തന്നെ. രക്ഷയുടെ അനുഭവത്തിലേക്കു കടന്നു വരാൻ ആഗ്രഹിച്ചു കാത്തിരുന്ന കുടുംബങ്ങളെയാണു കണ്ടത്. ഭൗതിക ജീവിത വ്യഗ്രതകൾക്കിടയിൽ ആത്മീയത ഒലിച്ചു പോയ അവസ്ഥ എന്നെ വേദനിപ്പിച്ചു. ഇത്തരം ഭവനങ്ങളിൽ നിന്നും കുടുംബപ്രാർത്ഥനയും കുമ്പസാരവുമൊക്കെ അന്യം നിന്നു പോയിരുന്നു. സുഖലോലുപതയും ഇന്റർനെറ്റുമൊക്കെ തൽസ്ഥാനം കയ്യടക്കിപ്പോന്നു. കടബാധ്യതയും തൊഴിലില്ലായ്മയും ഒരു വശത്ത്, ലക്ഷ്യമില്ലാത്ത യുവതലമുറ മറുവശത്ത്. ധാരാളം യുവാക്കൾ വിദ്യാസമ്പന്നരാണ്. ഇവരിൽ ചിലർ വിശ്വാസത്തെ ചോദ്യം ചെയ്യുന്നു. അപക്വമായ കൂട്ടുകെട്ടും മാധ്യമ സ്വാധീനവും മയക്കുമരുന്നു വഴിവിട്ട പ്രേമബന്ധങ്ങളുമൊക്കെ ഏതാനും യുവാക്കളെ അന്ധരാക്കിയിരിക്കുന്ന നേർക്കാഴ്ച എന്റെ കണ്ണുതുറപ്പിച്ചു. കുടുംബങ്ങളിൽ വർഷങ്ങളായി ജപമാല ഒന്നിച്ചു ചൊല്ലുന്നില്ല. ആദ്യകുമ്പസാരശേഷം – വിവാഹശേഷം കുമ്പസാരിച്ചിട്ടില്ല. അത്തരക്കാരിൽ ചിലർ പാപമൊന്നും ചെയ്തിട്ടില്ലെന്ന് വാദിക്കുക കൂടി ചെയ്യുന്നത് എന്നെ വിഷമത്തിലാക്കി.

ഒരാശ്വാസം തോന്നിയത്, അവർ ഞങ്ങളെ ശ്രവിക്കാൻ ലീവെടുത്തു കാത്തിരുന്നു എന്നതാണ്. ഇനിയിപ്പോൾ ബാക്കി പ്രവർത്തനം പരിശുദ്ധാത്മാവിന്റേതാണല്ലോ. ഈശോയുടെ നാമത്തിൽ സമാധാനം ആശംസിച്ച് പരിശുദ്ധാത്മഗാനം ആലപിച്ചു തുടങ്ങിയ സന്ദർശനങ്ങൾ വെറുതെയായില്ല. ഈ മക്കൾ അവരുടെ തകർന്ന ജീവിതത്തിന്റെ ചെപ്പുകൾ തുറന്നു. കണ്ണുനീരിനിടയിൽ പ്രകാശം പരക്കുന്ന അനർഘനിമിഷങ്ങൾ! ഒടുവിൽ വിശ്വാസപോഷണത്തിനുള്ള കുടുംബപ്രാർത്ഥന, ബി.സി.സി. കൂട്ടായ്മ, ബൈബിൾ, കൂദാശകൾ ഒക്കെ പരിചയപ്പെടുത്തി അന്നത്തെ ആരാധനയ്ക്കും കുമ്പസാരത്തിനും ദൈവാലയത്തിൽ കുടുംബങ്ങൾ എത്തുവോളം പ്രാർത്ഥിച്ചു കാത്തിരുന്നതു പൂവണിയുന്നതുകണ്ട് ആനന്ദിക്കാൻ കഴിഞ്ഞു. ■



*മരിയൻ എൻജിനീയറിംഗ് കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികളുടെ ഉപരിപഠനം, തൊഴിൽ ലഭ്യത എന്നിവയുമായി ബന്ധപ്പെട്ട് വാട്സൺ അക്കാദമി ആന്റ് റിസർച്ച് സെന്റർ, ഇംഗ്ലീഷ്-ഇന്ത്യൻ ക്ലേ ലിമിറ്റഡ്, ബിം ലാബ് എന്നീ കമ്പനികളുമായി മരിയൻ എൻജിനീയറിംഗ് കോളേജ് എം.ഒ.യു. ഒപ്പുവച്ചപ്പോൾ*

## നൂറിന്റെ നിറവിൽ സെന്റ് ആൻഡ്രൂസ് യുപിഎസ്.

**തിരുവനന്തപുരം:** തലമുറകളിലേക്ക് അക്ഷരവെളിച്ചം കൈമാറിയ വിദ്യാലയ മുത്തശ്ശി നൂറിന്റെ നിറവിൽ. സെന്റ് ആൻഡ്രൂസ് യുപി സ്കൂളിന്റെ നൂറാം വാർഷികം സമുചിതമായി ആഘോഷിച്ചു.

1921 ൽ ഒരു സ്വകാര്യവ്യക്തിയുടെ പേരിൽ ചിറ്റാറ്റുമുക്ക് എന്ന സ്ഥലത്താണ് യു. പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ആ വ്യക്തി വിദേശത്തുപോയപ്പോൾ സെന്റ് ആൻഡ്രൂസ് ഇടവക സ്കൂൾ ഏറ്റെടുക്കുകയും സെന്റ് ആൻഡ്രൂസ് യുപി സ്കൂൾ എന്ന നാമം നൽകുകയും ചെയ്തു. സെന്റ് ആൻഡ്രൂസ് എൽ.പി. സ്കൂളുമായി കൂട്ടിച്ചേർത്ത യു.പി. സ്കൂൾ തിരുവനന്തപുരം രൂപതയുടെ ആർ.സി.മാനേജുമെന്റിൽ ലയിപ്പിക്കുകയും ചെയ്തു. 1999 ൽ സ്കൂളിന് പുതിയ കെട്ടിടം നിർമിച്ചു.

സ്കൂളിന്റെ നൂറാം വാർഷികത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. നിർവഹിച്ചു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹ്യ പുരോഗതി സാധ്യമാകൂ എന്ന് അദ്ദേഹം പറഞ്ഞു. ഫാ. ഡോ. വൈ. ഡൈസൺ, ഹെഡ്മിസ്ട്രസ് സി.എസ് കാർമൽ, പഞ്ചായത്ത് പ്രസിഡന്റ് പി.ഫെലിക്സ്, വാർഡ് മെമ്പർ റാഫേൽ, ഐസക് ലോപ്പസ് തുടങ്ങിയവർ പങ്കെടുത്തു.

## മരിയൻ എൻജിനീയറിംഗ് കോളേജിന് എൻബിഎ അക്രഡിറ്റേഷൻ

**കഴക്കൂട്ടം:** മരിയൻ എൻജിനീയറിംഗ് കോളേജിലെ കോഴ്സുകൾക്ക് എൻബിഎ അക്രഡിറ്റേഷൻ ലഭിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിലുള്ള മരിയൻ കോളേജിലെ എൻജിനീയറിംഗ് കോഴ്സുകൾ ദേശീയ നിലവാരത്തിലേക്ക് ഉയരുന്നതിന്റെ ആദ്യപടിയായിട്ടാണ് മെക്കാനിക്കൽ എൻജിനീയറിംഗ്, കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ് എന്നീ ബ്രാഞ്ചുകൾക്ക് നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭിച്ചത്.

## കഴക്കൂട്ടം മരിയൻ കോളേജ് ഓഫ് ആർക്കിടെക്ചറിന് മികച്ച വിജയം

**തിരുവനന്തപുരം:** കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ ബി.ആർക്ക് പരീക്ഷയിൽ ആദ്യ അഞ്ചു റാങ്കുകൾ ഉൾപ്പെടെ എട്ട് റാങ്കുകൾ നേടി മരിയൻ കോളേജ് ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗിന് മികച്ച വിജയം. ആൻ മരിയ ജോസ് ഒന്നാം റാങ്കും ശ്യാമിലി സെബാസ്റ്റ്യൻ രണ്ടാം റാങ്കും, അലിഫ് ദിനാർ മൂന്നാം റാങ്കും നേടി.



# അവധിക്കാല ബൈബിൾ പഠനത്തിന് 'ഇ-വചനം'

**തിരുവനന്തപുരം:** അതിരൂപത വചനബോധന, മാധ്യമ ശുശ്രൂഷകൾ സംയുക്തമായി സമൂഹമാധ്യമങ്ങളുടെ സഹായത്തോടെ അവധിക്കാല ബൈബിൾ പഠനം സംഘടിപ്പിച്ചു. കോവിഡ്-19 വ്യാപനം മൂലം അതിരൂപതയിലെ വചനബോധന വിദ്യാർത്ഥികൾക്കുള്ള അവധിക്കാല ബൈബിൾ പഠനം മുടങ്ങിയ സാഹചര്യത്തിലാണ് 'ഇ-വചനം' എന്ന പദ്ധതിക്ക് രൂപം നല്കിയത്.

2020 മെയ് 4 മുതൽ 8 വരെ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് ബൈബിൾ പഠനം സാധ്യമാക്കുന്ന രീതിയിലാണ് ഈ സംരംഭം സംഘടിപ്പിച്ചത്. അഞ്ചുദിവസത്തെ വിഷയങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുന്ന ഹാൻഡ്ബുക്ക്, വിഷയങ്ങളുമായി ബന്ധപ്പെട്ട വിഡിയോ, ഓഡിയോ എന്നിവ അതിരൂപത മീഡിയ കമ്മിഷൻ ഫേസ്ബുക്കിലൂടെയും വാട്സ്അപ്പ് വഴിയും ലഭ്യമാക്കി.

അതിരൂപതയുടെ സമൂഹമാധ്യമങ്ങളുടെ സഹായത്തോടെയും ഇടവക ക്രിസ്തീയവിശ്വാസജീവിതപരിശീലന സമിതിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും മികച്ചരീതിയിൽ മുന്നോട്ടുപോയ ഇ-വചനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ഓൺലൈൻ സർട്ടിഫിക്കറ്റ് നല്കുന്നതാണെന്ന് അതിരൂപത അജപാലനശുശ്രൂഷ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് അറിയിച്ചു. സംരംഭത്തിന്റെ ഭാഗമായി പങ്കെടുത്ത വിദ്യാർഥികളുടെ പ്രവർത്തനങ്ങൾ മീഡിയ കമ്മിഷൻ ഫേസ്ബുക്ക് പേജിൽ പങ്കുവയ്ക്കുന്നുണ്ട്.



*ഇ-വചനം അവധിക്കാല ബൈബിൾ പഠനക്ലാസിൽ പങ്കെടുക്കുന്ന കുട്ടികൾ*

## പത്തനംതിട്ട ഗന്ധി ഭവൻ സന്ദർശനം

**തിരുവനന്തപുരം:** റ്റിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ടയിൽ 1300 ഓളം നിരാംലബർക്ക് അഭയമേകുന്ന പത്തനാപുരം ഗാന്ധിഭവൻ സാമൂഹ്യശുശ്രൂഷ സമിതി പ്രവർത്തകർ സന്ദർശിക്കുകയും പാളയം, വെള്ളയമ്പലം, നന്ദൻകോട്, മണക്കാട് എന്നീ ഇടവകകളിൽ നിന്നും സമാഹരിച്ച ഭക്ഷ്യധാന്യങ്ങൾ, പലചരക്കുകൾ, മറ്റ് അവശ്യസാധനങ്ങൾ എന്നിവ ഗാന്ധി ഭവൻ സെക്രട്ടറി ഡോ. സോമരാജനെ ഏൽപ്പിക്കുകയും അന്തേവാസികളെ കാണുകയും ചെയ്തു. റ്റി.എസ്.എസ്.എസിൽ നിന്നും അന്നറീറ്റ, ലീജ സ്റ്റീഫൻ, സ്റ്റെല്ലസ്, രമ്യ ജോസ്, മേഴ്സി ഡാൽബി, ഡോളി ഫ്രാൻസീസ്, ഫിലോമിന എന്നിവർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.



*ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പാളയം, മണക്കാട്, വെള്ളയമ്പലം, നന്ദൻകോട് ഇടവകകളിൽ നിന്നും രൂപത കോഡിനേറ്റർമാരുടെ ശ്രമഫലമായി ശേഖരിച്ച അവശ്യസാധനങ്ങൾ പത്തനാപുരം ഗാന്ധിഭവനിലെ അന്തേവാസികൾക്ക് കൈമാറുന്നു.*

# ഒരു തിരുനാൾ ഒരു ഭവനം

**വലിയവേളി:** സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള വലിയവേളി ഇടവകയിലെ രണ്ടു കോൺഫറൻസുകൾ സംയുക്തമായി ഇടവകയിലെ ഒരു നിർധന കുടുംബത്തിന് സെന്റ് ആന്റണീസ് തിരുനാളിനോടനുബന്ധിച്ച് 7 ലക്ഷം രൂപ മുടക്കി ഭവനം നിർമ്മിച്ചു നൽകി. അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ഭവനത്തിന്റെ താക്കോൽ ദാനം നിർവഹിച്ചു. ഇടവക വികാരി ഫാ. യേശുദാസ് മത്യാസ്, ഫാ. അജിത്ത് ആന്റണി, റസലിൻ നെൽസൺ, സുനിൽ ബോസ്കോ, ജസ്റ്റിൻ ആന്റണി തുടങ്ങിയവർ നേതൃത്വം നൽകി.

ഇരവിപുത്തൻതുറ ഇടവകയിലെ സെന്റ് ജോസഫ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ നിർധനരായ സ്വയം തൊഴിൽ സംരംഭകർക്ക് സാമ്പത്തിക സഹായം വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് ഉഷയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി ഫാ. ജെറോം അമൃതം ഉദ്ഘാടനം ചെയ്തു. ആർ.സഖറിയാസ്, എസ്.ആൽബർട്ട് ഫ്രാൻസിസ്, ഡാമിയൻ, സേവ്യർ, തുടങ്ങിയവർ ആശംസകളർപ്പിച്ചു. ഏരിയ കൗൺസിൽ പ്രസിഡന്റ് ക്ലീറ്റസ് നന്ദി പറഞ്ഞു.



*കാരിത്താസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടന്ന ലെറ്റർ ക്യാമ്പയിന്റെ ഉദ്ഘാടനം വിഴിഞ്ഞം ഇടവകയിൽ ദിവ്യബലിയോടനുബന്ധിച്ച് നടന്നപ്പോൾ*

## 'ജീവസമൃദ്ധി, ജീവനസമൃദ്ധി' ലെറ്റർ ക്യാമ്പയിൻ

**തിരുവനന്തപുരം:** ഭാരതത്തിൽ ആകമാനമുള്ള 174 കത്തോലിക്ക രൂപതകളിൽ കാരിത്താസ് ഇന്ത്യ നടത്തുന്ന ലെന്റൻ ക്യാംപെയിന്റെ തിരുവനന്തപുരം അതിരൂപതാ തല ഉദ്ഘാടനം മാർച്ച് ഒന്നാം തീയതി വിഴിഞ്ഞം ഇടവകയിൽ ദിവ്യബലിയോടെ കൂടി നടന്നു. "ജീവിത സമൃദ്ധി ജീവന സമൃദ്ധി" വിശപ്പിനും രോഗത്തിനെതിരെ പോരാടുക എന്നുള്ള ആശയം ജനങ്ങളിൽ എത്തിക്കും, ജനങ്ങൾ ഈ ക്യാമ്പയിൻ ഏറ്റെടുത്തതിന്റെ അടയാളമായി വൃക്ഷതൈകൾ നട്ടു പിടിപ്പിച്ചു. പ്ലാസ്റ്റിക്കിന് പകരം തുണി സഞ്ചി വിതരണ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. മാലിന്യ സംസ്കരണ ബോധം ജനങ്ങളിൽ ആഴമാക്കാനും, ജനങ്ങൾ തന്നെ പരിസരം വൃത്തിയാക്കുകയും മാലിന്യം തരംതിരിച്ച് സംസ്കരിക്കുകയും ചെയ്യുന്നതിനുള്ള അറിവും പരിശീലനവും നൽകി. വിശപ്പ് അനുഭവിക്കുന്നവരോടും രോഗികളോടും പ്രകൃതിയോടും കാരുണ്യവും സ്നേഹവും അനുകമ്പയും പ്രകടമാക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധിപ്പിച്ചു. അതിരൂപതാ സഹായമെത്രാൻ ക്രിസ്തുദാസ്, കാരിത്താസ് ഇന്ത്യയുടെ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലി, ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സാബാസ്, ഫാ.ആഷ്ലിൻ ജോസ്, വിഴിഞ്ഞം ഇടവക വികാരി ഫാ.ജെസ്റ്റിൻ ജൂഡ് ഇടവക കൗൺസിലും പ്രസ്തുത പരിപാടികൾക്ക് നേതൃത്വം നൽകുകയുണ്ടായി.



*തിരുവനന്തപുരം അതിരൂപതാ കുടുംബ പ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ തൂത്തൂർ ഫൊറോനയിൽവച്ച് സംഘടിപ്പിച്ച ബധിര-മൂകരുടെ സംഗമത്തിൽ പങ്കെടുത്തവർ അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, കുടുംബ പ്രേഷിത ശുശ്രൂഷാ ഡയറക്ടർ ഡോ. എ.ആർ.ജോൺ എന്നിവരോടൊപ്പം*

# കോവിഡ്–19: ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവനരംഗത്ത്




*1) ലോക്ഡൗൺകാലത്ത് റ്റിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഭക്ഷ്യവസ്തുക്കളുടെ വിതരണം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിർവഹിക്കുന്നു. 2) മാസ്ക് നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്ന റ്റിഎസ്എസ്എസ് സ്റ്റാഫ്.*

**തിരുവനന്തപുരം:** രണ്ടാം ലോക മഹായുദ്ധത്തിനുശേഷം മാനവരാശി ഒന്നാകെ അഭിമുഖീകരിക്കുന്ന ദുരന്തമായ കോവിഡ് – 19 എന്ന പകർച്ച വ്യാധിക്കെതിരെയുള്ള നമ്മുടെ ദൈനംദിന ജീവിതത്തിന്റെ താളം തെറ്റിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെ നേരിടാൻ ലോകരാഷ്ട്രതലവൻമാരും ലോകജനതയും ഒന്നാകെ ചേർന്നു പോരാടുന്ന ഈ അവസരത്തിൽ കോവിഡ് – 19 പ്രതിരോധ അതിജീവന പ്രവർത്തനങ്ങളിൽ ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തിയ ഇടപെടലുകൾ മാതൃകയാവുന്നു. വൈറസ് ബാധ തടയുന്നതിന് 'ബ്രേക്ക് ദി ചെയിൻ' ക്യാമ്പൈന്റെ ഭാഗമാകാൻ കണ്ടെത്തിയ 895 വോളന്റിയേഴ്സ് വഴി ട്രിവാൻഡ്രം അതിരൂപതയിലെ 298 ഏര്യകളിൽ വെള്ളവും, ഹാൻഡ് വാഷും എത്തിച്ചു. കോവിഡ്-19 ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി 10000 ലീഫ്‌ലെറ്റ് വിതരണവും, മൈക്ക് അനൗൺസ്മെന്റ് ഉം, പോസ്റ്റർ പ്രദർശനവും നടത്തി. ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ വൈറസ് ബാധയെക്കുറിച്ചും എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ഉണർവ്വ് പഠന പത്രിക തയ്യാറാക്കി വിതരണം ചെയ്തു. സമൂഹവ്യാപനം തടയുന്നിന്റെ ഭാഗമായ വാഹന നിയന്ത്രണവും, 132046 മാസ്ക്ക് വിതരണവും 400 ലിറ്റർ ഹാൻഡ് സാനിറ്റൈസറും എല്ലാ ഇടവകകളിലും സന്നദ്ധ സേവകർക്കും ആരോഗ്യപ്രവർത്തകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും വിതരണം ചെയ്തു. നിത്യജീവിതത്തിന് വേണ്ടി കഷ്ടപ്പെടുന്ന തീരദേശ ജനതയുടെ വിശപ്പും രോഗവും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിലായിരുന്നു ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കൂടുതൽ ശ്രദ്ധയും.

ലോക് ഡൗൺ കാലത്ത് വിവിധ ഇടവകകളിലായി 46,44,887 രൂപയുടെ ധനസഹായവും ഭക്ഷണകിറ്റുകളും എത്തിച്ചു. പ്രവാസി സംഘടനകളുമായി ബന്ധപ്പെട്ട് ആവശ്യക്കാർക്ക് ഭക്ഷണവും മരുന്നും വിമാന ടിക്കറ്റും മറ്റ് അത്യാവശ്യ വൈദ്യസഹായങ്ങളും നൽകി വരുന്നു. ഇറാനിലും ആന്റമാനിലുമകപ്പെട്ടുപോയ നിരവധി മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായിട്ടുള്ള ഭക്ഷ്യസാധനങ്ങളും എത്തിക്കുകയും അവരെ നാട്ടിലെത്തിക്കാൻ വേണ്ട ക്രമീകരണങ്ങളും ചെയ്തു. കൂടാതെ പ്രവാസികളുടെ പരാതികൾ അറിയിക്കുന്നതിനായി ഗർഷോം ഹെൽപ് ഡെസ്ക്ക് രൂപീകരിച്ചു. ജൈവ പച്ചക്കറി കൂട്ടുകൃഷിക്ക് വേണ്ടി 2700 കുടുംബങ്ങൾക്ക് വിത്തുകളും വിവിധ പഴവർഗ്ഗങ്ങ തൈകളും നൽകി. തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിന്റെ സഹായത്തോടെ 40,000 കുടുംബങ്ങൾക്കുള്ള പ്രതിരോധ ഹോമിയോ മരുന്ന് എത്തിച്ചു വരുന്നു.


## ജന്മദിനാശംസകൾ...




ജൂൺ മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന **സോണിമോൾക്കും ആന്റണി മോനും** പപ്പയുടെയും അമ്മയുടെയും പ്രാർത്ഥനാനിർഭരമായ ജന്മദിനാശംസകൾ

– **സെബാസ്റ്റ്യൻ ആന്റണി & ലൂസി സെബാസ്റ്റ്യൻ**
സോണി ഭവൻ, എസ്.എച്ച്.നഗർ, വണ്ടിത്തടം



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

പരിശുദ്ധ ത്രിത്വ തിരുനാൾ (ജൂൺ 07)

# പരിശുദ്ധ ത്രിത്വം

നീർച്ചാലുകൾ

ഡോ. ഡൈസൻ

പുറ. 34: 4b-6. 8-9 | 2 കൊറി. 13: 11-13 | യോഹ. 3: 16-18

ഒന്നും ഒന്നും രണ്ടല്ല. വലിയ ഒന്നാണെന്നാണ് ദമ്പതികളെ കുറിച്ച് പറയുന്നത്. ത്രിത്വത്തെ കുറിച്ചും ഇങ്ങനെ പറയാം ഒന്നും, ഒന്നും ഒന്നും മൂന്നല്ല ഒന്നാണ്. ത്രിത്വം മൂന്നു വ്യത്യസ്ത ദൈവങ്ങളിലുള്ള വിശ്വാസമല്ല. ഏക ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധത്മാവ് എന്ന മൂന്നു വ്യക്തികളിലുള്ള വിശ്വാസമാണ്. വ്യക്തിത്വത്തിൽ വ്യത്യസ്തരെങ്കിലും അവരുടെ ദൈവത്വം ഏകമാണ്. അതുകൊണ്ട് ത്രിത്വം മനുഷ്യന് വലിയ രഹസ്യമാണ്. സ്നേഹ സമൂഹമായി ജീവിക്കുന്ന ത്രിത്വം എല്ലാ കുടുംബങ്ങൾക്ക് മാതൃകയാണ്.

### 1. ത്രിത്വം– വലിയൊരു ദൈവീക രഹസ്യം

ബുദ്ധികൊണ്ട് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ നാം ചെന്നത്തുന്നത് വലിയ അബദ്ധങ്ങളിലും തെറ്റുകളിലുമാണ്. ഇങ്ങനെയുള്ള നാലു പ്രധാന തെറ്റായ പഠനങ്ങളാണ്: ആരിയനിസം, മോഡലിസം, ത്രീത്തേയിസം, സബോർഡിനേഷനിസം.

ആരിയനിസം: നാലാം നൂറ്റാണ്ടിൽ ജീവിച്ച ക്രൈസ്തവ പുരോഹിതനായ ആരിയൂസ് പറയുന്നു: “ദൈവം ഏകനാണ്. അത് പിതാവായ ദൈവമാണ്. പുത്രൻ അവിടത്തെ സൃഷ്ടിമാത്രമാണ്. കാരണം പുത്രന് ഒരു ആരംഭമുണ്ട്. പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന കേവലം ഒരു ചൈതന്യം മാത്രമാണ്.” ഇത് തെറ്റായ പഠനമാണ്. കാരണം ആരിയൂസ് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവികത്വം നിഷേധിക്കുന്നു.


മോഡലിസം: ദൈവം ഏകനാണ്. ഏകനായ ദൈവത്തിന്റെ മൂന്നു ഭാവങ്ങളാണ് പിതാവ്, പുത്രൻ, പരശശുദ്ധാത്മാവ്. ഏക ദൈവം ആദ്യം സൃഷ്ടിനടത്തിയപ്പോൾ പിതാവായി ആ ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ പുത്രനായി. ആ ദൈവം സഭാപാലനം നടത്തിയപ്പോൾ പരിശുദ്ധാത്മാവായി. ഈ അബദ്ധ പഠനം ഏകദൈവത്തിലെ മൂന്നു വ്യത്യസ്ത വ്യക്തിത്വങ്ങളെ നിഷേധിക്കുന്നു.

ത്രീത്തേയിസം: പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നു ദൈവങ്ങളാണ്. എന്നാൽ ഒരുമിച്ച് പ്രവർത്തിക്കുന്നു. തമ്മിൽ പ്രശ്നങ്ങളില്ല. ഇത് ക്രൈസ്തവ ത്രിയേക വിശ്വാസത്തെ പാടെ തകർക്കുന്ന അബദ്ധ സിദ്ധാന്തമാണ് കാരണം ദൈവം ഏകദൈവമാണ്, മൂന്നു ദൈവങ്ങളല്ല.

വിധേയത്വവാദം (സബോർഡിനേഷനിസം): ദൈവം ഒന്നേ ഉള്ളൂ ആ ദൈവത്തിൽ മൂന്നു വ്യക്തികൾ വലിപ്പ ചെറുപ്പമനുസരിച്ച് ശ്രേണികളായി തരംതിരിക്കപ്പെട്ടിരിക്കുന്നു. അതനുസരിച്ച് പുത്രൻ പിതാവിന് വിധേയനാണ്. പരിശുദ്ധാത്മാവ് പിതാവിനും പുത്രനും വിധേയനാണ്. ഈ വാദം തെറ്റാണ് കാരണം പിതാവും പുത്രനും പരിശുദ്ധാത്മാവും തുല്യരാണ്. അവർ പങ്കിടുന്നത് തുല്യമായ



ത്രിത്വം ഒരു ദൈവീക രഹസ്യമായതുകൊണ്ട്, ദൈവീക വെളിപ്പെടുത്തലിനു ഹൃദയം തുറന്നു കൊടുക്കുമ്പോൾ ത്രിയേക ദൈവത്തെ അനുഭവിക്കാൻ സാധിക്കും.



ശക്തിയും, മഹത്വവും, അറിവും, ആരാധനയുമാണ്.

പിതാവ് പൂർണ്ണമായും മുഴുവനായും ദൈവമാണ്. പുത്രൻ പൂർണ്ണമായും മുഴുവനായും ദൈവമാണ്. പരിശുദ്ധാത്മാവ് പൂർണ്ണമായും മുഴുവനായും ദൈവമാണ്. എങ്കിൽ ദൈവം ഒന്നോ? മൂന്നോ? ഈ ചോദ്യത്തിന് കത്തോലിക്കാസഭയുടെയും യുവജന മതബോധനഗ്രന്ഥം 35-ാം ഖണ്ഡിക ഉത്തരം നല്കുന്നു. ക്രൈസ്തവർ മൂന്നു വ്യത്യസ്ത ദൈവങ്ങളെ ആരാധിക്കുന്നില്ല. മൂന്നായിരിക്കുമ്പോൾ തന്നെ ഒന്നായിരിക്കുന്ന ഒറ്റ സത്തയെയാണ് ആരാധിക്കുന്നത്. ഇത് വലിയൊരു ദൈവീക രഹസ്യമാണ്.

## 2. ത്രിത്വം – സ്നേഹസമൂഹം

പിതാവും പുത്രനും പരിശുദ്ധാത്മാവും ഐക്യത്തിൽ സ്നേഹത്തിൽ ഒരു സമൂഹമായി ജീവിക്കുന്നു. ത്രിത്വത്തിൽ അന്യൻ എന്ന ചിന്തയില്ല. ദൈവം ഒരു സ്നേഹസമൂഹമായി ജീവിക്കുന്നതുപോലെ മനുഷ്യരായ നമ്മളും ഒരു സ്നേഹസമൂഹമായി ജീവിക്കണം. പ്രസിദ്ധ ആംഗലേയ ഭാഷാപണ്ഡിതനായ ഡോ. ജോൺസൺ ഒരിക്കൽ തന്റെ സ്നേഹിതരുമൊത്ത് വിനോദയാത്ര നടത്തുകയായിരുന്നു. ഒരു ഞായറാഴ്ച ദിവസം പ്രഭാതത്തിൽ അവർ കല്ക്കരി കത്തിച്ചു തീ കാഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. സ്നേഹിതരിൽ ഒരുവൻ പറഞ്ഞു. നമുക്ക് ഇവിടെയിരുന്ന് പ്രാർത്ഥിച്ചാലും മതിയല്ലോ, ദേവാലയത്തിലേക്ക് പോകണമെന്നില്ലാ സ്നേഹിതരുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരുന്ന ജോൺസൺ മറുപടിയൊന്നും പറയാതെ, കൂട്ടിയിട്ട് തീ കത്തിച്ചുകൊണ്ടിരുന്ന കല്ക്കരിക്കഷണങ്ങളിൽ ഏതാനും കഷണം കൂട്ടത്തിൽ നിന്നും അല്പം മാറ്റിയിട്ടു. കുറച്ചുനേരത്തേക്ക് അത് കത്തിയിട്ട് അതു പിന്നെ കെട്ട്, ആറിത്തണിത്തുപോയി. അപ്പോൾ ജോൺസൺ പറഞ്ഞു: ഒന്നിച്ചുനിന്ന കല്ക്കരി വേഗം കെട്ടുപോകുന്നില്ല. കൂട്ടത്തിൽ നിന്നും വിട്ടുനില്ക്കുമ്പോൾ വേഗം കെട്ട് തണുത്തുപോകുന്നു. തീവ്രവ്യക്തി വാദത്തിന്റെ പേരിൽ ഒറ്റപ്പെട്ട ദ്വീപുകളായി ജീവിക്കേണ്ടവരല്ല നമ്മൾ. ഒരു സ്നേഹസമൂഹമായി ജീവിക്കേണ്ടവരാണ്.

## 3. ത്രിത്വം – ഒരു മാതൃക കുടുംബം

ഒരു കുടുംബം എങ്ങനെ മാതൃക കുടുംബമായി ജീവിക്കണമെന്ന് ത്രിത്വം നമ്മെ പഠിപ്പിക്കുന്നു. ആദ്യമായി കപടതയുടെ മൂടുപടമില്ലാതെ കുടുംബാംഗങ്ങൾ സത്യസന്ധതയിൽ ജീവിക്കണം. ദൈവീക മുഖമുള്ള മനുഷ്യരാകേണ്ട കുടുബാംഗങ്ങൾ പൊയ്മുഖങ്ങൾ അണിയുന്നതിലൂടെ കുടുംബത്തെ ഏറ്റവും വലിയ അഭിനയ കളരിയായി മാറ്റുന്നു. അങ്ങനെ കുടുംബത്തിന്റെ ആത്മാവിന് മുറിവേല്ക്കുകയും കുടുംബത്തിന്റെ പരിശുദ്ധിക്ക് കളങ്കമേല്ക്കുകയും ചെയ്യുന്നു.

രണ്ടമതായി, കുടുംബത്തിൽ കണ്ടത്തേണ്ട ആനന്ദവും സുഖവും പുറമെ കണ്ടെത്തുവാൻ ശ്രമിക്കുമ്പോൾ കുടുംബം ഭാരമായി മാറുന്നു. കുടുംബത്തിലൊരാൾ എന്റെ സുഖത്തിന്, സന്തോഷത്തിന് തടസമാകുമെന്ന് തോന്നുമ്പോൾ അയാളെ വക വരുത്താൻ ഞാൻ തയ്യാറാവും. അങ്ങനെ സഹോദരന്റെ കാവാലാകേണ്ടയാൾ കൊലയാളിയായി മാറുന്നു. ജീവിത പങ്കാളിയെ ഹൃദയത്തോടു ചേർത്തു പിടിക്കേണ്ടവൻ അവളുടെ ജീവൻ വിഷപാമ്പുകളെ കൊണ്ട് അപകരിക്കുന്നവനായി മാറുന്നു. ഇന്ന് ലോകം ഇതുപോലെ നശീകരണസാമഗ്രികൾ കൂമ്പാരം കൂട്ടിക്കൊണ്ട് പരസ്പരം ഭയന്നും മത്സരിച്ചും കഴിഞ്ഞുകൂടുന്നു. സ്വർത്ഥതയ്ക്ക് ഞാൻ അടിമപ്പെടുമ്പോൾ കുടുംബത്തിലെ വ്യക്തികളെ പോലും വസ്തുക്കളായി കാണുന്ന രീതിയിൽ ഞാൻ അധപതിക്കും!

മൂന്നമാതായി കുടുംബാംഗങ്ങളെ പരസ്പരം ആദരിക്കാനും അംഗീകരിക്കാനും പഠിക്കണം. തെറ്റുകളും കുറ്റങ്ങളും പെരുപ്പിച്ച് കാണിക്കാതെ നന്മയെ പരിഷോഷിപ്പിക്കുമ്പോൾ കുടുംബങ്ങളിൽ ആനന്ദമുണ്ടാകുന്നു. അർഹതയുള്ള ആദരവും അംഗീകാരവും തിരസ്കരിക്കപ്പെടുമ്പോൾ കുടുംബങ്ങൾ ഉൾപോരിന്റെ, അന്തഛിദ്രത്തിന്റെ ഇടമായി മാറുന്നു. ത്രിത്വത്തിൽ ഒരാൾ മറ്റൊർക്കോവേണ്ടി ജീവിക്കുന്നു; പരസ്പരം ബഹുമാനിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. സ്വർത്ഥതയില്ലാതെ സമർപ്പണത്തിന്റെ അരൂപിയിലാണ് ത്രിത്വം ജീവിക്കുന്നത്.

ത്രിത്വം ഒരു ദൈവീക രഹസ്യമായതുകൊണ്ട്, ദൈവീക വെളിപ്പെടുത്തലിനു ഹൃദയം തുറന്നു കൊടുമ്പോൾ ത്രിയേക ദൈവത്തെ അനുഭവിക്കാൻ സാധിക്കും. വ്യത്യസ്തകൾ ഉണ്ടെങ്കിലും ഒരു സ്നേഹസമൂഹമായി ജീവിക്കുന്ന ത്രിത്വം മനുഷ്യരായ നമ്മെ സ്നേഹസമൂഹമായി ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു. ത്രിത്വമെന്ന ദൈവീക കുടുംബം ഈ ലോകത്തിലെ എല്ലാ കുടുംബങ്ങൾക്കും മാതൃകയാണ്. ഈ മാതൃക സ്വീകരിച്ചാൽ നമ്മുടെ കുടുംബം സ്വർഗ്ഗമാകും. ■

ദിവ്യകാരുണ്യത്തിരുന്നാൾ (ജൂൺ 14)

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# ഇതു വാങ്ങി ഭക്ഷിക്കുവിൻ

നിയ. 8: 2-3, 14b -16a | 1 കൊറി. 10: 16-17 | യോഹ. 6: 51-58



ത്യാഗത്തിന്റെയും സഹനത്തിന്റെയും വഴിയിലൂടെയുമാണ് ക്രിസ്തുവുമായി അടുക്കുവാൻ സാധിക്കുന്നത്. ജീവന്റെ അപ്പം ഭക്ഷിക്കുവാൻ പറയുന്നതിലൂടെ തന്റെ ജീവിതത്തിൽ പങ്കുചേരാനാണ് ക്രിസ്തു ആഹ്വാനംചെയ്യുന്നത്. തന്നിൽ അലിഞ്ഞുചേരാൻ അവിടുന്നു എല്ലാവരെയും ക്ഷണിക്കുന്നു.

മരുഭൂമിയിലെ നാല്പതുസംവത്സരങ്ങളുടെ ക്ലേശപൂർണമായ ഇസ്രായേൽ ജീവിതത്തെക്കുറിച്ച് മോശ വീണ്ടും ഓർമപ്പെടുത്തുകയാണ്. സകലസുഖങ്ങളും അനുഭവിച്ചിരുന്ന ഇസ്രായേൽ ജനതയെ എളിമപ്പെടുത്താനാണ് സാധാരണഭക്ഷണമായി മന്ന കൊടുത്തത്. ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനത്തെ പുറത്തുകൊണ്ടുവന്ന ദൈവത്തെ മറക്കാതിരിക്കുവാൻ മോശ കല്പിക്കുന്നു. ഈ മന്ന ഭക്ഷിച്ചവരൊക്കെയും മൃതരായി. പുതിയനിയമത്തിൽ യേശു തന്റെതന്നെ ശരീരത്തെ പുതിയ മന്നയായി മോചനത്തിന്റെ ഭോജനമായി സമർപ്പിക്കുമ്പോൾ അതൊരു പുതിയ വെളിപാടാകുന്നു.

ദിവ്യകാരുണ്യചൊല്ല് എന്നോ ദിവ്യകാരുണ്യവെളിപാട് എന്നോ വിശേഷിപ്പിക്കാവുന്ന ഞാൻ ജീവന്റെ അപ്പമാകുന്നു(I am the Bread of Life) എന്ന വചനങ്ങളിലൂടെ തന്നെ സ്വർഗത്തിൽ നിന്നും വന്ന ജീവന്റെ അപ്പമായി വിശ്വസിച്ചു സ്വീകരിക്കാൻ യേശു ജനക്കൂട്ടത്തെ ക്ഷണിക്കുന്നു.

ഞാൻ, ജീവൻ, അപ്പം എന്നീ മൂന്നു പദങ്ങളാണ് യേശു തന്റെ ദിവ്യകാരുണ്യപ്രഭാഷണത്തിൽ ഉപയോഗിക്കുന്നത്. ഈ മൂന്ന് പദങ്ങളുടെ അന്തരാർത്ഥത്തെ കുറിച്ചുള്ള ധ്യാനം ദിവ്യകാരുണ്യത്തെക്കുറിച്ച് അഗാധമായ അർത്ഥതലങ്ങളിലേക്ക് നയിക്കുന്നു.

1) ഞാൻ ആകുന്നു(I am) : ഈ നാമപ്രയോഗം വിരൽ ചൂണ്ടുന്നത് യേശുവിന്റെ ദൈവത്വത്തിലേക്കാണ്. ദൈവം തന്നെതന്നെ മോശയ്ക്ക് 'ഞാൻ ഞാൻ ആകുന്നു (I am Who am) എന്ന് വെളിപ്പെടുത്തിയതുപോലെയുള്ള യേശുവിന്റെ ദൈവത്വത്തിന്റെ വെളിപ്പെടുത്തലാണിത്.

2) അപ്പം (Bread) : ഈ പ്രതീകം സൂചിപ്പിക്കുന്നത് ദിവ്യകാരുണ്യത്തിൽ യേശുവിനെ സ്വീകരിക്കുന്ന 'വചനമാകുന്ന അപ്പം'(Bread of word) 'ശരീരമാകുന്ന അപ്പം'(Bread of Body)എന്നിവയെയാണ്.

3) ജീവൻ (Life): വിശുദ്ധഗ്രന്ഥപശ്ചാത്തലത്തിൽ ആത്മീയ അർത്ഥത്തിൽ ജീവനെന്നത് വെറും ശാരീരിക ജീവന്റെ നിലനില്പല്ല, ജീവന്റെ ഉറവിടമായ ദൈവവുമായുള്ള സംസർഗമാണ്. അതായത്, ഒരു ക്രൈസ്തവന്റെ ജീവിതത്തിൽ ഞാൻ ആകുന്നു ദൈവവുമായുള്ള എന്റെ സംസർഗം അഥവാ ജീവന്റെ അനുഭവം സാധിതമാക്കുന്നതു അപ്പം അഥവാ ദിവ്യകാരുണ്യമാണ്. ഈ നിരന്തര സംസർഗാനുഭവത്തലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമിപ്പിക്കുന്നതുപോലെ വിശുദ്ധകുർബാന ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും പരമകാഷ്ഠയുമാകുന്നത്.

പൗലോസ് അപ്പസ്തോലൻ കൊറിന്തോസുകാരുടെ ലേഖനത്തിൽ ക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ ഭാഗഭാഗിത്വത്തെക്കുറിച്ച് എടുത്തുപറയുന്നു. പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. ഒരേ അപ്പത്തിലാണ് നാം ഭാഗഭാക്കുകളാകുന്നത്. പ്രശസ്ത കവി റിൽക്ക പറയുന്നുണ്ട്:

എന്നെയും നിന്നെയും തൊടുന്നതൊക്കെ പക്ഷേ നമ്മെ അന്യോന്യം വലിച്ചടുപ്പിക്കുന്നു.

രണ്ടുതന്ത്രികൾ മീട്ടുന്ന വയലിൻ ചാപം ഒരേ സ്വരം വായിച്ചെടുക്കുമ്പോലെ നമ്മെയിണക്കിയിരിക്കുന്നതേതു വാദ്യത്തിൽ. ക്രിസ്തുവിന്റെ ശരീരത്തിൽ ഒന്നായിത്തീരുന്നതും ഇതേപോലൊരു ഇഴയടുപ്പത്തിലാണ്.

സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നും ഭക്ഷിച്ചാൽ എന്നേക്കും ജീവിക്കും. (യോഹ 6/51). എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട് (യോഹ 5/54). എന്റെ ശരീരം ഭക്ഷിക്കുകയും

എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹ 6/56). യേശു പറഞ്ഞ ഈ വചനങ്ങൾ ആ നിമിഷം മുതൽ ഈ ദിവസംവരെ ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നതായി കാണാം. യേശുവിന്റെ ഭൗതിക രക്തവും മാംസവും ഭക്ഷിക്കാനാണെന്ന് തെറ്റിദ്ധരിച്ച് അനേകം ശിഷ്യന്മാർ യേശുവിനെതിരെ പിറുപിറുത്തതായി യോഹന്നാൻ എഴുതുന്നു. അപ്പോൾ അവർക്ക് വിശദീകരണം കൊടുക്കുന്നതാണ് താഴെക്കാണുന്ന വചനം. ആത്മാവാണ് ജീവൻ നല്കുന്നത്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്. (യോഹ 6/63). യേശുവിന്റെ ലക്ഷ്യം വ്യക്തമാക്കിയിട്ടും അവന്റെ ഭൗതിക ശരീരം ഭക്ഷിക്കാനാണെന്ന് തെറ്റിദ്ധരിച്ച് അനേകം പേർ യേശുവിനെ വിട്ടുപോയെന്ന് യോഹന്നാൻ വീണ്ടും എഴുതുന്നു. ഇതിനുശേഷം അവന്റെ ശിഷ്യന്മാരിൽ വളരെപ്പേർ അവനെ വിട്ടുപോയി (യോഹ 6/66). അപ്പോൾ യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചു. നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? ശിമയോൻ പത്രോസ് മറുപടി പറഞ്ഞു. കർത്താവേ ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു.(യോഹ 6/67-69). നിത്യജീവന്റെ വചനങ്ങളെപ്പറ്റിയാണ് യേശു പറഞ്ഞത് എന്ന് ഈ സുവിശേഷകനായ യോഹന്നാൻ അടക്കമുള്ള 12 ശിഷ്യന്മാർക്കും മനസ്സിലായെന്ന് ഈ വചനം വ്യക്തമാക്കുന്നു.

ആത്മാവിന്റെ ഭക്ഷണം രക്തമോ മാംസമോ അല്ല, ജ്ഞാനം നല്കുന്ന വചനങ്ങളാണ്. ജ്ഞാനമാണ് ദൈവത്തിന്റെ ശരീരം. യഥാർത്ഥത്തിൽ എന്റെ ശരീരം ഭക്ഷിക്കുക" എന്ന് പറഞ്ഞത് യേശുവല്ല. പിതാവായ ദൈവം തന്നെയാണ്. നിങ്ങൾശ്രവിച്ച ഈ വചനം എന്റേതല്ല. എന്നെ അയച്ച പിതാവിന്റേതാണ്. (യോഹ 14/24)

റൂമി എന്ന മിസ്റ്റിക് കവി കുറിക്കുന്നു. എനിക്കു നിന്റെ പനിനീർതോട്ടത്തിൽ കടക്കണമെന്നുണ്ടെങ്കിൽ ആദ്യം മുള്ളുകളുമായി കരാർ ഉണ്ടാക്കേണ്ടതുണ്ട്.

ത്യാഗത്തിന്റെയും സഹനത്തിന്റെയും വഴിയിലൂടെയുമാണ് ക്രിസ്തുവുമായി അടുക്കുവാൻ സാധിക്കുന്നത്. ജീവന്റെ അപ്പം ഭക്ഷിക്കുവാൻ പറയുന്നതിലൂടെ തന്റെ ജീവിതത്തിൽ പങ്കുചേരാനാണ് ക്രിസ്തു ആഹ്വാനംചെയ്യുന്നത്. തന്നിൽ അലിഞ്ഞുചേരാൻ അവിടുന്നു എല്ലാവരെയും ക്ഷണിക്കുന്നു. അവിടുത്തെ സുവിശേഷമൂല്യങ്ങളിൽ ജീവിക്കാൻ യേശു നമ്മെ ക്ഷണിക്കുന്നു. വലിയ ഒരു വെല്ലുവിളിയാണിത്. ക്രിസ്തുവിൽ അലിഞ്ഞുചേരുന്നവർ അവിടുത്തെ സുവിശേഷമൂല്യങ്ങളിൽ ജീവിക്കുകയും വളരുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മൂല്യങ്ങൾ ദൈവരാജ്യത്തിന്റെ മൂല്യങ്ങളാണ്. അത് സ്നേഹത്തിന്റെയും ശത്രുസ്നേഹത്തിന്റെയും, നീതിയുടെയും സത്യത്തിന്റെയും മൂല്യങ്ങളാണ്. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

തിരുഹൃദയ തിരുനാൾ (ജൂൺ 21)

# ഒരല്പം സ്നേഹം ഉള്ളിൽ കരുതിക്കൂടെ?

നിയ. 7:6-11 | 1 യോഹ. 4: 7-16 | മത്താ. 11:25-30

ഇന്ന് തിരുഹൃദയ തിരുനാൾ. സ്നേഹം കൊണ്ട് ഹൃദയം നിറയ്ക്കുന്നവന്റെ വിളിപ്പേരാണ് തിരുഹൃദയം.

ഒരുക്കൽ ഒരു വിശ്വാസി സന്യാസിയോടു ചോദിച്ചു; എന്റെ ഹൃദയം തിരുഹൃദയമാകാൻ ഞാൻ എന്തുചെയ്യണം?

സന്യാസി പറഞ്ഞു,

നിന്റെ വചനങ്ങൾ തിരുവചനമാകുകിൽ,

നിന്റെ കർമ്മങ്ങൾ തിരുവചനമാകുകിൽ,

നിന്റെ സ്നേഹം തിരുവചനമാകുകിൽ,

നിന്റെ ഹൃദയം തിരുഹൃദയമായിടും

ഈശോയുടെ ഹൃദയത്തിന്റെ പ്രത്യേകതകൾ

### 1) ഈശോയുടെ തിരുഹൃദയം, ദൈവിക കൃപകളുടെ ഉറവിടമാണ്.

പടയാളികളിൽ ഒരുവൻ കുന്തം കൊണ്ട് അവിടുത്തെ വിലാപ്പുറത്ത് കുത്തി, അവിടെനിന്നും രക്തവും ജലവും ഒഴുകി(യോഹ 19:34).

ഈ രക്തവും ജലവുമാണ് പരിശുദ്ധ കുർബാനയെന്ന കൂദാശയിലൂടെയും മാമ്മോദീസ എന്ന കൂദാശയിലൂടെയും കൃപയുടെ നീർച്ചാലുകളായി നാം അനുഭവിക്കുന്നത്. അനുദിനം മാമ്മോദീസ എന്ന കൂദാശയുടെ

ചൈതന്യത്തിൽ ജീവിച്ചും പരിശുദ്ധ കുർബാനയിലൂടെ തിരുരക്തത്തിൽ പങ്കുപറ്റി കൊണ്ടും എന്നും ഒരു തിരുഹൃദയനുഭവത്തിൽ ജീവിക്കാം.

## 2) ഈശോയുടെ തിരുഹൃദയം സ്നേഹത്തിന്റെ ഉർജ്ജസ്രോതസ്സാണ്

അന്ത്യ അത്താഴവേളയിൽ യേശുവിന്റെ അരുമ ശിഷ്യൻ ഗുരു വക്ഷസ്സിൽ ചാരി കിടന്നു(യോഹ. 13:23).

യേശുവിന്റെ തിരുഹൃദയത്തോടു ചേർന്നിരിക്കുന്ന സ്നേഹത്തിന്റെ ഉർജ്ജം ആർജ്ജിച്ചെടുത്തു കൊണ്ടാണ് യോഹന്നാന് യേശുവിന്റെ കുരിശിന്റെ കീഴിൽ നിൽക്കാൻ കഴിഞ്ഞു. ആയതിനാൽ തിരു ഹൃദയനാഥന്റെ സ്നേഹത്തിൽ ജീവിക്കുന്നവർക്ക് സഹനങ്ങളിലും തകരാതിരിക്കാൻ ശക്തി ലഭിക്കും.



## 3) ഈശോയുടെ തിരുഹൃദയം വിശ്വാസത്തിന്റെ ദർപ്പണമാണ്

യേശുവിന്റെ വിലാവിൽ വിരലിടാതെ വിശ്വസിക്കില്ലെന്നു ശാഠ്യം പിടിച്ച തോമസ്സപ്പസ്തോലന് യേശു പ്രത്യക്ഷനായി ഹൃദയമുറിവ് കാട്ടികൊടുത്തു.

ആ ഹൃദയമുറിവ് എന്റെ കർത്താവേ, എന്റെ ദൈവമേ, എന്നു വിളിക്കാൻ തക്കവിധമുള്ള വിശ്വാസത്തിലേക്ക് ഉയർത്തി. തിരുഹൃദയത്തോടുള്ള സ്നേഹം എന്നും വിശ്വാസവഴികളിലൂടെ മുന്നോട്ടു നയിക്കുന്നു.

## 4) യേശുവിന്റെ തിരുഹൃദയം ക്ഷമയുടെ പാഠംപുസ്തകമാണ്

ദ്രോഹിയെന്ന് മുദ്രകുത്തപ്പെട്ട് കള്ളന്മാരുടെ നടുവിൽ തലചായ്ക്കാൻ ഇടമില്ലാതെ മരക്കുരിശിൽ മടക്കയാത്രയ്ക്കൊരുങ്ങുമ്പോൾ, ഹൃദയം പിളർക്കപ്പെട്ടവേളയിലും ക്ഷമയുടെ പാഠം അവിടുന്നു പകർന്നു നൽകി. നിങ്ങളുടെ ശിലാഹൃദയം എടുത്തു മാറ്റി മാംസളമായ ഹൃദയം പകർന്നു നൽകുന്നവനാണ് തിരുഹൃദയനായ ഈശോ.

ഹൃദയം നഷ്ടമാവുന്ന മനുഷ്യരുടെ ചിത്രം സാഹിത്യകാരന്മാരുടെ ഭാവനയിൽ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ബാധ' എന്ന കവിതയിൽ നിന്നും ബൈക്കപകടത്തിൽ മരിച്ച ഉറ്റ സുഹൃത്തിന്റെ ശവ മടക്കുകഴിഞ്ഞു തിരിച്ചു വരുമ്പോൾ ഒരു കൂട്ടുകാരൻ പറയുന്നു:

ബൈക്കപകടം പുതുമയല്ല
തല തകർന്നു മരണം പുതുമയല്ല
വിലാപകാവ്യം പുതുമയല്ല
എങ്കിൽ പിന്നെ ഒരു സെക്കന്റ് ഷോയ്ക്ക് പോയാലെന്താ?

കൂട്ടുകാരന്റെ പട്ടടയിലെ തീയടങ്ങും മുമ്പേ സിനിമയ്ക്കു പോകുന്നവന്റെ ഹൃദയമെവിടെയാണ്?

എ.അയ്യപ്പന്റെ 'അത്താഴം' എന്ന കവിത.

കാറപകടത്തിൽ പെട്ടു മരിച്ച വഴിയാത്രക്കാരന്റെ –
ച്ചോരയിൽ ചവുട്ടി ആൾക്കൂട്ടം നിൽക്കവെ
മരിച്ചവന്റെ പോക്കറ്റിൽ നിന്നും പറന്ന
അഞ്ചുരൂപയിലായിരുന്നു എന്റെ കണ്ണ്.

ടി.വി കൊച്ചുബാവയുടെ 'മത്സരം നടക്കുകയാണ്' എന്ന ചെറുകഥയിൽ നിന്നും മനുഷ്യജീവന്റെ മൂല്യങ്ങൾ തകർന്നടിയുന്ന മരണ സംസ്കാരത്തിന്റെ ദുരന്ത മുഖം കൊച്ചുബാവയുടെ ഭാവനയിൽ.

ഒരാൾക്കൂട്ടം കണ്ടു വഴിപോക്കൻ ചോദിച്ചു: എന്താണിവിടെ ബഹളം? കൂട്ടത്തിലൊരാൾ മറുപടി പറഞ്ഞു: ഏയ്, ഒന്നുമില്ല. ഗൗരവമായതൊന്നും തന്നെയില്ല. അവിടെ മൂന്നാലഞ്ചുപേർ ചേർന്നു കത്തിക്കുത്ത് നടത്തുകയാണ്. ഒരുവന്റെ നെഞ്ച് തുളച്ചു കഠാര ഒന്നരയിഞ്ചു താഴ്ന്നിരിക്കുന്നു. അതിൽ കൂടുതൽ താഴാത്തതിൽ അവർക്കു വല്ലാത്ത സങ്കടമുണ്ട്. ഹൃദയത്തിൽ കനിവിന്റെ ഉറവ നഷ്ടപ്പെട്ടാൽ പിന്നെ മനുഷ്യരും മൃഗവും തമ്മിലെന്തു വ്യത്യാസം?

കാഴചകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് നഷ്ടമാകുന്ന ഹൃദയത്തെ കുറിച്ചല്ലോ. വഴിയപകടങ്ങളിൽ സഹായം കിട്ടാതെ ഒത്തിരിപേർ മരിക്കുന്നുണ്ട് പക്ഷേ അവരുടെ 'ലൈവ് 'വീഡിയോകൾ മൊബൈലിൽ നിന്നും മൊബൈലിലേക്ക് എങ്ങനെ പറക്കുന്നു?

ഈ ലോകത്തിലെ പല വേദനകളും എന്നെ തൊടാതെ പോകുമ്പോൾ ഈ ലോകം മുഴുവൻ തൊട്ട ഒരു തിരുഹൃദയം സങ്കടത്തോടെ ഓർമ്മപ്പെടുത്തുന്നു. ഒരല്പം സ്നേഹം ഉള്ളിൽ കരുതിക്കൂടെ? ■

കാഴചകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് നഷ്ടമാകുന്ന ഹൃദയത്തെ കുറിച്ചല്ലോ. വഴിയപകടങ്ങളിൽ സഹായം കിട്ടാതെ ഒത്തിരിപേർ മരിക്കുന്നുണ്ട് പക്ഷേ അവരുടെ 'ലൈവ്'വീഡിയോകൾ മൊബൈലിൽ നിന്നും മൊബൈലിലേക്ക് എങ്ങനെ പറക്കുന്നു? ഈ ലോകത്തിലെ പല വേദനകളും എന്നെ തൊടാതെ പോകുമ്പോൾ ഈ ലോകം മുഴുവൻ തൊട്ട ഒരു തിരുഹൃദയം സങ്കടത്തോടെ ഓർമ്മപ്പെടുത്തുന്നു.

നീർച്ചാലുകൾ

ഡോ. എഡിസൻ യോഹന്നാൻ

# ഉപേക്ഷിക്കാം അനുരൂപപ്പെടാം

2 രാജാ: 4:8-11, 14-16 | റോമ. 6: 3-4, 8-11 | മത്താ. 10: 37-42

വി. മത്തായി രേഖപ്പെടുത്തിയ സുവിശേഷത്തിലെ 10-ാം അധ്യായം 26-ാം വാക്യം മുതൽ സുഭാഷിതങ്ങളുടെ ശൈലിയുള്ള വാക്യങ്ങളാണ് കാണുക. ആദിമ സഭാസമൂഹത്തിന് പരിചിതമായ പരസ്പരം ബന്ധമുള്ള ഒരു ഗണം വാക്യങ്ങൾ. സുവിശേഷകൻ ഇതിൽ നിന്നും സുവിശേഷ ദൗത്യത്തിന് ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക വാക്യങ്ങളെ തെരഞ്ഞെടുത്തു; അപ്രകാരമുള്ള ഒരു ഭാഗമാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുക; ക്രിസ്തുശിഷ്യന്റെ യോഗ്യതകളും പ്രതിഫല വാഗ്ദാനവും.

**1. ഭിന്നത:** ആദിമ സഭാസമൂഹത്തെ അഭിസംബോധന ചെയ്യുന്ന സുവിശേഷകൻ കുടുംബത്തിലെ ഭിന്നതകളെ സൂചിപ്പിക്കുന്നു, "സ്വന്തം കുടുംബത്തിൽപ്പെട്ടവർ തന്നെയായിരിക്കും ഒരുവന്റെ ശത്രുക്കൾ" (10:36). ഇന്നും ഇത്തരം ഭിന്നതകൾ, അഭിപ്രായവ്യത്യാസങ്ങൾ കുടുംബങ്ങളിൽ സ്വാഭാവികമാണ്. കുടുംബങ്ങളിലെ പാരമ്പര്യങ്ങളെയും, മഹിമയേയും മറക്കുന്ന മക്കളും പുതിയ തലമുറയും ഇന്ന് നമുക്കുണ്ടല്ലോ. വർധിക്കുന്ന മിശ്രവിവാഹങ്ങൾ, മാതാപിതാക്കളെ ഉപേക്ഷിക്കുന്ന മക്കൾ, ലഹരികൾക്കടിമയാകുന്നവർ, ഉത്തരവാദിത്തങ്ങളെ മറക്കുന്നവർ എല്ലാം ഈ ഭിന്നതയുടെ തെളിവുകളാണല്ലോ. കുടുംബത്തിൽ ഭിന്നതയുണ്ടാകുമ്പോൾ അമ്മയുടെയോ അച്ചന്റെയോ പക്ഷം ചേരുക അഥവാ മാതാപിതാക്കൾ പുത്രനെയോ പുത്രിയെയോ ആശ്രയം തേടുക സ്വാഭാവികമാണ്. എന്നാൽ ഭിന്നതയുടെ വേളകളിൽ മാത്രമല്ല, എപ്പോഴും രക്തബന്ധങ്ങളേക്കാളുപരി ക്രിസ്തുവിൽ ആശ്രയിക്കുക, അവനെ സ്നേഹിക്കുക; അപ്പോൾ നീതിപരമായി ഭിന്നതകളെ അതിജീവിക്കുവാൻ കഴിയും.

**2. കുരിശ്:** കുരിശ് ക്രിസ്തുവിന്റെ മരണത്തിന്റെ സൂചനയാണല്ലോ, പിന്നെ രക്ഷയുടെയും. യേശു തന്റെ ശിഷ്യരെ പീഡനങ്ങളെ നേരിടുവാൻ ഈ വാക്കുകളിലൂടെ ഒരുക്കുന്നു. ഒരു കള്ളനോ, കുറ്റവാളിയോ കുരിശ് ചുമന്ന് വിധിയുടെ സ്ഥലം വരെ നടക്കുകയെന്ന റോമൻ നിയമം ശിഷ്യർക്ക് അറിയാം. യേശുവിന്റെ ജീവിത്തിലും അവർ അത് പിന്നീട് കണ്ടു. പീഡനങ്ങൾ വഴി വിശ്വാസത്തിൽ സ്ഥിരത നേടുകയാണ് വേണ്ടത് എന്നിവർ പഠിച്ചു. നമ്മുടെ ജീവിതകുരിശുകൾ സ്വയം വഹിക്കുവാനാണ് ക്രിസ്തു ആവശ്യപ്പെടുക. അത്, ഒരു രോഗം, വേദന, ഏകാന്തത ഒക്കെയാകാം, സ്വന്തമായുള്ളതോ മറ്റുള്ളവരിൽ നിന്നോ. വേദനകളിലും സഹനങ്ങളിലും ദൈവവിശ്വാസത്തിൽ സ്ഥൈര്യപ്പെടാൻ വേണ്ടിയായിരിക്കണം ക്രിസ്തുശിഷ്യൻ ശ്രമിക്കേണ്ടത്.

കുരിശിന്റെ രക്ഷാകരരഹസ്യം പൗലോസ് അപ്പോസ്തലൻ ഇന്നത്തെ രണ്ടാം വായനയിൽ വിശദീകരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തോട് ഐക്യപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ; ജ്ഞാനസ്നാനത്താൽ ക്രിസ്തുവിനോട് സംസ്കരിക്കപ്പെട്ടവർ പുതുജീവിതം നയിക്കാൻ അവനോടൊപ്പം ഉത്ഥാനം ലക്ഷ്യമാക്കി ജീവിതം നയിക്കുന്നവർ. നാം ക്രിസ്തുവിൽ ജീവിക്കുന്നവരും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരുമാണ് (റോമ 6:11).

**3. ആതിഥ്യമര്യാദ:** ക്രിസ്തുശിഷ്യനെ സ്വീകരിക്കുന്നവൻ ക്രിസ്തുവിനെയാണ് സ്വീകരിക്കുന്നത്. ക്രിസ്തുശിഷ്യൻ ക്രിസ്തുവിൽ അനുരൂപപ്പെട്ടവനാണ്, ക്രിസ്തുവിലേക്ക് അനുദിനം വളരുന്നവനാണ്. അവൻ ക്രിസ്തുബന്ധത്തിൽ വളർന്ന് കുരിശുകളിൽ ദൈവവിശ്വാസ സ്ഥിരതയിൽ ജീവിക്കുന്നവാണ്. ഭൂമിയിൽ ക്രിസ്തുവിന്റെ വാക്കുകളുടെ സാക്ഷ്യജീവിതമാണ് ക്രിസ്തുശിഷ്യർ, അത് വൈദികൻ, സന്യസ്തർ, സുവിശേഷ പ്രഘോഷകർ, അല്മായർ എല്ലാം ആണ്.

ആദിത്യമര്യാദയുടെ ഉദാഹരണം ഇന്നത്തെ ഒന്നാം വായനയിൽ കാണാം. ദൈവത്തിന്റെ പ്രവാചകനായ ഏലീഷാക്ക് ഷൂനേം കാരിയുടെ കുടുംബം ഭക്ഷണവും വീട്ടിൽ ഒരു മുറിയും ഒരുക്കുന്നു. അവൾക്ക് പ്രതിഫലമായി പ്രവാചകൻ ഒരുമകനെ വാഗ്ദാനം ചെയ്തു. തുടർന്ന് ഈ മകൻ മരിക്കുമ്പോൾ അവനെ പുനർജീവിപ്പിക്കുന്നു.

**സന്ദേശചുരുക്കം** - ദൈവത്തെ സ്നേഹിക്കുക എല്ലാത്തിനേക്കാളും എല്ലാവരെയുംകാളും അതാണ് ക്രിസ്തുശിഷ്യന്റെ ആദ്യപടി. ആഴമായ വിശ്വാസവും പ്രത്യാശയും അതിന് അനിവാര്യം (ഷൂനെം കാരിയെപ്പോലെ, പൗലോസിന്റെ ക്രിസ്തുരഹസ്യവ്യാപനംപോലെ). ക്രിസ്തുശിഷ്യരായ നാമെല്ലാം സ്വന്തം ജീവൻ നേടാനുള്ള പരിശ്രമങ്ങളേക്കാളുപരി ക്രിസ്തുവിനുവേണ്ടി ജീവൻ നഷ്ടപ്പെടുത്താനാവുമ്പോൾ നമ്മുടെ ജീവൻ കണ്ടെത്തുന്നവരാകും. അഹങ്കാരവും സ്വാർഥതയും ഉപേക്ഷിച്ച് ക്രിസ്തുവിൽ അനുരൂപപ്പെടാം. ക്രിസ്തുശിഷ്യരെ പരസ്പരം സ്വാഗതം ചെയ്യാം.




**2020 ജൂൺ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# കോവിഡ്-19: കർത്താവിന്റെ സംരക്ഷണ-ജീവിത പാഠങ്ങൾ

## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. ആമുഖം

നമ്മുടെ ജീവിതകാലത്ത് നാളിതുവരെ കാണാത്ത, കേൾക്കാത്ത പ്രതിഭാസത്തിന് നാം ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണല്ലോ. ലോക ജനതയെ മുഴുവനും ഭീതിയിലാക്കി, നിരവധി പേരുടെ ജീവൻ ഇതിനകം അപഹരിച്ചുകൊണ്ട് സംഹാരതാണ്ഡവമാടിക്കൊണ്ടിരിക്കുന്ന കോവിഡ് 19 എന്ന മഹാമാരിക്കുമുമ്പിൽ മനുഷ്യകുലം മുഴുവനും വിറങ്ങലിച്ചു നിൽക്കുകയാണ്. ഈ മഹാമാരി മനുഷ്യ ജീവിതത്തിന്റെ നാനാ മേഖലകളെയും അതിഗൗരവതരമായ രീതിയിൽ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. സാമ്പത്തിക, വിദ്യാഭ്യാസ, ആത്മീയ, ആരോഗ്യ, രാഷ്ട്രീയ മേഖലകളെ എന്നല്ല അനുദിനജീവിതത്തിന്റെ താളക്രമത്തെ പോലും ഏറെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു എന്നത് നമ്മുടെ കൂട്ടായ ചിന്തക്കും ചർച്ചയ്ക്കും വിഷയിഭവിക്കേണ്ടിരിക്കുന്നു.

കോവിഡ് 19 എന്ന മഹാമാരി ലക്ഷകണക്കിന് മനുഷ്യജീവനുകളെ കവർന്നെടുക്കുകയും പട്ടിണിയും ദാരിദ്ര്യവും അരക്ഷിതാവസ്ഥയും മരണഭയവും മാനസികാസ്വസ്ഥതയും സമ്മാനിച്ചു എങ്കിലും പ്രതികൂല സാഹചര്യങ്ങളിൽ ജീവിതത്തെ എങ്ങനെ അഭിമുഖീകരിക്കാം എന്നും പുതിയ ചില ജീവിതശൈലിയും അനുഭവങ്ങളും മനോഭാവങ്ങളും കൂടി നമുക്കു സമ്മാനിച്ചു എന്നതും അംഗീകരിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. ഈ മഹാമാരിയുടെ ഉറവിടം എവിടെയാണെന്നും ആരാണ് ഇതിന്റെ ഉത്തരവാദി, എന്തുകൊണ്ട് ഇത് സംഭവിക്കുന്നു, ഇനിയെന്ത് തുടങ്ങിയ അടിസ്ഥാന ചോദ്യങ്ങൾ ഇപ്പോഴും ഉത്തരം കിട്ടാതെ നിൽക്കുന്നു എന്നതും മറ്റൊരു സത്യം.

ഒരു വിശ്വാസ സമൂഹമെന്ന നിലയിൽ കോവിഡ് 19 നെ വിലയിരുത്തുമ്പോൾ, മാർച്ച് മാസം മൂന്നാം വാരം മുതൽ ദൈവാലയത്തിൽ പോകാൻ കഴിയാത്തതും ദിവ്യബലിയിലും മറ്റ് കൗദാശിക പരികർമ്മങ്ങളിലും പങ്കെടുക്കാൻ സാധിക്കാത്തതുമായ അവസ്ഥ ദൗർഭാഗ്യകരമാണ്; ഏറെ ദുഃഖത്തോടുകൂടിയാണ് നാം അംഗീകരിക്കുന്നത്. വളരെ പ്രത്യേകിച്ച്, നമ്മുടെ ജീവിതകാലത്ത് ആദ്യമായിട്ടായിരിക്കാം ഇത്രയേറെ കത്തോലിക്കാ വിശ്വാസികൾക്ക് ഒരു തപസ്സുകാലവും വിശുദ്ധവാരവും ദൈവാലയത്തിൽ പോകാതെ വീട്ടിലിരുന്നു സാമൂഹ്യമാധ്യമങ്ങളിലൂടെയും ടിവി ചാനലുകളിലൂടെയും പങ്കെടുക്കേണ്ടിവരുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ ദൈവവിശ്വാസത്തെയും ആരാധനാനുഷ്ഠാനങ്ങളെയും കളിയാക്കിക്കൊണ്ടും ദൈവാസ്ഥിത്വത്തെ പ്പോലും ചോദ്യം ചെയ്തുകൊണ്ടും നിരവധിയായ ട്രോളുകൾ നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്.

ഈ സാഹചര്യത്തിലാണ് കുറെ മാസങ്ങൾക്കു ശേഷം വീണ്ടും കുടുംബകൂട്ടായ്മ യോഗത്തിൽ പങ്കെടുക്കുവാൻ ഇന്ന് ഇവിടെ നാം സമ്മേളിച്ചിരിക്കുന്നത്. ഈ അവസരത്തിൽ കോവിഡ് 19 ലോകജനതയ്ക്ക്, വിശിഷ്യ വിശ്വാസികളായ നമുക്ക് നൽകുന്ന പാഠമെന്താണെന്ന് വചന വെളിച്ചത്തിൽ വിചിന്തന വിഷയമാക്കുന്നത് ഏറെ ഉചിതമായിരിക്കും.

## 4. യേശുവിനെ ക്ഷണിക്കൽ

പ്രപഞ്ചം മുഴുവനും സൃഷ്ടിച്ചു പരിപാലിക്കുകയും സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുകയും സ്നേഹത്തോടും കരുണയോടും കൂടി നമ്മെ പരിപാലിച്ച് വഴി നടത്തുകയും ചെയ്യുന്ന ജീവന്റെ ഉടയവനും സൗഖ്യദാതാവുമായ യേശുവിനെ നമ്മുടെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**സങ്കീ. 91:1-16**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

- കോവിഡ് 19 എന്ന മഹാമാരിയുടെ ഭീതിയിൽ കഴിയുന്ന നിരവധി മനുഷ്യർ അനുദിനം വായിക്കുകയും ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന വചനഭാഗമാണ് സങ്കീർത്തനം 91.
- അപകടകരമായ സാഹചര്യങ്ങളിൽ പ്രത്യേകിച്ച് പ്രകൃതി ദുരന്തങ്ങളുടെയും പകർച്ചവ്യാധികളുടെയും മഹാമാരിയുടെയും മധ്യേ, കർത്താവിന്റെ സംരക്ഷണവും സാന്നിദ്ധ്യവും അനുഭവിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന വിശ്വാസികൾ വ്യക്തിപര

മായും കൂട്ടായും ഉരുവിടുന്ന വചനമാണിത്.

- നാം കാണുന്ന, കേൾക്കുന്ന ഇന്നിന്റെ യാഥാർത്ഥ്യം മുഖ്യമായും രണ്ടുതരം മനുഷ്യർ ഉൾക്കൊള്ളുന്നതാണ്. ഒന്ന് ദൈവത്തെയും ദൈവവിശ്വാസത്തെയും വിശ്വാസികളെയും നിന്ദിക്കുകയും കളിയാക്കുകയും ചെയ്യുന്ന മനുഷ്യർ. ദൈവത്തിന്റെ അസ്ഥിത്വം പോലും ചോദ്യം ചെയ്യുന്നവർ. ഉറ്റവരുടെയും ഉടയവരുടെയും എന്നു മാത്രമല്ല, സ്വന്തം മരണത്തിനു മുന്നിൽ പോലും ദൈവത്തെ ഭയപ്പെടാതെ, ഹൃദയത്തെ കഠിനമാക്കുന്നവർ, ദൈവത്തെ തള്ളിപ്പറയുന്നവർ.
- രണ്ട്, കോവിഡ് 19 എന്ന മഹാമാരിയുടെ മുന്നിൽ ഭയന്ന് വിറങ്ങലിച്ച് നിസ്സഹായരായി നിൽക്കുന്നവർ; മനുഷ്യരെക്കൊണ്ട് മാത്രം ഈ വ്യാധിയെ ചെറുക്കാൻ ആവില്ല എന്ന സത്യം മനസ്സിലാക്കിക്കൊണ്ട് പ്രപഞ്ചത്തിന്റെ നിയന്താവും ജീവന്റെ അതിനാഥനുമായ കർത്താവിൽ ശരണം പ്രാപിക്കുന്നവർ, അവിടുത്തെകരുണയ്ക്കായി കേഴുന്നവർ.

*	സ്വന്തം തെറ്റുകളെ, പാപങ്ങളെ ഓർത്ത് അനുതപിച്ചുകൊണ്ട് മാനസാന്തരത്തിന്റെ വഴികളാരായുന്നവർ...

*	ഇപ്പോൾ നാം ശ്രവിച്ച ദൈവവചനം 91-ാം സങ്കീർത്തനം ധ്യാനിക്കുമ്പോഴും മേൽ പ്രസ്താവിച്ച രണ്ട് തരം മനോഭാവത്തിനും പ്രവർത്തനങ്ങൾക്കും ഉടമകളായ മനുഷ്യരെക്കുറിച്ചുള്ള പരാമർശം ഉള്ളതായി മനസിലാക്കാം.

*	കർത്താവാണ് തന്റെ സങ്കേതവും ആശ്രയവും കോട്ടയുമെന്ന് അസന്നിഗ്ദമായി ഏറ്റുപറയുന്നവർ കാരണം ഇവർ അത്യുന്നതനായ ദൈവത്തിന്റെ അഭയത്തിൽ, തണലിൽ ജീവിക്കുന്നവരാണ്.

*	ദൈവവും മനുഷ്യനുമായുള്ള അഭേദ്യമായ, ഊഷ്മളമായ ബന്ധത്തെയും ഒപ്പം അവർ തമ്മിലുള്ള പരോക്ഷമായ സംഭാഷണത്തെയുമാണ് സങ്കീർത്തകൻ ഇവിടെ വരച്ചുകാണിക്കുന്നത്.

*	91-ാം സങ്കീർത്തനത്തിൽ രണ്ട് കാര്യങ്ങൾ ഏറെ ശ്രദ്ധേയമാണ്: കർത്താവിനെ ആശ്രയിക്കുകയും അവിടുത്തെ അഭയമായി കരുതുകയും ചെയ്യുന്ന മനുഷ്യർ ചെയ്യുന്ന പ്രവർത്തനങ്ങളും അവർക്ക് ദൈവം നല്കുന്ന ഉറപ്പുമാണവ.

- ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യന്റെ ചെയ്തികളും മനോഭാവവും:

*	അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നു.

*	സർവ്വശക്തന്റെ തണലിൽ കഴിയുന്നു.

*	കർത്താവ് തന്റെ സങ്കേതവും, കോട്ടയും ആശ്രയവും എന്ന് ഏറ്റുപറയുന്നു.

*	കർത്താവിൽ ആശ്രയിക്കുന്നു.

*	അത്യുന്നതനായ ദൈവത്തിൽ വാസമുറപ്പിക്കുന്നു.

*	സിംഹത്തിന്റെയും അണലിയുടെയും മേൽ ചവിട്ടിനടക്കും. അതായത് അപകടങ്ങളെയു വെല്ലുവിളികളെയും തിന്മയുടെ ശക്തികളെയും സധൈര്യം അഭിമുഖീകരിക്കും.

*	സ്നേഹപൂർവ്വം ദൈവത്തോട് ചേർന്നു നിൽക്കും.

*	വിശ്വാസത്തോടും പ്രത്യാശയോടും ദൈവത്തെ വിളിച്ചപേക്ഷിക്കും.

*	ദൈവത്തിന്റെ നാമം അറിയുന്നു; പ്രഘോഷിക്കുന്നു.

- ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവർക്ക്, അവിടുന്ന് നൽകുന്ന ഉറപ്പ്:

*	ദുഷ്ടന്റെ കെണിയിൽ നിന്നും മാരകമായ മഹാമാരിയിൽ നിന്നും സംരക്ഷിക്കും.

*	അഭയം നൽകുന്നു; കവചയും പരിചയുമൊരുക്കുന്നു.

*	രാത്രിയിലും പകലും ഒരനർത്ഥവും ഭയപ്പെടുന്നില്ല.

*	ശക്തമായ മഹാമാരിയെയും വിനാശത്തെയും പേടിക്കേണ്ടതില്ല.

*	ചുറ്റുമുള്ളവർ മരിച്ചുവീണാലും അവർക്ക് ഒരനർത്ഥവും സംഭവിക്കില്ല.

*	അവരുടെ വഴികളിൽ ദൈവദൂതർ അവരെ കാത്തുപാലിക്കും.

*	ദൈവത്തിന്റെ സംരക്ഷണം ഉറപ്പേകുന്നു.

*	അവരുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

*	കഷ്ടതയുടെ നടുവിൽ ദൈവം അവരുടെ കൂടെ ചേർന്നു നിൽക്കും.

*	അപകടവഴികളിൽ നിന്നും അവരെ മോചിപ്പിക്കും.

*	ദീർഘായുസ് നൽകി സംരക്ഷണമേകും.

- 91-ാം സങ്കീർത്തനവും വർത്തമാനകാല ജീവിതാനുഭവമായ കോവിഡ് 19 എന്ന മഹാമാരിയും നമുക്ക് നൽകുന്ന പാഠങ്ങൾ:

*	മനുഷ്യജീവന്റെ ദൈർഘ്യത്തെ - നൈമിഷികതയെ വിനയപൂർവ്വം എന്നും ഓർക്കുക; അംഗീകരിക്കുക.

*	സ്വന്തം കഴിവിലും ഇന്നുള്ള സൗകര്യത്തിലും അഹങ്കരിക്കാതെ എന്നും ദൈവത്തിൽ അഭയം പ്രാപിക്കുക, അവിടുത്തെ സംരക്ഷണക്കായി വിളിച്ചപേക്ഷിക്കുക.

*	ആപത്ഘട്ടങ്ങളിൽ, മഹാവ്യാധിയിൽ സ്വന്തം സുരക്ഷമാത്രം അന്വേഷിക്കാതെ ചുറ്റുമുള്ളവരുടെ വിശിഷ്യ, ദുർബലവിഭാഗക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുക, ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുക.

*	അഹന്ത കൈവെടിഞ്ഞ്, ലഭ്യമായിരിക്കുന്ന ആരോഗ്യം, ആയുസ്, സമ്പത്ത്, ജീവിത സൗകര്യം എല്ലാം ദൈവദാനമാണെന്ന് അറിഞ്ഞ് ദൈവത്തിന് നന്ദിയർപ്പിക്കുക; അവിടുത്തെ മഹത്വത്തിനു വേണ്ടി പ്രവർത്തിക്കുക.

*	ചുറ്റുമുള്ളവരിൽ ദൈവത്തെ ദർശിച്ചുകൊണ്ട് അവിടുത്തെ ശുശ്രൂഷിക്കുക.

## 8. ചർച്ച

a.	കോവിഡ് 19 എന്ന മഹാവ്യാധി നമ്മുടെ കുടുംബജീവിതത്തെ, വിശ്വാസത്തെ, വിദ്യാഭ്യാസ - സാമൂഹിക - സാമ്പത്തിക മേഖലകളെ അനുകൂലമായും പ്രതികൂലമായും എന്ത് മാത്രം സ്വാധീനിച്ചു? ഈ മഹാവ്യാധിയിൽ നിന്നും നാം പഠിക്കുന്ന പാഠങ്ങൾ ഏവ?

b.	കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നമ്മുടെ ബി.സി.സി. യൂണിറ്റിൽ/വാർഡിൽ/ഇടവകയിൽ ഏറ്റവും കൂടുതൽ ശ്രദ്ധയും പരിഗണനയുമർഹിക്കുന്ന വ്യക്തികൾ കുടുംബങ്ങൾ ഏവ? അവർക്കുവേണ്ടി വ്യക്തിപരമായും കൂട്ടായും നമുക്ക് എന്തു ചെയ്യാനാകും?

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

ഇന്നത്തെ തിരുവചനത്തിലും വചനവിചിന്തനത്തിലും നാം ശ്രവിച്ച, മനസിലാക്കിയ കർത്താവിന്റെ സംരക്ഷണയിൽ പൂർണ്ണമായും വിശ്വസിച്ചുകൊണ്ട് കോവിഡ് 19 എന്ന മഹാമാരിയുടെ പിടിയിൽ അകപ്പെട്ട് ജീവൻ പൊലിഞ്ഞവരെയും രോഗബാധിതരായി കഴിയുന്നവരെയും അവരെ പരിചരിക്കുന്നവരെയും ഭരണകർത്താക്കളെയും ഇതുമൂലം പലവിധ കഷ്ടത അനുഭവിക്കുന്നവരെയും ദൈവകരങ്ങളിൽ സമർപ്പിച്ചു കൊണ്ട് അവിടുത്തെ കൃപക്കുവേണ്ടി പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




# ന്യൂ ബാലഭവൻ നഴ്സറി സ്കൂൾ

## പുല്ലുവിള

കാഴ്ചകളുടേയും ശബ്ദങ്ങളുടേയും മാസ്മരികലോകം ഇന്ദ്രീയാനുഭൂതികളിലൂടെ തൊട്ടറിയുന്ന ബാല്യകാലം ഒരുവ്യക്തിയുടെ ജീവിതത്തിന്റെ അടിസ്ഥാനം വാർത്തെടുക്കുന്ന കാലഘട്ടമാണ്. അമ്മയുടെ ഗർഭാശയത്തിൽനിന്ന് പുറം ലോകത്തേക്ക് വരുന്ന ഒരു കുഞ്ഞിന് ഈ ബാഹ്യലോകം അതിശയിപ്പിക്കുന്നപോലെ അറിവിന്റെ അജ്ഞാതലോകം തുറക്കാനെത്തുന്ന കുട്ടിയുടെ അത്ഭുതലോകമാണ് ആദ്യ വിദ്യാലയമായ നഴ്സറി സ്കൂൾ. ഈ ആദ്യവിദ്യാലയം പകരുന്ന കാഴ്ച്ചകളും ഉൾക്കാഴ്ചകളും അനുഭവങ്ങളും വേദനകളും മായാത്ത ഉൾക്കരുത്തായി, മുറിപ്പാടുകളായി ശിഷ്ടകാലം മുഴുവൻ ആ വ്യക്തിയിൽ അവശേഷിക്കുന്നു. അതുകൊണ്ടുതന്നെ ഏറ്റവും ശ്രദ്ധയോടെ കാവാലാകേണ്ട കാലയളവാണിത്. ഈ വിദ്യാലയങ്ങൾ നാടിന്റെ വഴിവിളക്കുകളാണ് .അവിടെ എരിയുന്ന ഓരോ തരി വെട്ടത്തിലുമാണ് നാളെയുടെ സൂര്യൻ കത്തിജ്വലിക്കേണ്ടത്. ഈ ജാഗ്രതയോടും ദിശാബോധത്തോടുംകൂടിയാണ് തീരദേശമായ പുല്ലുവിള ഗ്രാമത്തിൽ സിസ്റ്റേഴ്സ് ഓഫ് ഡിവൈൻ സേവിയർ (S D S) 1974 – ൽ ന്യൂ ബാലഭവൻ നഴ്സറി സ്കൂൾ ആരംഭിച്ചത് .

നാല് പതിറ്റാണ്ടിലധികമായി ഈ സ്ഥാപനത്തിൽനിന്നും ആയിരക്കണക്കിന് കുട്ടികൾ അറിവിന്റെ ആദ്യപാഠങ്ങൾ രുചിച്ച് സമൂഹത്തിന്റെ നാനാതുറകളിൽ പ്രശോഭിക്കുന്നു . ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം ഏറിവന്നപ്പോൾ സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉയർന്ന ഫീസ് നൽകി ദുരെ സ്ഥലത്ത് അയച്ച് പഠിപ്പിക്കുവാൻ കഴിയാത്ത സാഹചര്യം മനസ്സിലാക്കി മലയാള മാധ്യമത്തിൽനിന്ന് ഇംഗ്ലീഷ് മാധ്യമത്തിലേക്ക് മാറുകയുണ്ടായി .

CBSE സിലബസിൽ Pre - KG , LKG , UKG എന്നീ ക്ലാസുകൾ പഠിപ്പിക്കുന്നു. കുട്ടികളിലെ വൈവിധ്യമാർന്ന കഴിവുകൾകണ്ടെത്തുവാനായി കല, കായിക, രചന മത്സരങ്ങൾ നടത്തിവരുന്നു. ദേശീയ ബോധവും സാംസ്കാരിക ബോധവും വളർത്തുവാനായി വിവിധ ആഘോഷങ്ങളും നടത്തുന്നു. വിവിധ സ്കോളർഷിപ് പരീക്ഷകൾക്കായും കുട്ടികളെ സജ്ജരാക്കുന്നു. കുട്ടികളുടെ ബാല്യകാല ശാരീരിക, മാനസിക, വൈകാരിക ആരോഗ്യ വളർച്ചയെക്കുറിച്ച് മാതാപിതാക്കൾക്ക് ബോധവൽക്കരണം നൽകുവാനായി മനഃശാസ്ത്ര, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ വിദഗ്ദ്ധർ പ്രത്യേകം ക്ളാസ്സുകൾ കൈകാര്യം ചെയ്യുന്നു. ഐ.ടി. യുഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കി Computer Aided വിദ്യാഭ്യാസം അഭ്യസ്തരായ സിസ്റ്റേഴ്സിന്റെയും അധ്യാപകരുടെയും നേതൃത്വത്തിൽ നടത്തിവരുന്നു.





# ആന്ധ്യം

**ക**നലാകും മതിലതിനുള്ളിൽ പിടയുന്നാരാ
വിദൂരമാം പരിമിതൻ പരമാർഥയിൽ സ്തംഭിച്ചു
നിൽപ്പൂ നീ,
എവിടെയാ കഴയതിലെ ഉയിരാകും കാതൽ?
തമസ്സതിൽ കാളിമയിലെ ഗോപനത്തിലോ നീ?
കുഴലൂതും കുയിലതിലെ നാദമത് സ്വർഗം
വിശ്വം കവരുമാ മയിലതിൻ അഴകത് സ്വപ്നം
പാരിതിൻ സരസ്സതിലെ സ്രവണമത് ഹൃദ്യം
വനമകൻ ഉതിരുമാ തരിമണൽ ചൂരിതെത്ര പുണ്യം
ആരണ്യമാം ആഴിപ്പരപത് കാക്കുക നീ
നയനസുഭഗമാം വർഷപാദത്തിൻ കാഴ്ചയത്
നിർവചനീയം
ഉദ്കൃഷ്ടമാം ധരിത്രിയതിലെ ആയുസ്സിതെത്
ശ്രേഷ്ഠം
നീയാകും നിന്നിലെ നന്മയെ നേരിന്റെ
പാതയിൽ നയിക്കുക നീ.

– ഹവാന







● ജെ.സി



# കോവിഡിന് ശേഷം

ലോക ചരിത്രത്തിൽ അപൂർവമായി സംഭവിക്കുന്നതാണ് കോവിഡ്-19 പോലുള്ള മഹാമാരികൾ. 1918 ൽ സംഭവിച്ച സ്പാനിഷ് ഫ്ളൂവാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒരനുഭവമായി ചരിത്രകാരന്മാർ ഓർത്ത് എടുക്കുന്നത്. അൻപത് കോടിയോളം പേരെ രോഗം ഗ്രസിക്കുകയും 5 കോടിയിലേറെ പേർ മരണമടയുകയും ചെയ്തു. ഞാനിത് എഴുതുമ്പോൾ ലോകത്ത് അരക്കോടിയോളം പേർ രോഗികളാവുകയും മൂന്നരലക്ഷം പേർ മരണമടയുകയും ചെയ്തു. അമേരിക്കയിൽ മാത്രം ഒരുലക്ഷത്തിലധികം പേർ മരണമടയുകയും ചെയ്തു. നമ്മുടെ രാജ്യത്ത് 4337 പേർക്ക് ജീവൻ നഷ്ടമായി. രോഗാവസ്ഥയിൽ കഴിയുന്നവരിൽ 5 മുതൽ 10 ശതമാനം പേർ മരണമടുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നാണ് വിദഗ്ധാഭിപ്രായം. പ്രശസ്ത സാഹിത്യകാരനായ ആൽബർ ക്യാമു 'പ്ലേഗ്' എന്ന തന്റെ നോവലിന്റെ ഇതിവൃത്തം, പരസ്പരം കലഹിച്ചുകഴിയുന്ന അയൽവാസികൾ അകൽച്ചകൾ മറികടന്ന് പരസ്പരം സഹകരിക്കുന്ന നല്ല അയൽക്കാരായി മാറി എന്നതാണ്. കോവിഡ് 19 എന്ന രോഗം ഒരു വെല്ലുവിളിയായി സ്വീകരിച്ച് അത് നൽകുന്ന സാധ്യതകളെ കൂടി നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ രോഗത്തെ നേരിടുന്ന കാര്യത്തിൽ കേരളം ഒരു മാതൃകയായി മാറിയിരിക്കുകയാണ്. ലോകാരോഗ്യസംഘടന പോലും 'കേരള മോഡലി'നെ പ്രകീർത്തിച്ചു. കേരളത്തിൽ ആതുരശുശ്രൂഷാ രംഗത്ത് രൂപപ്പെട്ട സംവിധാനത്തിന്റെ പിന്നിൽ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനം ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ വളർച്ചയ്ക്ക് പ്രധാനകാരണമായി മാറിയത് ഈ മിഷണറിമാരുടെ പ്രവർത്തനമാണ്. കോവിഡ്-19 ന്റെ തീവ്രത കേരളത്തിൽ അനുഭവപ്പെട്ടുതുടങ്ങിയത് മാർച്ച് പകുതിയോടുകൂടിയാണ്. അതിഥി തൊഴിലാളികൾ എന്ന് നാം വിശേഷിപ്പിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ വലിയൊരു കൂട്ടം നാട്ടിലേക്ക് മടങ്ങാൻ തീവ്രമായ താല്പര്യവും, വിദേശത്ത് പ്രവാസികളായി കഴിയുന്ന മലയാളികൾക്ക് സ്വന്തം നാട്ടിൽ കൂടുതൽ സുരക്ഷിതത്വം ഉണ്ടെന്ന ചിന്തയോടെ മടങ്ങാനുള്ള താല്പര്യവും നമ്മുടെ മുന്നിലുള്ള വലിയൊരു വെല്ലുവിളിയാണ്. കേരളത്തിൽ സാമൂഹ്യ വ്യാപനം ഉണ്ടാകാനുള്ള സാധ്യത ഈയവസരത്തിൽ തള്ളിക്കളയാനാവില്ല.

ലോക്ഡൗണിന്റെ ഭാഗമായി വന്ന നിയന്ത്രണങ്ങളും നമ്മുടെ ദേവാലയങ്ങൾ പൂട്ടിയിടേണ്ടിവന്ന സാഹചര്യവും സഭാതലത്തിൽ വലിയൊരു പ്രതിസന്ധിയായി മാറിയിരിക്കുകയാണ്. കോവിഡ് നൽകുന്ന പാഠങ്ങൾ ഈയവസരത്തിൽ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു; 2017 ലെ ഓഖി ദുരന്തവും തുടർന്നുണ്ടായ രണ്ടു പ്രളയവും നിപ വൈറസ് മൂലമുണ്ടായ ആരോഗ്യമേഖലയിലെ വെല്ലുവിളികളും കഴിഞ്ഞാണ് കോവിഡിന്റെ വരവ്. ഇത് വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് നമ്മുടെ സംസ്ഥാനത്തെ എത്തിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ സഭയും അതിന്റെ മുൻഗണനകൾ പുനർനിർണയിക്കേണ്ടതുണ്ട്. സഭയുടെ പ്രവർത്തനങ്ങൾ സ്ഥാപനവൽക്കരിക്കപ്പെടുകയും, മധ്യവർഗത്തിന്റെ താല്പര്യങ്ങൾക്ക് മുൻഗണനയും കിട്ടുന്ന ഇന്നത്തെ അവസ്ഥയിൽ നിന്ന് പാവപ്പെട്ടവരോടും സാധാരണക്കാരോടും ആഭിമുഖ്യം കാട്ടുന്ന പ്രവർത്തനങ്ങളിലേക്ക് ഇറങ്ങിവരേണ്ടതുണ്ട്. പ്രകൃതിയോട് കാട്ടുന്ന ക്രൂരത, കൊറോണ വൈറസിന്റെ ആവിർഭാവത്തിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്ന സാഹചര്യത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനം ശ്രദ്ധേയമാണ്. ഒപ്പം സഭ പാവപ്പെട്ടവരുടേതായി രൂപാന്തരപ്പെടണമെന്ന പാപ്പയുടെ നിലപാട് കോവിഡിന് ശേഷമുള്ള നമ്മുടെ മുൻഗണനയായി മാറണം. ■



# St. Jacob's Training College

Menamkulam, Kazhakuttom,
Thiruvananthapuram Kerala - 695 563
Phone: 0471-2704251
enquiry@stjacobsbed.ac.in

## BEd

optional subjects

- English
- Malayalam
- Mathematics
- Natural Science
- Physical Science
- Social Science

 Pub. Date : 01.06.2020
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00

# MARIAN COLLEGE OF ARTS AND SCIENCE

Marian Higher Education Campus, Menamkulam,
Kazhakuttom, Thiruvananthapuram, Pin - 695582
Approved by Govt. of Kerala, Affiliated to University of Kerala
Phone: 0471 2705413 email: mcastvm @ gmail.com



## Courses Offered

**B.Com (Elective: Computer Application)**
**B.A English Language & Literature.**
**BBA**

M.Com (Subject to Approval of Kerala University)
B.Sc Zoology (Subject to Approval of Kerala University)

## Key Features

- Well Experienced and Dedicated Faculty.
- Intensive Bridge Course
- Promotion of Participation in extracurricular and co-curricular activities.
- ICT enabled teaching methods
- Online Education and Research Centre
- Digitalized e-library and INFLIBNET facility
- Student-Mentoring system

## Values

- Excellence
- Student Centeredness
- Diversity
- Lifelong learning
- Teamwork and collaboration.

**LIVE ONLINE CLASSES USING G-SUITE - GOOGLE MEET PLATFORM**

## Additional Learning and Personality Development Inputs

› Value-based education › Language lab › Additional Skill –Oriented Programmes
Physical Education › Personality Development Programmes & Job Acquisition Skills

**Admission starts Immediately after the announcement of plus two results*

**Please Contact : 9526605413**

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto